# ശില്പശാല: കടൽസുരക്ഷ, മത്സ്യബന്ധന മേഖലകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷിവികസനവും

## റിപ്പോർട്ട്



01–02 മാർച്ച് 2023

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ, കേരള


റിപ്പോർട്ട് തയ്യാറാക്കിയത്

എ.ജെ. വിജയൻ


സംഘാടകർ

ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ്

ഫിഷ് വർക്കേഴ്സ് (ICSF) ട്രസ്റ്റ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)



# ശില്പശാല: കടൽസുരക്ഷ, മത്സ്യബന്ധന മേഖലകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷിവികസനവും

## റിപ്പോർട്ട്

01–02 മാർച്ച് 2023
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ, കേരള


റിപ്പോർട്ട് തയ്യാറാക്കിയത്
എ.ജെ. വിജയൻ



സംഘാടകർ
ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ്
ഫിഷ് വർക്കേഴ്സ് (ICSF) ട്രസ്റ്റ്
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)

**ശില്പശാല: കടൽസുരക്ഷ, മത്സ്യബന്ധന മേഖലകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷിവികസനവും**

**ജൂലൈ 2023**

**റിപ്പോർട്ട് തയ്യാറാക്കിയത്**
എ.ജെ. വിജയൻ

**പ്രസിദ്ധീകരിച്ചത്**
ഇൻററർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് ട്രസ്റ്റ് (ICSF)
#22, ഫസ്റ്റ് ഫ്ലോർ, വെങ്കിടരത്തിനം നഗർ, അഡയാർ, ചെന്നൈ-600020. തമിഴ്നാട്
ഇ-മെയിൽ: icsf@icsf.net
വെബ് പേജ്: https://www.icsf.net/resources/ISG-workshop-icsf-kila-kerala-india/

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581, കേരള
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ് : https://www.kila.ac.in

എഡിറ്റർ: സിന്ധു വി. നായർ

ഡിസൈൻ: വസന്ത് ക്രിസ്റ്റഫർ എ.എസ്.

കവർ
ശില്പശാലയിൽ പങ്കെടുത്തവർ / ICSF

കവർ പേജിനുൾവശം
തന്റെ ഡ്രോൺ ഉപയോഗിച്ച് കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തിയ ദേവാംഗ് സുബിൽ. കൂടെ മുൻ എംഎൽഎ ഗീത ഗോപിയും മറ്റു മത്സ്യത്തൊഴിലാളികളും.

പിൻ കവർചിത്രം
ഒരു മത്സ്യത്തൊഴിലാളിയുടെ ജീവിതം / ജോർജ് കോരോത്ത്
https://www.flickr.com

പിൻ കവറിനുൾവശം
ശില്പശാല: രണ്ടാംദിവസത്തെ ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുക്കുന്നവർ / ICSF

Copyright @ ICSF and KILA 2023

ISBN 978-93-80802-96-1
ഈ പ്രസിദ്ധീകരണത്തിന്റെ പൂർണ്ണ അവകാശികൾ ICSF-ഉം KILA-യും ആണ്. ഇതിന്റെ ഉടമസ്ഥാവകാശം അംഗീകരിച്ച് ഏതെങ്കിലും ഭാഗം പകർപ്പെടുക്കാനോ ഉപയോഗിക്കാനോ തടസ്സമില്ല. മുൻകൂട്ടി സമ്മതം വാങ്ങാതെ ഇതിലെ വിവരങ്ങൾ വാണിജ്യപരമായി ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു. ഇതിലെ ഉള്ളടക്കം ഉദ്ധരിക്കുന്ന ഏതു പ്രസിദ്ധീകരണവും അതിന്റെ ഒരു കോപ്പി ICSF-നും KILA-യ്ക്കും അയച്ചുതരേണ്ടതാണ്. ഈ പ്രസിദ്ധീകരണത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങളും നിലപാടുകളും വ്യക്തിപരമാണ്. അവ ICSF-ന്റെയും KILA-യുടെയും ഔദ്യോഗിക നിലപാടുകളാവണമെന്നില്ല.

# ഉള്ളടക്കം

**ആമുഖം**

**1. പ്രാരംഭ സെഷൻ 1……………………………………………………………………1**

1.1. സ്വാഗതപ്രസംഗം……………………………………………………………………1

1.2. മുഖ്യപ്രഭാഷണം……………………………………………………………………2

1.3. ചെറുകിട മത്സ്യബന്ധനരംഗത്ത് ഡ്രോൺ സഹായത്തോടെയുള്ള രക്ഷാപ്രവർത്തനങ്ങൾ: തളിക്കുളം അനുഭവം……………………4

**2. സെഷൻ 1……………………………………………………………………6**

2.1. മത്സ്യബന്ധന വികാസം, പരിപാലനം, ഉപജീവനം എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ: തിരഞ്ഞെടുത്ത തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു കേസ് പഠനം……………………6

**3. സെഷൻ 2……………………………………………………………………14**

3.1. കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിലും IUU ഫിഷിങ് നിയന്ത്രിക്കുന്നതിലും പഞ്ചായത്തുകളുടെ പങ്ക്……………………14

3.2. കടൽസുരക്ഷ, മത്സ്യബന്ധന പരിപാലനം, സാമൂഹിക വികസനം എന്നിവയിൽ പഞ്ചായത്തുകളുടെ പങ്ക്……………………18

3.3. ചെറുകിട മത്സ്യബന്ധന മേഖലയിലെ കടൽസുരക്ഷ……………………25

**4. സെഷൻ 3……………………………………………………………………29**

4.1. സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിൽ പഞ്ചായത്തുകളുടെ പങ്ക്……………………29

4.2. സുസ്ഥിര ഫിഷറീസ് മാനേജ്മെന്റും നമ്മുടെ സാഹചര്യങ്ങളും……………………34

4.3. ബദൽ ഉപജീവനമാർഗങ്ങൾ: തീരമൈത്രി നൽകുന്ന പാഠം……………………36

**5. ഗ്രൂപ്പ് ചർച്ച……………………………………………………………………39**

5.1. അവതരണം ഗ്രൂപ്പ് 1……………………………………………………………………39

5.2. അവതരണം ഗ്രൂപ്പ് 2……………………………………………………………………43

5.3. അവതരണം ഗ്രൂപ്പ് 3……………………………………………………………………46

**6. അനുബന്ധം……………………………………………………………………48**

അനുബന്ധം 1 : ശില്പശാലയുടെ ശുപാർശകൾ……………………………………48

അനുബന്ധം 2 : ശിൽപ്പശാല കാര്യപരിപാടി……………………………………51

അനുബന്ധം 3 : ആശയക്കുറിപ്പ്……………………………………54

അനുബന്ധം 4 : പങ്കെടുത്തവരുടെ പട്ടിക……………………………………57

അനുബന്ധം 5 : പ്രതികരണം……………………………………74

# ചുരുക്കെഴുത്തുകൾ

| | |
|---|---|
| എ. ഡി. എ. കെ. | ഏജെൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അഗ്രികൾച്ചറൽ കേരള |
| എ. ഡി. ബി. | ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് |
| ബി. ടെക്. | ബാച്ചിലർ ഓഫ് ടെക്നോളജി |
| സിഫ്റ്റ് | സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷെറീസ് ടെക്നോളജി |
| സി.എം. എഫ്. ആർ. ഐ. | സെൻട്രൽ മറൈൻ ഫിഷെറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| സി. ആർ. സെഡ്. | കോസ്റ്റൽ  റെഗുലേഷൻ സോൺ |
| ഇ. ഇ. സെഡ്. | എക്സ്ക്ലൂസിവ് എകണോമിക് സോൺ |
| ഇ. ആർ. ടി. | എമർജൻസി റെസ്പോൻസ് ടീം |
| എഫ്. എ. ഒ. | ദ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഒർഗനിസേഷൻ |
| എഫ്.എഫ്. ഡി. എ. | ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് എജെൻസി |
| എഫ്. ഐ. ആർ. എം. എ. | സ്റ്റേറ്റ് ഫിഷെറീസ് റീസോഴ്സ് മാനേജ്മന്റ് സൊസൈറ്റി |
| ജി. പി. എസ്. | ഗ്ലോബൽ പോസിഷനിഗ് സിസ്റ്റം |
| എച്ച്. പി. | ഹോഴ്സ് പവർ (പവറിന്റെ യൂണിറ്റ) |
| ഐ. സി. എ. ആർ. | ഇന്ത്യൻ കൌൺസിൽ ഓഫ് അഗ്രികൾച്ചറൽ |
| ഐ. സി. എസ്.എഫ്. | ഇന്റർനാഷണൽ കളക്റ്റിവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് |
| ഐ.ആർ.ടി. ടി. സി. | ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ |
| കില | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ |
| കെ എസ്. എം. ടി. എഫ്. | കേരള സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറെഷൻ |
| കെ. എസ്. എസ്. എസ്. | കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി |
| കുഫോസ് | കേരള യുനിവേഴ്സിറ്റി ഓഫ് ഫിഷേറീസ് ആൻഡ് ഓഷ്യൻ സ്റ്റടീസ് |
| എൽ. എസ്. ജി. ഐ. | ലോക്കൽ സെൽഫ് ഗവേൺമെൻറ് ഇൻസ്റ്റിറ്റ്യൂഷൻസ് |
| എം. എൽ. എ. | മെമ്പർ ഓഫ് ലെജിസ്ലേറ്റീവ് അസ്സെംബ്ലി |
| എം. എസ്. എസ്. ആർ. എഫ്. | എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷൻ |
| എൻ. ഐ. എഫ്. എ. എം. | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷെറീസ് അഡ്മിനിസ്ട്രേഷൻ |
| ക്യൂ. എസ്. എസ്. എസ്. | ക്യലോൺ സോഷ്യൽ സർവീസ് സൊസൈറ്റി |
| എസ്. എ. എഫ്. | സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റ ഫിഷർ വുമൺ |
| എസ്. ഇ. യു. എഫ്. | സോഷ്യോ എകണോമിക് യുണിറ്റ് ഫൌണ്ടേഷൻ |
| എസ്. ഇ. ഡബ്ല്യൂ. എ. | സെൽഫ് എമ്പ്ലോയിഡ് വുമൺസ് അസ്സോസിയെഷൻ |
| എസ്. ഐ. എഫ്. എഫ്. എസ്. | സൌത്ത് ഇന്ത്യൻ ഫെഡറെഷൻ ഓഫ് ഫിഷെർമെൻ സൊസൈറ്റീസ് |

# ആമുഖം

കടൽസുരക്ഷയും മത്സ്യബന്ധന പരിപാലനവും എന്ന വിഷയത്തിൽ KILA-യും ICSF-യും ചേർന്നു സംഘടിപ്പിച്ച ശില്പശാല ഈ രംഗത്തെ വെല്ലുവിളികളും അവസരങ്ങളും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും വികാസവും ചർച്ച ചെയ്തു. പല തല്പരകക്ഷികളുടെയും പങ്കാളിത്തം ഈ ശില്പശാലയുടെ വിജയത്തിനു നേർസാക്ഷ്യമാണ്. നിരവധി പഞ്ചായത്ത് ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, മത്സ്യത്തൊഴിലാളി സമൂഹം എന്നിവരുടെയെല്ലാം പങ്കാളിത്തം ശില്പശാലയെ സജീവമാക്കി. ഈ വൈവിധ്യ ദേശീയപങ്കാളിത്തം സമഗ്രവും സുഗമവുമായ ചർച്ചയ്ക്കും അതുവഴി അറിവും അനുഭവവും പങ്കുവെക്കലിനും വേദിയൊരുക്കി.

പ്രധാനപ്പെട്ട ശുപാർശകളുടെ ഒരു നിര തന്നെ ശില്പശാലയിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്നു. അവയെല്ലാം കടൽസുരക്ഷയും മത്സ്യബന്ധന സമൂഹത്തിന്റെ ക്ഷേമവും ഉറപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട നിർണായക പങ്ക് അടിവരയിട്ട് പറയുന്നുണ്ട്. കടൽസുരക്ഷ, മത്സ്യബന്ധന പരിപാലന മേഖലകളിൽ ആവശ്യമായുള്ള നയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതല വഹിക്കേണ്ടതുണ്ട് എന്ന് ശില്പശാലയിൽ പങ്കെടുത്തവർ ഒരുപോലെ അഭിപ്രായപ്പെട്ടു. മത്സ്യബന്ധന സമൂഹത്തിനു വേണ്ടി മാത്രം സമർപ്പിതമായ ഒരു സബ് പ്ലാൻ രൂപീകരിക്കണമെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ശുപാർശ. ഇതിലൂടെ അവരുടേത് മാത്രമായ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കാനും ഉപജീവനമാർഗങ്ങൾ വിപുലീകരിക്കാനും ക്ഷേമവും സുരക്ഷയും ഉറപ്പാക്കാനും സാധിക്കും. മത്സ്യത്തൊഴിലാളികളുടേതായ ആവശ്യങ്ങൾ ഉന്നമിട്ടുള്ള നയങ്ങൾ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം ശില്പശാലയിൽ പങ്കെടുത്തവർ ഊന്നിപ്പറഞ്ഞു.

ഫിഷിങ് ഹാർബറുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളികളുടെ പരിശീലനവും ശേഷിവികസനവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ എന്നിവ മെച്ചപ്പെടുത്തുകയും നവീന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുകയും തീരപ്രദേശങ്ങളിൽ കാര്യക്ഷമമായ ദുരന്തനിവാരണ മാനേജ്മെൻറ് നയങ്ങൾ നടപ്പാക്കുകയും ചെയ്യണമെന്നതാണ് ഉയർന്നുവന്ന മറ്റൊരു സുപ്രധാന ശുപാർശ.

ശില്പശാലയിലെ ചർച്ചകൾ രണ്ടുകാര്യങ്ങളിൽ കാര്യമായ ശുപാർശകൾ നടത്തി; ഒന്ന്, മത്സ്യത്തൊഴിലാളികളുടെ ജീവനും ഉപജീവനമാർഗങ്ങളും സംരക്ഷിക്കാനുതകുന്ന കാര്യക്ഷമമായ നയങ്ങൾ വികസിപ്പിക്കൽ. രണ്ട്, സുസ്ഥിര മത്സ്യബന്ധന പരിപാലനം ഉറപ്പാക്കൽ.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,
തൃശ്ശൂർ, കേരള, ഇന്ത്യ
12 ജൂലൈ, 2023

ഡോ. ജോയി ഇളമൺ
ഡയറക്ടർ ജനറൽ (DG)

# ഒന്നാം ദിവസം

## 1. പ്രാരംഭ സെഷൻ 1

### 1.1 സ്വാഗത പ്രസംഗം

*സെബാസ്റ്റ്യൻ മാത്യു, ICSF*

ICSF ട്രസ്റ്റ് ശില്പശാലയിൽ പങ്കെടുക്കുന്നവരെ സ്വാഗതം ചെയ്തു സംസാരിച്ച സെബാസ്റ്റ്യൻ മാത്യു സമ്മേളനത്തിന്റെ ലക്ഷ്യം വിശദീകരിച്ചു.

എഫ്.എ.ഒ. (FAO) അംഗീകരിച്ചിട്ടുള്ള, ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ (SSF Guidelines മനസ്സിലാക്കാനും അവയുടെ പ്രായോഗികനടപടികളെപ്പറ്റി ചർച്ച ചെയ്യുകയുമാണ് ശില്പശാലയുടെ ഉദ്ദേശ്യം. ഇതിന്റെ ഭാഗമായി അനവധി സമ്മേളനങ്ങൾ ICSF സംഘടിപ്പിച്ചിരുന്നു. കടൽ മത്സ്യമേഖല, ഉൾനാടൻ മേഖല, സ്ത്രീമത്സ്യ ത്തൊഴിലാളികളുടെ ക്ഷേമം എന്നീ വിഷയങ്ങളിൽ പ്രത്യേകം ചർച്ചാവേദികളും ദേശീയതലത്തിൽ നടത്തിയിരുന്നു. SSF മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്യാനായി കൂടുന്ന ഈ ശില്പശാലയാണ് പ്രാദേശികതലത്തിലുള്ള ആദ്യത്തെ അത്തരമൊരു സമ്മേളനമെന്ന് മാത്യു ചൂണ്ടിക്കാട്ടി. SSF ഗൈഡ് ലൈൻസ് സി.എം.എഫ്.ആർ.ഐ (CMFRI) മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളതിനാൽ കൂടുതൽ പേരിലേക്ക് ഈ രേഖ എത്താൻ സഹായകരമായി. ശില്പശാലയിലെ ചർച്ചകൾ പ്രത്യേകം ഊന്നൽ കൊടുക്കേണ്ട ഭാഗങ്ങൾ മാത്യു എടുത്തുപറഞ്ഞു. ഉദാഹരണത്തിന്, സാമൂഹികവികസനത്തെക്കുറിച്ചുള്ള ആറാം അധ്യായം, ശേഷിവികസനത്തെക്കുറിച്ചുള്ള പന്ത്രണ്ടാം അധ്യായം എന്നിവ. ഇവ സംയോജിതമായി നടപ്പിലാക്കാനുള്ള ഒരു നയപരിപാടി ആവിഷ്കരിക്കാൻ ശ്രമിക്കണം. കടൽസുരക്ഷ എന്ന വിഷയം ഉദാഹരണമാക്കി അദ്ദേഹം കൂടുതൽ വിശദീകരിച്ചു. കടൽസുരക്ഷയും മത്സ്യബന്ധന പരിപാലനവും സംയോജിപ്പിക്കുവാൻ കഴിയുമോ? പ്രാദേശികാധികാരികൾക്ക് ഈ സംയോജിതമാർഗ്ഗം എത്രമാത്രം നടപ്പിലാക്കാനാവും? രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം ലോകത്തിന്റെ പല ഭാഗത്തും ലഭ്യമാണെങ്കിലും അതിലേക്കായി ആദ്യം നമ്മുടെ പ്രാദേശിക ഭരണസംവിധാനങ്ങളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

2019 സെപ്റ്റംബറിൽ കിലയിൽ വച്ച് നടന്ന ഒരു ദേശീയ ശില്പശാല (https://www.icsf.net/wp-content/uploads/2022/03/930.ICSF213.pdf) SSF ഗൈഡ്‌ലൈൻസ് നടപ്പാക്കുന്നതിൽ പ്രാദേശിക-സംസ്ഥാന-ദേശീയ ഏകോപനം സാധ്യമാണോ എന്ന് പരിശോധിച്ചിരുന്നു. കൂടാതെ, മത്സ്യമേഖലാപരിപാലനം, കടൽസുരക്ഷ എന്നീ കാര്യങ്ങളിൽ പ്രാദേശിക ഇടപെടൽ എന്നതിനെ

ആസ്പദമാക്കിയും ചർച്ചകൾ നടന്നിരുന്നുവെന്നും മാത്യു ഓർമ്മിപ്പിച്ചു. ഇപ്പോഴത്തെ ശില്പശാലയിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ, ട്രേഡ് യൂണിയനുകൾ, സഹകരണ, സ്വയം സഹായസംഘങ്ങൾ, ഇതര സാമൂഹികസംഘടനകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചെറുകിട മത്സ്യമേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ കൂട്ടായ ചർച്ചകളും സഹകരണവും സാധ്യമാണോട എന്നു പരിശോധിക്കുകയും മത്സ്യബന്ധന പരിപാലനവും (ഫിഷറീസ് മാനേജ്മെൻറ്) കടൽസുരക്ഷയും ആഴത്തിൽ മനസ്സിലാക്കുകയുമാണ് ഈ ശില്പശാല ചെയ്യേണ്ടത്. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കില തയ്യാറാക്കിയ ദുരന്തനിവാരണ നടപടികളിൽ പ്രാദേശിക ഭരണകൂടങ്ങളുടെ പങ്കിനെക്കുറിച്ചുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ചർച്ചകളുടെ ഭാഗമാകേണ്ടതുണ്ടെന്ന് മാത്യു നിർദ്ദേശിച്ചു. മേൽപ്പറഞ്ഞ വിഷയങ്ങളിൽ ശില്പശാലയിൽ പങ്കെടുക്കുന്നവർ പിന്നീട് പ്രാദേശിക തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന പ്രതീക്ഷ സെബാസ്റ്റ്യൻ മാത്യു പങ്കുവച്ചു. മാത്രമല്ല, ഭാവിയിൽ പദ്ധതിആസൂത്രണങ്ങളിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിച്ചേക്കുമെന്നും അദ്ദേഹം പ്രത്യാശിച്ചു. കടലിൽ സംഭവിക്കുന്ന ദുരന്തങ്ങളുടെ വ്യാപ്തി ഒരു പരിധിവരെ കുറയ്ക്കുന്ന ദ്രുതഗതിയിലുള്ള നിർണായക സുരക്ഷാപ്രവർത്തനങ്ങളുടെ ഒരു കടൽസുരക്ഷാ പ്രോട്ടോകോൾ പ്രാദേശികതലത്തിൽ തന്നെ രൂപപ്പെടുത്തുന്നതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

### 1.2 മുഖ്യപ്രഭാഷണം

*ഡോ ജോയി ഇളമൺ, ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ*

ശില്പശാലയിൽ മത്സ്യമേഖലാപരിപാലനവും കടൽസുരക്ഷയും ചർച്ച ചെയ്യുമ്പോൾ, SSF ഗൈഡ്‌ലൈൻസിന്റെ പൊതുലക്ഷ്യങ്ങളായ ഭക്ഷ്യസുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിരവികസനം എന്നിവ വിട്ടുപോകരുതെന്ന് ജോയി ഇളമൺ ഓർമ്മപ്പെടുത്തി. അതോടൊപ്പം യു.എൻ. അംഗീകരിച്ചിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങളും കണക്കിലെടുക്കണം. കൂടാതെ, ആരോഗ്യം, വിദ്യാഭ്യാസം, ലിംഗനീതി, കടലിനടിയിലെ ലോകം എന്നീ വിഷയങ്ങളും പ്രാധാന്യമർഹിക്കുന്നു.




*SSF ഗൈഡ്‌ലൈൻസിന്റെ പൊതുലക്ഷ്യങ്ങളായ ഭക്ഷ്യസുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിരവികസനം എന്നിവയ്ക്ക് ഊന്നൽകൊടുത്തുകൊണ്ട് ഉദ്ഘാടനപ്രസംഗം നിർവഹിക്കുന്ന ജോയി ഇളമൺ, ഡയറക്ടർ ജനറൽ, കില*

ഒരുകാലത്ത്, കേരളത്തിലെ ജനങ്ങൾ പട്ടിണിയെ അതിജീവിച്ചത് പ്രകൃതിയിൽ സുലഭമായി ലഭിച്ചിരുന്ന കപ്പയും മീനും, പ്രത്യേകിച്ച് മത്തി അല്ലെങ്കിൽ ചാള ഭക്ഷിച്ചായിരുന്നു. കാർബോഹൈഡ്രേറ്റ് നിറഞ്ഞ കപ്പയും പ്രോട്ടീനിന്റെ കലവറയായ ചാളയും അവരുടെ ആരോഗ്യം കാത്തുസംരക്ഷിച്ചു. പക്ഷേ, ഇന്ന് മത്തിയുടെ ലഭ്യത കാലാവസ്ഥാവ്യതിയാനം, സമുദ്ര താപനിലയിലെ മാറ്റങ്ങൾ എന്നീ കാരണങ്ങളാൽ കുറഞ്ഞുവരികയാണ്. ഇത്തരത്തിൽ സങ്കീർണമായിരിക്കുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തനിവാരണ മാർഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. ദുരന്തമുഖത്ത് ആദ്യമെത്തുന്നത് തദ്ദേശവാസികളായതിനാൽ പ്രകൃതിദുരന്തസാധ്യതകൾ കുറയ്ക്കുന്നതിലും അവ നേരിടുന്നതിലും അവയുമായി പൊരുത്തപ്പെട്ടു ജീവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിലും പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഇതിനായി പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ അവയൊക്കെ ദുർബലവും ഒത്തിരി വീഴ്ചകൾ ഉള്ളതുമാണെന്ന് ജോയി ഇളമൺ പറഞ്ഞു. ഇതിനൊരു പ്രധാനകാരണം, ഈ പ്ലാനുകളൊക്കെത്തന്നെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയതാണ് എന്നതാണ്. ഈ തീരദേശ സുരക്ഷാപ്ലാനുകൾ അടിയന്തരമായി പരിഷ്കരിക്കേണ്ടതാണെന്ന് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ഇതിലേക്കായി ഈ ശില്പശാലയിലെ ചർച്ചകൾ ഉപകാരപ്പെടുമെന്നും തീരദേശരംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്ന ICSF-ന്റെ അനുഭവസമ്പത്ത് ഇതിനായി ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം പ്രത്യാശിച്ചു.

### 1.3 ചെറുകിട മത്സ്യബന്ധനരംഗത്ത് ഡ്രോൺ സഹായത്തോടെയുള്ള രക്ഷാപ്രവർത്തനങ്ങൾ: തളിക്കുളം അനുഭവം.

*ഗീത ഗോപി, മുൻ എംഎൽഎ, നാട്ടിക,*

*ദേവാംഗ് സുബിൽ, കോളേജ് വിദ്യാർഥി, ഡ്രോൺ പൈലറ്റ്, ഫോട്ടോഗ്രാഫർ (വീഡിയോകോൾ വഴി പങ്കെടുത്തു)*

ഗീത ഗോപി തന്റെ പ്രസംഗം തുടങ്ങിയത് മത്സ്യത്തൊഴിലാളികൾ ദിവസേന നേരിടുന്ന അപകടസാഹചര്യങ്ങൾ എടുത്തുപറഞ്ഞുകൊണ്ടാണ്. അവയുടെ അതീവഗൗരവസ്വഭാവം കരവാസികൾക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. മൂന്ന് തീരദേശപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന തൃശ്ശൂർ ജില്ലയിലെ തന്റെ മണ്ഡലമായ നാട്ടികയിൽ പ്രവർത്തിച്ച പരിചയംവച്ച്, മത്സ്യത്തൊഴിലാളി സമൂഹം പരിശ്രമശാലികളാണെന്നും അധികാരികളിൽനിന്നും കൂടുതൽ ശ്രദ്ധ അവർ അർഹിക്കുന്നുണ്ടെന്നും തനിക്ക് മനസ്സിലായതായി ഗീത ഗോപി പറഞ്ഞു.

കടൽസുരക്ഷയുമായി ബന്ധപ്പെട്ട് 2021 ജനുവരി അഞ്ചിന് തൃശ്ശൂരിൽ നടന്ന ഒരു സംഭവം ഗീത ഗോപി പ്രസംഗത്തിനിടയിൽ വിശദീകരിക്കുകയുണ്ടായി. മത്സ്യബന്ധനത്തിനിടെ വള്ളം തകർന്ന്, നാല് മത്സ്യത്തൊഴിലാളികൾ കടലിൽ വീണെന്ന വാർത്ത കിട്ടി. അവർ നാലുപേരും പൊട്ടിത്തകർന്ന വള്ളക്കഷണങ്ങളിൽ പിടിച്ചുകിടക്കുകയായിരുന്നു. രക്ഷാപ്രവർത്തനത്തിന് എത്തിയ നേവിയും കോസ്റ്റ് ഗാർഡും ഹെലികോപ്റ്ററും രക്ഷാബോട്ടും ഉപയോഗിച്ച് തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. രക്ഷാപ്രവർത്തനത്തിന് പോയവർ നിരാശരായി മടങ്ങിയെത്തിയതോടെ തീരത്ത് ജനങ്ങൾ കൂടുതൽ അസ്വസ്ഥരായി. ഒടുവിൽ ഒരു എൻജിനീയറിങ് വിദ്യാർത്ഥി ഡ്രോൺ ഉപയോഗിച്ച് തിരച്ചിൽ നടത്താൻ സന്നദ്ധനായി മുന്നോട്ടുവന്നു. അയാൾക്ക് നീന്തലറിയാത്തതിനാൽ കടലിലേക്ക് കൊണ്ടുപോകാനും ഡ്രോൺ ഉപയോഗിക്കാനും പോലീസ് മടിച്ചു. ഒടുവിൽ ഗീത ഗോപി ഇടപെട്ടതോടെ വിദ്യാർത്ഥിയെ കടലിലേക്ക് കൊണ്ടുപോകാനും ഡ്രോൺ ഉപയോഗിക്കാനും പോലീസ് തയ്യാറായി.




*തളിക്കുളം സംഭവത്തെപ്പറ്റി വിവരിക്കുന്ന മുൻ നാട്ടിക എംഎൽഎ ഗീത ഗോപി. മത്സ്യത്തൊഴിലാളികൾ നേരിടുന്ന അപകടസാഹചര്യങ്ങളും അധികാരികളിൽ നിന്നുള്ള പ്രത്യേക ശ്രദ്ധയുടെ ആവശ്യകതയും അവർ ഊന്നിപ്പറഞ്ഞു*

അടുത്തതായി, വീഡിയോകോൾ വഴി ശിൽപ്പശാലയിൽ സംസാരിച്ചത് എൻജിനീയറിങ് വിദ്യാർത്ഥിയായ ദേവാംഗ് സുബിലാണ്. ബാംഗ്ലൂരിൽ പഠിക്കുകയായിരുന്ന ദേവാംഗ് സംഭവസമയത്ത് കോവിഡ്–19 മൂലമുള്ള അവധിയായതിനാൽ നാട്ടികയിലെ വീട്ടിലുണ്ടായിരുന്നു. മത്സ്യത്തൊഴിലാളികളെ കാണാതായെന്ന വാർത്ത കേട്ട് നാട്ടിക തമ്പാൻകടവിൽ കടപ്പുറത്തെത്തി. അതിനകം രക്ഷാപ്രവർത്തനത്തിനുപോയ ബോട്ട് വെറും കയ്യോടെ മടങ്ങിവന്നിരുന്നു. സംഭവം നടന്നത് ഉൾക്കടലിലായതിനാലും ഡ്രോൺ ക്യാമറ അഞ്ച് കിലോമീറ്റർ പരിധിക്കകത്തു മാത്രമേ പ്രവർത്തിക്കുവെന്നതിനാലും ദേവാംഗിന് കടലിലേക്ക് പോകേണ്ടിവന്നു. ഒടുവിൽ തീരത്തുനിന്നും 11 കിലോമീറ്റർ അകലെ വള്ളക്കഷണങ്ങളിൽ പിടിച്ചുകിടക്കുന്ന മത്സ്യത്തൊഴിലാളികളെ ഡ്രോൺ കണ്ടെത്തി. ഹെലികോപ്റ്ററുകൾക്കും വലിയ രക്ഷാബോട്ടുകൾക്കും കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ പ്രയാസമാണെന്ന് ദേവാംഗ് പറഞ്ഞു. പക്ഷേ, താഴ്ന്നുപറക്കുന്നതിനാൽ ഡ്രോണിന് അവരെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയും.




*തളിക്കുളം സംഭവത്തെപ്പറ്റി വീഡിയോകോൾ വഴി സംസാരിക്കുന്ന ദേവാംഗ് സുബിൽ*

സുരക്ഷാ ഉപാധികളായ ലൈഫ് ജാക്കറ്റുകളോ പൊന്തിക്കിടക്കുന്ന അപായസൂചനാവസ്തുക്കളോ ചെറുകിട മീൻപിടുത്തയാനങ്ങളിൽ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത തളിക്കുളം സംഭവം തെളിയിക്കുന്നതായി ദേവാംഗ് പറഞ്ഞു. അപകടത്തിൽപ്പെട്ട മീൻപിടുത്തക്കാർ ഇവ കരുതിയിരുന്നെങ്കിൽ ഇത്രമാത്രം വിഷമിക്കില്ലായിരുന്നു. മുൻകരുതലുകൾ എടുക്കുന്നതാണ് ദുരന്തം ഉണ്ടായ ശേഷമുള്ള ഇടപെടലുകളെക്കാൾ മുഖ്യം. അധികാരികൾ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ ഉപാധികൾ നൽകുകയും കൃത്യമായി അവർ അത് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നും പരിശോധിക്കണമെന്നുമുള്ള നിർദ്ദേശം ദേവാംഗ് മുന്നോട്ടുവച്ചു.

ശില്പശാലയിൽ പങ്കെടുക്കുന്നവരുടെ സ്വയംപരിചയപ്പെടുത്തലോടുകൂടി ആമുഖ സെഷൻ അവസാനിച്ചു.

## 2. സെഷൻ 1

### 2.1 മത്സ്യബന്ധന വികസനം, പരിപാലനം, ഉപജീവനം എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ: തിരഞ്ഞെടുത്ത തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു കേസ് പഠനം.

*ഷിബിന ഇളയിൽ, ഗവേഷണ വിദ്യാർത്ഥിനി, സെൻട്രൽ യൂണിവേഴ്സിറ്റി, കാസർഗോഡ്.*

*അദ്ധ്യക്ഷൻ: വി. വിവേകാനന്ദൻ, അംഗം, ICSF ട്രസ്റ്റ്.*

നാല് തീരദേശ ഗ്രാമപഞ്ചായത്തുകളിലും ഒരു തീരദേശ മുനിസിപ്പാലിറ്റിയിലുമായി നടത്തിയ ഒരു പഠനം ഷിബിന ഇളയിൽ ശില്പശാലയിൽ അവതരിപ്പിച്ചു. വലപ്പാട് (തൃശ്ശൂർ ജില്ല), ചേമഞ്ചേരി (കോഴിക്കോട് ജില്ല), ആലപ്പാട്ട് (കൊല്ലം ജില്ല), അഞ്ചുതെങ്ങ് (തിരുവനന്തപുരം ജില്ല) എന്നീ പഞ്ചായത്തുകളെയും പരപ്പനങ്ങാടി (മലപ്പുറം ജില്ല) മുനിസിപ്പാലിറ്റിയെയുമാണ് പഠനത്തിനു വിധേയമാക്കിയത്.

**വലപ്പാട്:** ഈ കടലോരപഞ്ചായത്ത് വികസനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കോവിഡ് കാലമടക്കമുള്ള കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വിജയിച്ചിട്ടുണ്ട്. പഠനമേശകളും കസേരകളും സ്കൂൾവിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്തിട്ടുണ്ട്. മീൻപിടുത്തക്കാർക്ക് ഉപകരണങ്ങളും സോളാർ ലാമ്പുകളും മീൻവില്പനക്കാർക്ക് ഐസുപെട്ടികളും സൈക്കിളുകളും കൊടുത്തിട്ടുണ്ട്. പഠനസമയത്ത് 26 ചെറുയൂണിറ്റുകൾ ഇവിടെ വിജയകരമായി പ്രവർത്തിച്ചുവരികയാണ്. പക്ഷേ, കടൽസുരക്ഷയുടെ കാര്യത്തിൽ ഒരു പദ്ധതിയും നടപ്പാക്കിയിട്ടില്ല.

**ചേമഞ്ചേരി:** ഈ പഞ്ചായത്തിൽ നടന്ന പ്രധാന വികസനപരിപാടികൾ കുട്ടികൾക്ക് പഠനമേശയും കസേരയും മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ, മത്സ്യവില്പനക്കാർക്ക് ഐസു പെട്ടികൾ എന്നിവ വിതരണം ചെയ്തതുമാണ്. കോവിഡ് ആരംഭിച്ച 2020–21 വർഷത്തിൽ ഒരു പദ്ധതിയും ഇവിടെ നടപ്പാക്കിയിട്ടില്ല. ഫിഷറീസ് വകുപ്പ് നേരിട്ട് ജി.പി.എസ്. തുടങ്ങിയ സാങ്കേതിക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഫണ്ടിൽനിന്നും വർഷം അഞ്ചുലക്ഷത്തിൽ കൂടുതൽ രൂപ ഇവിടെ മത്സ്യത്തൊഴിലാളികൾക്കായി ചെലവഴിച്ചിട്ടില്ല. സുഭിക്ഷം പദ്ധതി (സംസ്ഥാനത്തെ ഭക്ഷ്യക്ഷേമം പരിഹരിക്കുന്നതിന് ഗവൺമെൻറ് കൊണ്ടുവന്ന പദ്ധതിയിലൂടെ ബയോ–ഫ്ലോക് കൃഷി, കുളത്തിലെ മത്സ്യകൃഷി മുതലായ കരയിലെ മത്സ്യകൃഷി മാർഗ്ഗങ്ങൾ പ്രാദേശിക ഭരണസ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു) നടപ്പാക്കിയില്ല. കാലാവസ്ഥാവ്യതിയാനം തൊഴിലിനെ ബാധിച്ചെന്ന് തൊഴിലാളികൾ പറയുന്നു. പഞ്ചായത്ത് കുടിവെള്ളക്ഷാമം നേരിട്ടു. കടൽസുരക്ഷയുടെ കാര്യത്തിൽ പരിമിതമായ ഇടപെടൽ മാത്രമാണ് നടത്തിയിട്ടുള്ളത്.

**ആലപ്പാട്:** കരിമണൽ ഖനനത്തിന് കുപ്രസിദ്ധി നേടിയ പഞ്ചായത്ത്. ഇപ്പോൾ കാര്യമായ ഖനനം നടക്കുന്നില്ല. ഇവിടുത്തെ പ്രധാനപ്പെട്ട ജനവിഭാഗമായ ധീവരസമൂഹം സംഘടിതമാണ്. സമുദായനേതൃത്വവും ശക്തമാണ്. സമുദായ സംഘടന വഴി നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിദ്യാഭ്യാസപരമായി താരതമ്യേന മെച്ചമാണ്.

2004 സുനാമി ദുരന്തത്തിൽ 143 പേർ ഇവിടെ മരണപ്പെട്ടു. ദുരന്തത്തിനുശേഷം പുനരധിവാസപദ്ധതികൾ ധാരാളം നടന്നിട്ടുണ്ട്. മത്സ്യബന്ധനസമൂഹത്തിന് സർക്കാർ ചെലവിൽ വീട് കൊടുക്കുന്ന പുനർഗേഹം പദ്ധതി ഇവിടെ പരാജയപ്പെട്ടു. ഭൂമിവില കൂടുതലായതാണ് കാരണം. 2017–18 കാലത്തും പിന്നീട് കോവിഡ് മഹാമാരിയുടെ സമയത്തും പദ്ധതികൾ നടന്നില്ല.

ഇവിടെ നടപ്പാക്കിയ 26 പ്രാദേശിക തീരമൈത്രി യൂണിറ്റുകളിൽ (സ്ത്രീകൾക്കായുള്ള മറ്റു സ്വയംതൊഴിൽ പദ്ധതികൾ) 70% മാത്രമേ വിജയിച്ചുള്ളൂ. ഇവിടുത്തെ മീൻപിടുത്തക്കാർ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. അധികാരികൾ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ചെങ്കിലും പരാജയപ്പെട്ടുവെന്നുതന്നെ പറയാം. തീരശോഷണം ഇവിടെ ഒരു മുഖ്യപ്രശ്നമാണ്. ചെല്ലാനം മാതൃകയിൽ കൂറ്റൻ കടൽഭിത്തികൾ നിർമ്മിച്ചുവരുന്നു.

**അഞ്ചുതെങ്ങ്:** പരമ്പരാഗത ചെറുകിട മത്സ്യബന്ധനമാണ് ഇവിടത്തെ പ്രധാന തൊഴിൽ മാർഗം. നേരത്തെ കയർ വ്യവസായം ശക്തമായിരുന്നെങ്കിലും ഇപ്പോൾ വളരെ ശോഷിച്ചിരിക്കുന്നു. കുട്ടികൾക്ക് പഠനമേശയും കസേരയും മത്സ്യവില്പനക്കാരികൾക്ക് ഐസ് പെട്ടികളും മീൻപിടുത്തക്കാർക്ക് ചെറുവള്ളവും ഉപകരണങ്ങളും പഞ്ചായത്ത് വിതരണം ചെയ്തിരുന്നു. മധ്യവർത്തികളുടെ ചൂഷണം ഒരു പ്രധാന പ്രശ്നമാണ്. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രൂക്ഷമാണ്. നിരവധി വീടുകൾ കടലേറ്റത്തിൽ നശിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി ഇവിടെ വിജയിച്ചതായി കാണുന്നു. 777 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടായിരത്തോളം ആളുകൾ ദൂരെ സുരക്ഷിതമായ സ്ഥലത്ത് താമസം മാറ്റാനായി കാത്തിരിക്കുന്നു. മത്സ്യത്തൊഴിലാളികൾ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല. കുടിവെള്ള ദൗർലഭ്യം മറ്റൊരു പ്രശ്നമാണ്. വിദ്യാഭ്യാസകാര്യത്തിൽ പഞ്ചായത്ത് പിന്നിലാണ്. ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സാമൂഹികസുരക്ഷാ കാര്യങ്ങളിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ആളുകൾക്ക് മതിയായ ഉടമസ്ഥാവകാശ രേഖകളും മറ്റും ഇല്ലാത്തത് ഒരു പ്രശ്നമാണ്.

**പരപ്പനങ്ങാടി:** മത്സ്യത്തൊഴിലാളികൾ മാത്രമല്ല, കരയിലെ മീൻകൃഷിക്കാരും ഇവിടെ പാർക്കുന്നു. ഫിഷറീസ് വകുപ്പ് കുട്ടികൾക്ക് പഠനത്തിനായുള്ള സാമ്പത്തികസഹായവും സൈക്കിളുകളും നൽകി. മുതിർന്നവർക്ക് മത്സ്യബന്ധന ഉപകരണങ്ങളും മത്സ്യകൃഷിക്ക് സഹായവും നൽകി. ഒരു കടൽഭക്ഷണശാല തീരമൈത്രി പ്രോജക്ടിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മാത്രവുമല്ല, 30 മൈക്രോയൂണിറ്റുകൾ പ്രവർത്തനനിരതമാണ്. 2018–19 കാലയളവിൽ ധാരാളം പദ്ധതികൾ ഇവിടെ തുടങ്ങിയിരുന്നു. പക്ഷേ തൊട്ടടുത്ത വർഷം മഹാമാരി മൂലം എല്ലാം മുടങ്ങി.

2021–ൽ ഹാർബർ നിർമ്മാണം പൂർത്തിയായശേഷം, തീരശോഷണം സംഭവിച്ചിട്ടുണ്ട്. കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിച്ച് പഞ്ചായത്ത് ഇതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു. കുടിവെള്ളക്ഷാമവും ദുർബലമായ കടൽ സുരക്ഷാ രംഗവും പ്രശ്നങ്ങളാണ്.

പഠനത്തിൽ നിന്നുള്ള ചില പ്രധാന കണ്ടെത്തലുകൾ ഇവയാണ്:

* മീൻപിടുത്ത സമൂഹം പിന്നോക്കാവസ്ഥയിലാണ്.

* നിലവിൽ അവർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ടവയാണെന്ന് കാണാം. പ്രവചനാതീതമായ കാലാവസ്ഥയും കടലേറ്റവും മൂലം വീടുകളും ഉപജീവനമാർഗങ്ങളും ഉപകരണങ്ങളും നഷ്ടപ്പെടുന്നതിനാൽ പൊതുവേ അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു.

* പൊതുവേ മത്സ്യത്തൊഴിലാളികൾ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല. കടൽസുരക്ഷയെപ്പറ്റി കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്.

* മിക്ക തീരദേശങ്ങളിലും ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതിയുണ്ട്. വകുപ്പും പ്രാദേശിക ഭരണസ്ഥാപനങ്ങളും നന്നായി ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്.




*കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥിനി ഷിബിന ഇളയിൽ കേസ് സ്റ്റഡി അവതരിപ്പിക്കുന്നു. തിരഞ്ഞെടുത്ത തീരദേശ പഞ്ചായത്തുകളിൽ മത്സ്യബന്ധന വികസനം, പരിപാലനം, ഉപജീവനം എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ എന്നതിനെ ആസ്പദമാക്കിയായിരുന്നു പഠനം*

* കുടിവെള്ളക്ഷാമം പൊതുവായ പ്രശ്നമാണ്. മിക്ക സ്ഥലങ്ങളിലും പൈപ്പ് ലൈനുകൾ ഉണ്ടെങ്കിലും വെള്ളം മിക്കപ്പോഴും ലഭിക്കുന്നില്ല.

* കുട്ടികൾക്ക് പഠനസംബന്ധിയായ ഉപാധികൾ – മേശ, കസേര തുടങ്ങിയവ – വിതരണം ചെയ്യുന്നതിലാണ് ഊന്നൽ. അവരുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സഹായങ്ങൾ കൂടി സർക്കാർ ചെയ്യേണ്ടതാണ്.

* ഏകദേശം 30 ശതമാനം തീരമൈത്രി പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ട്. ഇത് മാറാൻ ശ്രമം ആവശ്യമാണ്.

* മത്സ്യത്തൊഴിലാളികളുടെ കൂടുതൽ പങ്കാളിത്തത്തോടെ മത്സ്യസഭകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

* കേസ് സ്റ്റഡിയുടെ അവതരണത്തിനുശേഷം നടന്ന ചർച്ചയിൽ താഴെപ്പറയുന്ന അഭിപ്രായങ്ങളും ചോദ്യങ്ങളും ഉയർന്നുവന്നു:

ആരോഗ്യരംഗത്തെ പ്രശ്നങ്ങളും അവയിൽ പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ ഇടപെടലുകളും ഈ പഠനത്തിൽ പരാമർശിച്ചിട്ടില്ല എന്ന് സഖിയുടെ പ്രതിനിധിയായെത്തിയ മേഴ്സി അലക്സാണ്ടർ ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കും പദ്ധതികൾക്കുമായുള്ള പൊതുമാർഗ്ഗരേഖകളിൽ തീരദേശത്തിന്റെ സവിശേഷത കണക്കിലെടുത്ത് ആവശ്യമായ മാറ്റം കൊണ്ടുവരേണ്ടത് അനിവാര്യമാണെന്ന കാര്യം സൂചിപ്പിക്കാൻ ഈ കേസ് സ്റ്റഡി വിട്ടുപോയെന്ന് അവർ പറഞ്ഞു. പഞ്ചായത്ത് വികസനപദ്ധതികൾക്കെല്ലാം സുസ്ഥിരവികസനമെന്ന ലക്ഷ്യമുണ്ടാകണം. ഷിബിന ഇളയിൽ പഠനം നടത്തിയ ആലപ്പാട്, അഞ്ചുതെങ്ങ് ഗ്രാമം എന്നീ പഞ്ചായത്തുകൾ സുസ്ഥിര വികസനത്തിന്റെ പാതയിലല്ല എന്നും വരുംനാളുകളിൽ അവ അപ്രത്യക്ഷമായേക്കുമെന്നും അവർ പറഞ്ഞു. കടലേറ്റം രൂക്ഷമാണ്. പഞ്ചായത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നു. മീൻപിടിത്തക്കാർ അഭയാർത്ഥികളാകുന്നു. വീട് വച്ചുകൊടുക്കൽ ഇതിനൊരു പരിഹാരമല്ല, മാത്രമല്ല, പുതിയ വീടോ ഫ്ലാറ്റോ പണിയൽ സുസ്ഥിരവികസനമല്ല. പുതിയ സമീപനരീതികളായ ബ്ലൂ ഇക്കോണമി (നീല സമ്പദ്‌വ്യവസ്ഥ) മുതലായവ പഠിക്കേണ്ട ആവശ്യമുണ്ട്. ഈ കേസ് സ്റ്റഡി മീൻപിടുത്തക്കാരുടെ പരമ്പരാഗത അറിവുകളും ചെറുകിട മത്സ്യബന്ധനരംഗത്തെ ആവശ്യങ്ങളും കണക്കിലെടുത്തിട്ടില്ല.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ പകർച്ചവ്യാധി നിയന്ത്രണമുൾപ്പെടെ ആരോഗ്യരംഗത്ത് ഒട്ടനവധി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയെന്ന് പഞ്ചായത്ത് സെക്രട്ടറി അജിത് കുമാർ അവകാശപ്പെട്ടു. എംഎൽഎ നൽകിയ ആംബുലൻസ് കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. മുതലപ്പൊഴിയിൽ സംഭവിക്കുന്ന അപകടങ്ങളിൽ തക്കസമയത്ത് രക്ഷാപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നുണ്ട്. സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് സി.ആർ.ഇസഡ്. III-യിലാണ് വരുന്നത്. ഇവിടം ഒരു തുരുത്തായതിനാൽ പല വികസനപരിപാടികളും പ്രാവർത്തികമാക്കുന്നതിന് സി.ആർ.ഇസഡ് ഒരു തടസ്സമാണ്. മാത്രവുമല്ല, മത്സ്യസംസ്കരണ വില്പനകേന്ദ്രങ്ങളും അനുവദിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഈ പ്രശ്നം പഠനത്തിൽ ഉന്നയിച്ചുകാണുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു.

കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളും സ്കൂളുകളും പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണെങ്കിലും അവയുടെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കിയിട്ടില്ല എന്ന് SEWA-യുടെ പ്രതിനിധി സീറ്റാ ദാസൻ പറഞ്ഞു. കടലേറ്റം കാലാവസ്ഥാവ്യതിയാനത്തിന്റെ മാത്രം പരിണിതഫലമല്ല. കടലോരത്തെ തെറ്റായ നിർമ്മാണങ്ങളുടെ കൂടി ഫലമാണെന്ന് മത്സ്യത്തൊഴിലാളികൾ പോലും പറയുന്നുണ്ട്. പ്രാദേശിക ചന്തകൾ ആരുടെ നിയന്ത്രണത്തിലാണെന്നും അവ സ്ത്രീസൗഹൃദമാണോ എന്നും പഠനവിധേയമാക്കേണ്ടിയിരുന്നു.

തീരശോഷണം ചെറുക്കേണ്ടതിന്റെ പ്രാധാന്യവും കടൽഭിത്തി ഒരു പരിഹാരമല്ല, മറിച്ച് വലിയ സാമ്പത്തികബാധ്യതയാണ് വരുത്തിവയ്ക്കുക എന്നും കാസർകോട് വലിയപറമ്പിൽ നിന്നുള്ള സജീവൻ പറഞ്ഞു. വലിയപറമ്പ് പഞ്ചായത്തിൽ ഹരിതകവചം പദ്ധതിയുടെ ഭാഗമായി കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിച്ചു വരികയാണ്. ഇത് നാട്ടുകാർക്ക് ജോലിയും ഉറപ്പാക്കുന്നു. അനവധി പഞ്ചായത്തുകളിൽ കടൽമത്സ്യത്തൊഴിലാളികളും ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഉണ്ട്. പക്ഷേ രണ്ടുകൂട്ടർക്കും ലഭിക്കുന്ന സാമൂഹികസുരക്ഷാ ആനുകൂല്യങ്ങളിൽ വിവേചനമുണ്ട്. ഇത് ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു, ഇതിന് പരിഹാരം വേണം.

തീരശോഷണം തടയാൻ നിർമ്മിക്കുന്ന പുലിമുട്ടുകളും കടൽഭിത്തിയും ഗുരുതരമായ മറ്റു പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുവെന്ന് നീലേശ്വരത്തു നിന്നുള്ള ബാലകൃഷ്ണൻ പറഞ്ഞു. വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നത് കുടിവെള്ളത്തെ മലിനമാക്കുന്നു. കൃഷിയെ ബാധിക്കുന്നു. വേലിയേറ്റത്തിൽ ശുദ്ധജലം കടലിലേക്ക് ഒഴുകുന്നതും പ്രശ്നമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശാസ്ത്രീയ പരിഹാരങ്ങൾ തേടേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തക്കുറവ് ഒരു പ്രശ്നമാണെന്ന് അഴീക്കോട് പഞ്ചായത്ത് പ്രസിഡൻറ് അജീഷ് പറഞ്ഞു. തീരദേശ പഞ്ചായത്തുകളുടെ സവിശേഷതകൾ കണക്കിലെടുത്ത് സർക്കാരിന്റെ മാർഗ്ഗരേഖയിൽ മാറ്റം വരുത്തണം. പഞ്ചായത്തോഫീസുകളിൽ വേണ്ടത്ര ഉദ്യോഗസ്ഥർ, പ്രത്യേകിച്ച് പദ്ധതി നടപ്പിലാക്കേണ്ട ചുമതലയുള്ളവർ, ഇല്ല. ഒരു ഉദ്യോഗസ്ഥന് 10–12 പഞ്ചായത്തുകളുടെ വരെ ചുമതല നൽകിയിരിക്കുന്നു. ഇത് ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നു. ഉദാഹരണത്തിന്, വിദ്യാഭ്യാസവർഷം തീരുമ്പോഴായിരിക്കും ഒരു വിദ്യാർത്ഥിക്ക് സർക്കാർ വക ലാപ്ടോപ്പ് കിട്ടുന്നത്. കടൽത്തീര ശുചീകരണം പോലുള്ള ചില പ്രധാനപ്പെട്ട പദ്ധതികളും പ്രവർത്തനങ്ങളും കേസ് സ്റ്റഡി വിട്ടുപോയിട്ടുണ്ടെന്ന് ചേമഞ്ചേരിയിൽ നിന്നുള്ള അനിൽകുമാർ ചൂണ്ടിക്കാണിച്ചു. ഫിഷറീസ് സ്കൂളുകളുൾപ്പെടെയുള്ള സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിലും പഞ്ചായത്ത് ഇടപെടുന്നുണ്ട്. ഇതും കേസ് സ്റ്റഡി സൂചിപ്പിച്ചിട്ടില്ല എന്ന് അനിൽകുമാർ പറഞ്ഞു. തീരദേശ റോഡുകൾ നിർമ്മിക്കുന്നതിലും കേട്ടുപാടുകൾ തീർക്കുന്നതിലും പഞ്ചായത്തുകൾക്ക് പങ്കുണ്ട്. ചേമഞ്ചേരി പഞ്ചായത്ത് ഒരു വല നിർമ്മാണയൂണിറ്റ് നടത്തുന്നുണ്ട്. 25 സുനാമി വീടുകളും ഒരു ഹാളും നിർമ്മിച്ചുനൽകി. ഒരു വീടിന് പത്തുലക്ഷം രൂപ വകയിരുത്തിയത് തീരെ കുറവാണ്. ഇത് കൂട്ടണം. സി.ആർ.ഇസഡ്. കാരണം 100 മീറ്റർ വരെ തീരപ്രദേശത്ത് വീടുകൾ നിർമ്മിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇതിന് ഇളവ് ആവശ്യമാണെന്നുള്ള നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടുവയ്ക്കുകയുണ്ടായി.

ലൈഫ് പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ചുനൽകുന്നതിന് സി.ആർ.ഇസഡ് നിയന്ത്രണങ്ങൾ തടസ്സമാണെന്ന് ഏങ്ങണ്ടിയൂർ പഞ്ചായത്ത് പ്രതിനിധി സുശീല സോമൻ ചൂണ്ടിക്കാണിച്ചു. പ്രളയത്തിനുശേഷം വീടുകളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കേണ്ടതും ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള നടപടികൾ എടുക്കേണ്ടതും ആവശ്യമാണ്.

പഞ്ചായത്തുകൾക്കുള്ള സർക്കാർ മാർഗ്ഗരേഖയിൽ മാറ്റം ആവശ്യമാണെന്ന് കയ്പമംഗലം പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു. തന്റെ പഞ്ചായത്തിൽ കടലേറ്റമില്ലാത്തതിനാൽ തീരസംരക്ഷണ പദ്ധതികളുടെ പണം പാഴാകുന്നു. തീരദേശ ഹൈവേ ടൂറിസം വികസനത്തിനും തൊഴിലവസരങ്ങൾക്കും വഴിയൊരുക്കുമെന്നതിനാൽ സ്വാഗതം ചെയ്യുന്നു. പക്ഷേ സി.ആർ.ഇസഡ് നിയന്ത്രണങ്ങൾ ഈ പദ്ധതിയെയും തുരങ്കം വയ്ക്കുമോ എന്നദ്ദേഹം സംശയിച്ചു.

കേസ് സ്റ്റഡിയും കണ്ടെത്തലുകളും സാമാന്യവൽകൃതമായതിനാൽ പരിമിതികളുണ്ട്. പ്രത്യേക വിഷയങ്ങളിൽ ഊന്നൽ നൽകാമായിരുന്നുവെന്ന് SIFFS-ന്റെ വിൻസൻറ് ജയിൻ ചൂണ്ടിക്കാട്ടി. മാർക്കറ്റ്, സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയിൽ ഇടപെടലുകൾ ആവശ്യമാണെന്ന് പറയുന്നുവെങ്കിലും അവ ഏതെല്ലാം രീതിയിൽ വേണമെന്ന് പഠനം പറയുന്നില്ല. മറ്റൊരു പ്രധാന പ്രശ്നമായ മാലിന്യനിർമ്മാർജനം പഠനത്തിൽ വിട്ടുപോയിരിക്കുന്നു. പഠനം കൂടുതൽ ആധികാരികവും വസ്തുനിഷ്ഠവുമാകണമെന്ന് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സംസ്ഥാന പ്രസിഡൻറ് ജാക്സൺ പൊള്ളയിൽ അഭിപ്രായപ്പെട്ടു. ആലപ്പാട് ഇപ്പോഴും കരിമണൽ ഖനനം നടക്കുന്നുണ്ട്. സീവാഷിങ് മാത്രമാണ് നിർത്തിയത്. പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബജറ്റ്, തൊഴിലടിസ്ഥാനത്തിലുള്ള ജനസംഖ്യാവിഭജനം തുടങ്ങിയവ വിവരങ്ങൾ കൂടി ചേർക്കണം. തന്റെ പഞ്ചായത്തിന്റെ ഉദാഹരണം ജാക്സൺ അവതരിപ്പിച്ചു. അവിടെ മത്സ്യത്തൊഴിലാളികളുടെ എണ്ണം കൂടുതലാണ്. പക്ഷേ മൊത്തം ബജറ്റിൽ 43 കോടി രൂപയിൽ 13 ലക്ഷം മാത്രമാണ് മത്സ്യബന്ധനമേഖലയ്ക്ക് നീക്കിവച്ചിട്ടുള്ളത്. സി.ആർ.ഇസഡ് പദ്ധതി അനിവാര്യമാണ്. പുനർഗേഹം പദ്ധതി നടപ്പാക്കുന്നത് അതുകൂടി കണക്കിലെടുത്താണ്. ശരിയായ പഠനങ്ങൾക്കുശേഷമായിരിക്കണം തീരദേശ ടൂറിസം വികസിപ്പിക്കേണ്ടത്. ഉത്തരവാദിത്ത ടൂറിസമാണ് വേണ്ടത്. അല്ലാതെ ഇപ്പോഴത്തെപ്പോലെ തീരദേശവാസികൾക്ക് തൊഴിലവസരങ്ങളില്ലാത്ത വൻകിട ഹോട്ടലുകൾക്ക് മാത്രം ലാഭം കൊയ്യാനാകുന്ന തരത്തിലുള്ള ടൂറിസം അല്ല.

1984 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇവിടെ പഠനവിധേയമാക്കിയിട്ടില്ലെന്ന് കോഴിക്കോട് KSMTF-ലെ അബ്ദുൾ റാസിക് ചൂണ്ടിക്കാട്ടി. ചെറുകിട മീൻപിടുത്തക്കാരെല്ലാം ഇന്ന് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്നു. പക്ഷേ ഇന്ധന വിലക്കയറ്റവും മണ്ണെണ്ണക്ഷാമവും പ്രതിസന്ധി സൃഷ്ടിക്കുന്നു. പകരം ഇലക്ട്രിക് മോട്ടോറുകൾ സാധ്യമാണോ എന്ന് പരിശോധിക്കണം. കടലേറ്റത്തിന് പുലിമുട്ടും കടൽഭിത്തിയും പരിഹാരമല്ല. ഉപ്പിടൽ, ഉണക്കൽ മുതലായ പരമ്പരാഗത മീൻസംസ്കരണ മാർഗ്ഗങ്ങൾ മത്സ്യത്തൊഴിലാളിസ്ത്രീകളുടെ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തി ചില സ്ഥലങ്ങളിലെങ്കിലും പരീക്ഷണമെന്ന നിലയിൽ തുടങ്ങണം എന്ന് നിർദ്ദേശവും അബ്ദുൽ റാസിക് മുന്നോട്ടുവച്ചു.

പഠനത്തിൽ പഞ്ചായത്തുകളുടെ പദ്ധതി തുക വിലയിരുത്തലുകൾ (outlays) കൂടി വിലയിരുത്തണമായിരുന്നെന്ന് ഫിഷറീസ് വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടറും പുനർഗേഹം പദ്ധതിയുടെ കോ-ഓർഡിനേറ്ററുമായ സന്തോഷ്കുമാർ പറഞ്ഞു. മുൻകാല പഠനങ്ങൾ സൂചിപ്പിക്കുന്നത് മത്സ്യബന്ധന

മേഖലയ്ക്കുള്ള വകയിരുത്തൽ അര ശതമാനത്തിൽ താഴെയാണെന്നാണ്. ഇതിൽ 25 ശതമാനത്തിൽ താഴെ ഉപജീവനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായിട്ടാണ് നീക്കിവയ്ക്കുന്നത്. ഈ ഫണ്ടിന്റെ പത്ത് ശതമാനംപോലും സുരക്ഷാകാര്യങ്ങൾക്ക് ചെലവാക്കുന്നില്ല. ജില്ലാ പഞ്ചായത്തുകൾ മത്സ്യകൃഷിക്കായി നല്ലൊരു തുക നീക്കിവച്ചിട്ടുണ്ട്. കാരണം ഫണ്ട് വഹിക്കുന്നത് കേന്ദ്രമാണ്. പഞ്ചായത്ത് ഓഫീസുകളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നു. അടുത്തയിടെ 38 പുതിയ ഉദ്യോഗസ്ഥരെ കൂടി സംസ്ഥാനത്തെ മത്സ്യഭവനുകളിൽ നിയമിച്ചിട്ടുണ്ട്. അതിനാൽ സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം. സംസ്ഥാനത്തിന്റെ മോശം സാമ്പത്തികസ്ഥിതിയും പഞ്ചായത്തുകളെ ബാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിഹിതം 40% ആണ്. ഷിബിനയുടെ കേസ് സ്റ്റഡി തീരമൈത്രി, പുനർഗേഹം എന്നീ രണ്ട് പദ്ധതികളിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സർക്കാരിന്റെ മാർഗ്ഗരേഖകളിൽ മാറ്റം അനിവാര്യമാണെന്ന് സന്തോഷ് കുമാറും പറഞ്ഞു. കടൽഭിത്തി തീരശോഷണത്തിന് പരിഹാരമല്ല, മറിച്ച് താൽക്കാലികവും ആത്യന്തികമായി തീരത്തിന്റെ നാശത്തിൽ കലാശിക്കുന്നതുമാണ്.

പഞ്ചായത്ത്, ഫിഷറീസ് ഉദ്യോഗസ്ഥരെയും മത്സ്യത്തൊഴിലാളികളെയും നേരിൽക്കണ്ടാണ് വിവരശേഖരണം നടത്തിയതെന്ന് ഷിബിന ചർച്ചയിൽ ഉയർന്ന അഭിപ്രായങ്ങൾക്ക് മറുപടിയായി പറഞ്ഞു. വിവിധ പദ്ധതികളുടെ നടത്തിപ്പിലാണ് കേസ് സ്റ്റഡി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. ചില പദ്ധതികളിൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല എന്നു കണ്ടെത്തി. തീരശോഷണത്തെപ്പറ്റി ശാസ്ത്രീയമായി പഠിക്കാത്തതുകൊണ്ട് നിഗമനങ്ങളിൽ തെറ്റുണ്ടായിരിക്കാം. ആരോഗ്യ, വിദ്യാഭ്യാസരംഗങ്ങൾ, ടൂറിസം, മാലിന്യനിർമ്മാർജനം, തീരദേശ റോഡുകൾ എന്നിവയും പഠനവിധേയമാക്കേണ്ടിയിരുന്നു. പ്രകൃതിദുരന്തങ്ങൾ കൈകാര്യം ചെയ്യാൻ ഗവൺമെൻറ് ഭാഗത്തുനിന്നും ശ്രമങ്ങൾ ഉണ്ടെന്നും ഷിബിന പറഞ്ഞു. ഷിബിനയുടെ കണ്ടെത്തലുകൾ നല്ല ഒരു ചർച്ചയ്ക്ക് വഴിയൊരുക്കിയെന്ന് വി. വിവേകാനന്ദൻ പറഞ്ഞു. അതേസമയം, തീരപ്രദേശങ്ങളിലെ പ്രശ്നങ്ങളുടെ ബാഹുല്യവും സർക്കാരിന്റെ അവഗണനയും നിരാശപ്പെടുത്തുന്നു. അടിസ്ഥാന പ്രശ്നങ്ങൾക്കുപോലും പരിഹാരം കണ്ടെത്താൻ കഴിയുന്നില്ല. തീരശോഷണം പ്രാദേശിക ഭരണകൂടങ്ങൾക്കു ഒറ്റയ്ക്ക് പരിഹരിക്കാൻ സാധിക്കുന്ന പ്രശ്നമല്ല. പരിസ്ഥിതിപ്രശ്നങ്ങളിൽ ഇടപെടാൻ പഞ്ചായത്തുകൾക്കോ മറ്റു സ്ഥാപനങ്ങൾക്കോ പരിധിയുണ്ട്. അവയിൽ മിക്കതും പഞ്ചായത്ത്, സംസ്ഥാന തലങ്ങൾക്കപ്പുറത്തേക്ക് നീളുന്ന സമസ്യകളാണ്. ശാസ്ത്രീയവും സാങ്കേതികവുമായ കാരണങ്ങൾ അവയ്ക്കുണ്ട്. തീരദേശത്തെയും തീരദേശസമൂഹങ്ങളെയും സംരക്ഷിക്കാൻ കൊണ്ടുവന്ന സി.ആർ.ഇസഡ് നിയന്ത്രണങ്ങളിൽ ഇതിനോടകംതന്നെ ഒത്തിരി ഇളവുകളുണ്ടായിട്ടുണ്ട്. ഫിഷറീസ് മാനേജ്മെന്റിലും ഇതേ അവസ്ഥയാണ്. ഉന്നതാധികാരസ്ഥാപനങ്ങളിൽ നിന്നുവരുന്ന പദ്ധതികളുടെ പ്രത്യാഘാതങ്ങൾ വലുതാണ്. ഉദാഹരണത്തിന്, തീരദേശ ഹൈവേ സാധാരണ ജനജീവിതത്തെ ബാധിക്കും. കൊല്ലത്തെ തീരദേശ ഹൈവേ കടലിൽനിന്നും മനുഷ്യരെ അകറ്റി. പദ്ധതികളുടെ മാർഗ്ഗരേഖയുടെ കാര്യം ഗൗരവമേറിയ വിഷയമാണ്. അതിന്റെ പ്രശ്നങ്ങൾ എങ്ങനെ

പരിഹരിക്കാമെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. പ്രശ്നങ്ങൾ വളരെ സങ്കീർണമാണ് എന്നതിനാൽ പൊതുവായ ഉത്തരങ്ങൾ കണ്ടെത്താൻ പ്രയാസമായിരിക്കും.

## 3. സെഷൻ 2

### 3.1 കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിലും IUU ഫിഷിങ് നിയന്ത്രിക്കുന്നതിലും പഞ്ചായത്തുകളുടെ പങ്ക്

*എം.കെ. സജീവൻ, പ്രൊഫസർ, വകുപ്പ് മേധാവി, ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസസ് (KUFOS)*

*അദ്ധ്യക്ഷൻ: എം.വി. ബൈജു, സീനിയർ സയന്റിസ്റ്റ്, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ICAR) – സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT, കൊച്ചി)*

കടൽസുരക്ഷയെപ്പറ്റി ഒരു ചെറിയ ആമുഖത്തോടെ എം.വി. ബൈജു സെഷൻ ആരംഭിച്ചു. ലോകത്തിലെ ഏറ്റവും അപകടസാധ്യതയുള്ള തൊഴിലുകളിൽ ഒന്നാണിത്. പ്രത്യേകിച്ച് കപ്പലുകളേക്കാൾ മത്സ്യബന്ധന ബോട്ടുകൾക്കും വള്ളങ്ങൾക്കും അപകടസാധ്യത കൂടുതലാണ്. കടലിലെ സുരക്ഷ സംബന്ധിച്ച് അന്താരാഷ്ട്ര തലത്തിൽ മാർഗ്ഗരേഖകളുണ്ട്. ഈ ശില്പശാലയിലും ഈ സെഷനിലും ചെറിയ ഉരുക്കൾക്കാണ് ഊന്നൽ നൽകുന്നത്. കടലിൽ വച്ച് പല രാജ്യങ്ങളിൽ നിന്നുള്ള പല ഭാഷകൾ സംസാരിക്കുന്നവർ തമ്മിൽ ആശയവിനിമയം നടത്തേണ്ടിവരും. അതിനാൽ വെളിച്ചം, ശബ്ദം, സിഗ്നലുകൾ എന്നിവ പ്രധാനമാണ്. ഓഖി ചുഴലിക്കാറ്റിനുശേഷം കടൽസുരക്ഷയെപ്പറ്റി കൂടുതൽ അവബോധവും ആലോചനയും സമൂഹത്തിലുണ്ടായിട്ടുണ്ട്. SIFFS നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുമായി അവരുടെ അനുഭവങ്ങളിലൂന്നിയുള്ള ചർച്ച സംഘടിപ്പിച്ചിരുന്നു. കടൽസുരക്ഷപോലെതന്നെ നിയമവിരുദ്ധമായതും റിപ്പോർട്ട് ചെയ്യപ്പെടാത്തതും നിയന്ത്രണങ്ങളില്ലാത്തതുമായ (IUU) മത്സ്യബന്ധനവും പ്രധാനപ്പെട്ട വിഷയമാണ്.

മത്സ്യബന്ധനം, പ്രത്യേകിച്ച് പുറംകടലിലെ ചെറുകിടയാനങ്ങൾ ഉപയോഗിച്ചുള്ളത്, വലിയ അപകടം പിടിച്ച തൊഴിലാണെന്ന് വിഷയം അവതരിപ്പിച്ചുകൊണ്ട് സജീവൻ പറഞ്ഞു. ലോകത്ത് ഏറ്റവും കൂടുതൽ പേർ മീൻ പിടിക്കാൻ പോകുന്നത് ചെറുയാനങ്ങളിലാണ്. ചെറുകിട മത്സ്യബന്ധനം പലവിധ ഉരുക്കൾകൊണ്ടും പല കാലയളവിൽ ഉപയോഗിക്കാവുന്ന പ്രത്യേക ഉപകരണങ്ങൾകൊണ്ടും വൈവിധ്യം നിറഞ്ഞതാണ്. ചെറുകിട മത്സ്യത്തൊഴിലാളികൾ കടലിലേക്ക് തിരിക്കുംമുമ്പ് അവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സമ്പ്രദായമില്ല. ബോട്ടിന്റെ ഉടമസ്ഥന്റെ വിവരങ്ങൾ മാത്രമേ ലഭ്യമാകൂ. അതിനാൽ കടലിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ മാത്രമേ അവരെക്കുറിച്ച് പുറംലോകം അറിയുകയുള്ളൂ. അതിനാൽത്തന്നെ അപകടത്തിൽപ്പെട്ടവരുടെ വിവരങ്ങൾ അറിയാൻ കാലതാമസമെടുക്കുകയും അതുവഴി രക്ഷാപ്രവർത്തനങ്ങൾ വൈകുകയും സങ്കീർണ്ണമാകുകയും ചെയ്യുന്നു. അതിനാൽ, ഓരോ ദിവസവും

തൊഴിലാളികൾ കടലിലേക്ക് തിരിക്കുംമുമ്പ് അവരുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സമ്പ്രദായം ഫിഷിങ് സെന്ററിലോ ഗ്രാമത്തിലോ ഉണ്ടാകണം. കടലിൽ ഏത് മേഖലയിലേക്ക് പോകുന്നു, ആരെല്ലാം, ബോട്ടിന്റെ രജിസ്ട്രേഷൻ നമ്പർ, മത്സ്യബന്ധനത്തിന്റെ കാലയളവ് (ദിവസങ്ങൾ/ ആഴ്ചകൾ), ഏതുതരം മത്സ്യബന്ധനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചെറുകിട മത്സ്യബന്ധന രംഗത്ത് സുരക്ഷയ്ക്കായി അത്യാധുനിക സാങ്കേതിക സാമഗ്രികൾ ആവശ്യമില്ല. ജാഗ്രതയും മുൻകരുതലുമാണ് പ്രധാനം. ഇവ രണ്ടും ഉണ്ടെങ്കിൽത്തന്നെ പ്രധാനപ്പെട്ട അപകടസാധ്യതകളായ തീപിടിത്തം, ആരെങ്കിലും വെള്ളത്തിൽ വീഴുന്നത്, ബോട്ടിലെ ചോർച്ച, എൻജിൻ തകരാറ്, പ്രൊപ്പല്ലർ തകരാറ്, ഇന്ധനം തീരുന്നത്, കുടിവെള്ളവും ഭക്ഷണവും തീരുന്നത്, ആശയവിനിമയ ഉപകരണങ്ങളുടെ തകരാറ് എന്നിവ ഒഴിവാക്കാം.



*കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസസ് (KUFOS)-ലെ ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ് വകുപ്പിലെ പ്രൊഫസറും മേധാവിയുമായ സജീവൻ എം.കെ. കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിലും IUU ഫിഷിങ് നിയന്ത്രണങ്ങളിലും പഞ്ചായത്തുകളുടെ പങ്കിനെ പറ്റി സംസാരിക്കുന്നു*

ബോട്ടിൽ തീപിടുത്ത സാധ്യത കുറയ്ക്കാൻ പാചകം ചെയ്യുന്ന ഭാഗത്തുനിന്നു മാറി വേണം ഇന്ധനം സൂക്ഷിക്കാൻ. ഇലക്ട്രിക്കൽ സംവിധാനങ്ങൾ കൂടെക്കൂടെ പരിശോധിക്കണം. പൊതുവായ സുരക്ഷാ ഉപകരണങ്ങളും മറ്റും ശരിയായി ബന്ധിച്ച് അതാതു സ്ഥലങ്ങളിൽ സൂക്ഷിക്കണം. ശുചീകരണത്തിന് ഇന്ധനം ഉപയോഗിക്കരുത്. ബോട്ടിനുള്ളിൽ സ്വതന്ത്രമായി നീങ്ങുന്നതിന് തടസ്സമുണ്ടാകുന്ന രീതിയിൽ വസ്തുക്കൾ സൂക്ഷിക്കരുത്. ഡെക്ക് എപ്പോഴും വൃത്തിയായി സൂക്ഷിക്കണം എൻജിൻ മുറിയുടെ വാതിലുകൾ ശരിയായി അടയണം. കാറ്റും വെളിച്ചവും കടക്കാനുള്ള സംവിധാനങ്ങളും ലൈറ്റിങ്ങും സിഗ്നലുകളും നന്നായി പ്രവർത്തിക്കണം.

ബോട്ടിൽ അമിതഭാരം കയറ്ററുത്. ഉള്ളിൽ വീഴുന്ന വെള്ളം ഒലിച്ചുപോകാനുള്ള ഡ്രെയിനേജ് വൃത്തിയായി സൂക്ഷിക്കണം. ഭാരം കൂടിയ സാധനങ്ങൾ താഴെത്തട്ടിൽ സൂക്ഷിക്കണം. എൻജിൻ തകരാർ ഒഴിവാക്കാൻ കൂടെക്കൂടെ സർവീസിങ് നടത്തണം. ആശയവിനിമയ ഉപകരണങ്ങൾ ശരിയായ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുക. വിസിലുകൾ കരുതുന്നത് ആവശ്യം വരുമ്പോൾ അടുത്തുള്ള ബോട്ടുകളുടെ ശ്രദ്ധ ആകർഷിക്കാൻ സഹായിക്കും. അപകടമുണ്ടാകുമ്പോൾ എപ്പോഴും ജീവൻ രക്ഷിക്കാനാണ് നോക്കേണ്ടത്, അല്ലാതെ വസ്തുക്കളെയല്ല.

ആഴക്കടലിൽ മത്സ്യബന്ധനത്തിന് പോകുന്നവർ നന്നായി മുൻകരുതൽ എടുക്കണം. നാവിഗേഷൻ പ്രോട്ടോകോൾ അറിഞ്ഞിരിക്കണം. ഇതിനു വേണ്ടുന്ന ക്ലാസുകൾ അതാത് പഞ്ചായത്തുകൾ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കണം. ആഴക്കടലിൽ കപ്പലുകളുമായാണ് ആശയവിനിമയം നടത്തേണ്ടിവരികയെന്നതിനാൽ അതിനു വേണ്ട പ്രോട്ടോക്കോൾ അറിഞ്ഞിരിക്കുകയും പാലിക്കുകയും ചെയ്യണം. കടൽക്കൊള്ളക്കാർ ആണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാക്കരുത്. ബോട്ടിലെ കയറുകളും മറ്റും അതീവ ശ്രദ്ധയോടെ ഉപയോഗിക്കണം. ബോട്ടിന്റെ വക്കത്ത് ഇരിക്കുന്നത് പ്രത്യേകിച്ച് – അടുത്ത് ആരുമില്ലാത്ത സമയത്ത് – ഒഴിവാക്കണം. സ്ഥലക്കുറവു മൂലം മിക്കപ്പോഴും സുരക്ഷാ ഉപകരണങ്ങൾ ചെറിയ ബോട്ടുകളിൽ കരുതാറില്ല. ഇത് നല്ല രീതിയല്ല. അപകടം ഏതുനിമിഷവും സംഭവിക്കാം എന്നതിനാൽ സുരക്ഷാ ഉപകരണങ്ങൾ എപ്പോഴും കൂടെ കരുതണം.

ഫിഷറീസ് മാനേജ്മെൻറിന്റെ പ്രാധാന്യം വർധിച്ചുവരുന്ന കാലഘട്ടമാണിത്. പിടിക്കുന്ന മീനിന്റെ അളവ് കൂടുമ്പോഴും വരുമാനം കുറയുന്ന അവസ്ഥയാണ് ഇന്നുള്ളത്. കാരണം ഏറിവരുന്ന ചെലവുകളാണ്. എൻജിനുകളിലും വലകളിലുമുള്ള മുതൽമുടക്ക് നാൾക്കുനാൾ കൂടുന്നു. കൂട്ടായ സ്വയം നിയന്ത്രണങ്ങൾ ഉണ്ടായേ മതിയാകൂ. ഇക്കാര്യത്തിൽ പഞ്ചായത്തുകൾക്ക് ഇടപെടാൻ കഴിയണം. മിച്ച വരുമാനം കുറയുന്നതോടെ വളർച്ചയെത്താത്ത മീനുകളെ പിടിക്കൽ മുതലായ തെറ്റായ പ്രവണതകളിലേക്ക് മീൻപിടിത്തക്കാർ മാറുന്നതായി കാണുന്നു. ഇക്കാര്യത്തിലും പഞ്ചായത്തുകൾക്ക് ഇടപെടാൻ കഴിയും. മീനിന് ന്യായമായ വില ലഭിക്കാൻ ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

സെഷൻ അവസാനിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയത്തിന്മേൽ ചർച്ച നടന്നു. കടൽസുരക്ഷ സംബന്ധിച്ച് ഒരു വിദഗ്ധ സമിതി കേരളസർക്കാർ രൂപീകരിച്ചിട്ടുണ്ടോയെന്നും അതിന്റെ പരിഗണനാവിഷയങ്ങളും പ്രവർത്തനപരിധികളും എന്തൊക്കെയാണെന്നും ICFS-ലെ സെബാസ്റ്റ്യൻ മാത്യു ആരാഞ്ഞു.

ചെറുകിട മത്സ്യമേഖലയ്ക്ക് ഊന്നൽ നൽകുന്നതിനുപകരം കടൽസുരക്ഷയ്ക്കുള്ള പൊതുവായ കാര്യങ്ങളാണ് വിശദീകരിച്ചതെന്ന് SIFFS-ൽനിന്നുള്ള വിൻസെൻറ് ജയിൻ ചൂണ്ടിക്കാണിച്ചു. ഇന്ത്യയിലെ 1.9 ലക്ഷത്തോളം വരുന്ന മീൻപിടുത്ത ബോട്ടുകളിൽ 1.7 ലക്ഷവും ചെറുകിട ബോട്ടുകളാണ്. ഇവയിൽ മീൻ പിടിക്കാൻ പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഇക്കാലത്തും ലൈഫ് ജാക്കറ്റും ലൈഫ് ബോയയും മാത്രമാണ് കരുതാൻ നിർദ്ദേശിക്കുന്നത്. കൂടുതൽ വികസിച്ചതും മെച്ചപ്പെട്ടതുമായ സുരക്ഷാ ഉപകരണങ്ങൾ വേണ്ടതല്ലേ എന്ന് അദ്ദേഹം ചോദിച്ചു. ഒരു ദിവസത്തേക്ക് കടലിൽ പോകുന്നവർക്കും കൂടുതൽ ദിവസങ്ങൾ കടലിൽ കഴിയുന്നവർക്കും വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ വേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം എടുത്തുപറഞ്ഞു. ഈ രണ്ടു കൂട്ടർക്കുമുള്ള മിനിമം സുരക്ഷാ ഉപകരണങ്ങൾ തരംതിരിച്ചറിഞ്ഞാൽ മാത്രമേ അപകടങ്ങൾ കുറയ്ക്കാൻ കഴിയൂ. ആഴ്ചകൾ നീണ്ടുനിൽക്കുന്ന ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളിലെ അപകടമരണങ്ങൾ കൂടുതലും തൊഴിലാളികൾ മലവിസർജനം നടത്തുമ്പോൾ കടലിൽ വീണു സംഭവിക്കുന്നതാണ്. പറ്റിയ ടോയ്‌ലറ്റുകൾ ബോട്ടിലുണ്ടായാൽ അത്തരം അപകടങ്ങൾ കുറയ്ക്കാം. സുരക്ഷ ഉറപ്പാക്കാനുള്ള ഇത്തരം ആവശ്യങ്ങളെപ്പറ്റി തൊഴിലാളികളെ ബോധവാന്മാരാക്കേണ്ടത് അത്യാവശ്യമാണ്. ലൈഫ് ലൈൻ എന്നു പേരിട്ട സുരക്ഷയ്ക്കായുള്ള ഒരു കയർ എല്ലാ ബോട്ടിലുമുണ്ടാവണമെന്ന് CIFT നിർദ്ദേശിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഈ കയർ ഉപയോഗിക്കേണ്ട രീതിയും അദ്ദേഹം അവതരിപ്പിച്ചു.

ഒരു ദിവസത്തേക്ക് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ഗവൺമെന്റിന്റെ ലൈഫ് ജാക്കറ്റുകൾ തിരസ്കരിക്കുകയാണെന്ന് ജാക്സൺ പൊള്ളയിൽ (KSMTF) പറഞ്ഞു. അവ ധരിച്ച് ജോലി ചെയ്യുന്നത് എളുപ്പമല്ല എന്നാണ് അവർ പറയുന്നത്. പകരം ലളിതവും ഭാരം കുറവുള്ളതുമായ ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യണം എന്നദ്ദേഹം നിർദ്ദേശിച്ചു. സർക്കാരിന്റെ മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമല്ല. സുരക്ഷാ പ്രോട്ടോകോൾ നടപ്പിലാക്കാനായി ഒരു നിർദ്ദിഷ്ട അധികാരകേന്ദ്രമില്ലാത്തത് ഒരു പ്രശ്നമാണ്.

സുരക്ഷാ ഉപാധികൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ തൊഴിലാളികളും അധികൃതരും സഹകരിച്ചു പ്രവർത്തിക്കണം എന്ന് ബൈജു അഭിപ്രായപ്പെട്ടു. കേന്ദ്രസർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിന് സബ്സിഡിയോടെ നൽകുന്ന ബോട്ടുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും സാമഗ്രികളും ഒരുക്കിയിട്ടുണ്ട്. അതേസമയം മത്സ്യത്തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലാണ്. എല്ലാ തൊഴിലാളികൾക്കും സുരക്ഷാസാമഗ്രികൾ നൽകാൻ സർക്കാരിനു കഴിഞ്ഞെന്നു വരില്ല. മത്സ്യബന്ധന മേഖലയിൽ ഓരോ കാര്യങ്ങൾ നടപ്പാക്കുന്നതിനുമുമ്പ് സർക്കാർ തൊഴിലാളികളുമായി കൂടിയാലോചന

നടത്തുന്നില്ല എന്ന് അബ്ദുൽ റാസിക് (KSMTF) സൂചിപ്പിച്ചു. ഈ ജാഗ്രതക്കുറവ് ഫിഷിങ് ഹാർബറുകളുടെ നിർമാണത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. ഫലം പ്രത്യാഘാതങ്ങൾ തീരദേശവാസികൾ നേരിടേണ്ടിവരുന്നു. ഇതിന് ഒരുദാഹരണം അദ്ദേഹം അവതരിപ്പിച്ചു. കടലിൽ മത്സ്യബന്ധനത്തിന് പോയ ഒരു ബോട്ട് അപകടത്തിൽപെടുകയും സർക്കാരിന്റെ രക്ഷാപ്രവർത്തനങ്ങൾ പരാജയപ്പെടുകയും ഒടുവിൽ തദ്ദേശമത്സ്യത്തൊഴിലാളികൾ ചെറുവള്ളത്തിൽ തിരച്ചിൽ നടത്തി അപകടത്തിൽപ്പെട്ടവരെ രക്ഷിക്കേണ്ടിവരികയുംചെയ്തു. മീൻപിടുത്തക്കാർ ഓരോ തവണയും കടലിൽ പോകുന്നതിനുമുമ്പ് ഫിഷറീസ് ഓഫീസിൽ രജിസ്റ്റർ ചെയ്യുക പ്രായോഗികമല്ല. പകരം ഫോണിലൂടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സംവിധാനം വരണം. വള്ളങ്ങളുടെ അടിഭാഗത്ത് പിടിക്കാനുള്ള സൗകര്യമുണ്ടാവണം. കടലിൽ വച്ച് വെള്ളം കമിഴ്ന്നുപോയാൽ തൊഴിലാളികൾക്ക് ഇതിൽ പിടിച്ചുകിടക്കാൻ കഴിയും എന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവച്ചു. ലളിതമായ ലൈഫ് ജാക്കറ്റുകൾ ഇറങ്ങിയിട്ടുണ്ടെന്നും സമീപഭാവിയിൽ തന്നെ അവ സാർവത്രികമായേക്കുമെന്ന് ചർച്ചയ്ക്കു ശേഷമുള്ള മറുപടിപ്രസംഗത്തിൽ സജീവൻ പറഞ്ഞു. കടൽസുരക്ഷയെപ്പറ്റി മത്സ്യത്തൊഴിലാളികളെ ബോധവാന്മാരാക്കുന്നതിനായുള്ള യോഗങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട എല്ലാവരും പങ്കെടുക്കുകയും ഒരു ദിവസത്തേക്കായി കടലിൽ പോകുന്നവർക്കുള്ള സുരക്ഷാസംവിധാനങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്. എല്ലാ പഞ്ചായത്തുകളിലും മത്സ്യത്തിന് ഐസ് കിട്ടുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. വേണ്ടത്ര ഐസ് പ്ലാന്റുകൾ സ്ഥാപിക്കുകയും അവയ്ക്ക് വേണ്ടുന്ന വാഹനങ്ങൾ സജ്ജീകരിക്കുകയും ചെയ്യാൻ പഞ്ചായത്തുകൾ മുൻകൈയെടുക്കണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**3.2 കടൽസുരക്ഷ, മത്സ്യബന്ധന പരിപാലനം, സാമൂഹിക വികസനം എന്നിവയിൽ പഞ്ചായത്തുകളുടെ പങ്ക്**

*പി. അനീഷ്, അസി. ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ.*

*അദ്ധ്യക്ഷൻ: സന്തോഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ*

കേരള സർക്കാരിന്റെ ഫിഷറീസ് വകുപ്പ് കടൽമത്സ്യബന്ധനമേഖലയിൽ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും വേണ്ടത്ര ഉദ്യോഗസ്ഥരുടെ അഭാവം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്നുവെന്ന് അനീഷ് ആമുഖമായി പറഞ്ഞു.

താഴെപ്പറയുന്ന പ്രവർത്തനങ്ങളിലാണ് പ്രധാനമായും ഉദ്യോഗസ്ഥരെ വേണ്ടത്:

* മത്സ്യത്തൊഴിലാളികളുടെയും ബോട്ടുകളുടെയും സാമഗ്രികളുടെയും രജിസ്ട്രേഷൻ

* ദുരന്തനിവാരണ പ്രവർത്തനങ്ങൾ

* തീരസുരക്ഷ

* സുരക്ഷാപ്രവർത്തനങ്ങൾ

* ബോധവൽക്കരണ പരിപാടികൾ

* നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കൽ

* കാലാവസ്ഥാ മുന്നറിയിപ്പുകൾ

* ഫിഷ് ലാൻഡിങ് സെന്ററുകളും ഹാർബറുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

കേരള ഫിഷറീസ് വകുപ്പ് എടുത്തിട്ടുള്ള സുരക്ഷാനടപടികൾ അദ്ദേഹം വിശദീകരിച്ചു. വകുപ്പിന്റെ കടൽസുരക്ഷാപദ്ധതി മത്സ്യത്തൊഴിലാളികൾക്കു മാത്രമല്ല, മറ്റുള്ളവർക്കും സഹായകരമാകാറുണ്ട്. ഒരു മാസ്റ്റർ കൺട്രോൾ റൂം 24/7 പ്രവർത്തനനിരതമാണ്. ആരെങ്കിലും കടലിൽ വീണാൽ 15 മിനിറ്റിനകം രക്ഷാപ്രവർത്തനം തുടങ്ങിയിരിക്കും. കൂടാതെ, മൂന്ന് മേഖലാ കൺട്രോൾ റൂമുകൾ ആധുനിക ആശയവിനിമയ സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്നു. രക്ഷാപ്രവർത്തനത്തിൽ ഇതരഏജൻസികളെ ഏകോപിപ്പിക്കലും വകുപ്പ് ചെയ്യുന്നുണ്ട്. ഒൻപത് ഫിഷറീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്. 30 നോട്ടിക്കൽ മൈൽ കവറേജുള്ള റഡാറുകൾ ഉണ്ട്. പത്ത് നോട്ടിക്കൽ മൈൽ വരെ വി.എച്ച്.എഫ് (VHF) സംവിധാനം പ്രവർത്തിക്കുന്നു.



*കടൽസുരക്ഷ, ഫിഷറീസ് മാനേജ്മെൻറ്, സാമൂഹികവികസനം എന്നിവയിൽ പഞ്ചായത്തുകളുടെ പങ്ക് എന്ന വിഷയത്തിൽ വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെ അസി. ഡയറക്ടർ പി. അനീഷ് സംസാരിക്കുന്നു. സംസ്ഥാനത്തെ തീരമേഖലയിൽ നിന്നുള്ള ഏകദേശം 900 പേർ ഗോവയിൽ കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ പരിശീലനം നേടി സംസ്ഥാന റസ്ക്യൂ സ്ക്വാഡിന്റെ ഭാഗമായി പ്രവർത്തിക്കുന്നു എന്ന വിവരം അദ്ദേഹം പങ്കുവച്ചു*

ഒരു സൂപ്രണ്ട് ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ മൂന്ന് സർക്കിൾ ഇൻസ്പെക്ടർമാരും 60 പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു മറൈൻ എൻഫോഴ്സ്മെന്റ് വിങ്ങ് പ്രവർത്തിക്കുന്നു. പക്ഷേ ആർക്കും ഒരായുധവും നൽകിയിട്ടില്ല. ഇന്ത്യയിൽ ആദ്യമായി മറൈൻ ആംബുലൻസ് സജ്ജമായത് കേരളത്തിലാണ്. 23 മീറ്റർ നീളമുള്ള മൂന്ന് ആംബുലൻസുകൾ ഉണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ മാത്രമല്ല, കാണാതാകുന്ന ബോട്ടുകളുടെയും ഉപകരണങ്ങളുടെയും തിരച്ചിലിനും റസ്ക്യൂ ബോട്ടുകൾ സഹായിക്കുന്നു. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 ജനുവരി 31-ാം തീയതി വരെ വൈപ്പിനിൽ മാത്രം 80 ഓളം ബോട്ടുകളെ കടലിൽനിന്ന് വീണ്ടെടുത്ത് കരയിലെത്തിച്ചിട്ടുണ്ട്. അവയുടെ മൊത്തം മൂല്യം 80 കോടിയോളം രൂപ വരും. വൈപ്പിനിൽ 848 തവണ പട്രോളിങ് നടത്തിയിട്ടുണ്ട്. 172 രക്ഷാപ്രവർത്തനങ്ങളിലായി 1060 ഓളം പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്. പട്രോളിങ് ബോട്ടുകൾ വാടകയ്ക്ക് എടുക്കുകയാണ് ചെയ്യുന്നത്. അവ കിട്ടാനും ബുദ്ധിമുട്ടാണെന്നും അനീഷ് പറഞ്ഞു.

ഒൻപത് ഫിഷറീസ് സ്റ്റേഷനുകൾ ഇതുവരെ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഇങ്ങനെയാണ്:

* 2,357 തവണ പട്രോളിങ്

* 564 രക്ഷാപ്രവർത്തനങ്ങൾ

* 5696 മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി കരയിലെത്തിച്ചു

* 33 മരണങ്ങൾ, 13 പേരെ കണ്ടെത്താനായില്ല

സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽനിന്നും 900 പേർ ഗോവയിൽ കടൽരക്ഷാപ്രവർത്തനങ്ങളിൽ പരിശീലനം നേടിയിട്ടുണ്ട്. ഇതിൽ 612 പേർ ഇപ്പോഴത്തെ റസ്ക്യൂ സ്ക്വാഡിന്റെ ഭാഗമാണ്. കടൽസുരക്ഷയുടെ ഉത്തരവാദിത്വം പേറുന്ന മറ്റു സർക്കാർ ഏജൻസികൾക്ക് ശക്തിപകരാനായി തീരദേശ പോലീസ് സ്റ്റേഷനുകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ കടൽമേഖലയിൽ 50,000-ത്തിലധികം മത്സ്യബന്ധന ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയെ നാല് വിഭാഗങ്ങളായി തരംതിരിക്കാം. (1) മോട്ടോർ ഘടിപ്പിക്കാത്തവ (2) മോട്ടോർ ഘടിപ്പിച്ചവ (3) ഇൻ-ബോർഡ് വള്ളങ്ങൾ (4) ട്രോളിംഗ് / ഗിൽനെറ്റ് / ചൂണ്ട മോട്ടോർവൽകൃത ബോട്ടുകൾ. റിയൽക്രാഫ്റ്റ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്നത്. എല്ലാം മോട്ടോർവൽകൃത ബോട്ടുകളിലും വെസ്സൽ ട്രാക്കിങ് ഡിവൈസ് നിർബന്ധമാണ്. ഇതുമൂലം സംസ്ഥാനത്തെ കടൽപ്രദേശങ്ങളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ഉരുക്കളുടെ തൽസമയ ഡാറ്റ ലഭ്യമായിരിക്കുന്നു. എല്ലാ ഉരുക്കൾക്കും എളുപ്പത്തിൽ തിരിച്ചറിയാൻ കളർ കോഡ് ഉണ്ട്. കൂടാതെ, രജിസ്ട്രേഷൻ നമ്പറും വലുതായും വ്യക്തമായും പ്രദർശിപ്പിച്ചിരിക്കണം. ഓരോ ഇനത്തിലുമുള്ള ഉരുക്കളുടെ കാലപരിധിയും നിശ്ചയിച്ചിട്ടുണ്ട്. തടിയിൽ പണിതവയ്ക്ക് 12 വർഷം, സ്റ്റീൽ ഉപയോഗിച്ചവയ്ക്ക് 15 വർഷം, ഫൈബർ ഗ്ലാസ് റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (FRP) കൊണ്ടുള്ളവയ്ക്ക് 18 വർഷം. പ്രവർത്തനക്ഷമത പരിശോധിച്ചു മൂന്നു വർഷം വരെ കാലാവധി നീട്ടാം. മറൈൻ പ്ലൈവുഡ് നിരോധിച്ചിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകളുടെ കാലപ്പഴക്കം നിയന്ത്രണം കർശനമായി നടപ്പാക്കുന്നുണ്ട്.

കേരളത്തിൽ നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങളെക്കുറിച്ച് അനീഷ് തുടർന്ന് സംസാരിച്ചു. 2018 സെപ്റ്റംബർ മുതൽ യന്ത്രവൽകൃത ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനകത്ത് പ്രവർത്തിക്കാൻ അനുമതിയില്ല. കൂടാതെ, 2018 മുതൽ യന്ത്രവൽകൃത ബോട്ടുകൾക്ക് ഉറക്കറ, കക്കൂസ്, അടുക്കള എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. ബോട്ടുകളുടെ വലിപ്പമനുസരിച്ച് ഉപയോഗിക്കാവുന്ന പരമാവധി എൻജിൻ കുതിരശക്തി ഇപ്രകാരം നിയന്ത്രിച്ചിട്ടുണ്ട് – 15 മീറ്റർ വരെ: 140 HP, 15 മുതൽ 17.5 മീറ്റർ വരെ: 200 HP, 17.5 മുതൽ 20 മീറ്റർ വരെ: 250 HP. എല്ലാ ബോട്ടുകളിലും ജീവൻരക്ഷാ നാവിഗേഷൻ ഉപകരണങ്ങൾ നിർബന്ധമായി ഉണ്ടായിരിക്കണം. ഇവ അഞ്ചുവർഷം കൂടുമ്പോൾ പരിശോധിപ്പിക്കണം. 18 വയസ്സ് താഴെയുള്ളവർക്ക് കടലിൽ മീൻ പിടിക്കാൻ പോകാൻ അനുമതിയില്ല. ബോട്ട് ഓടിക്കുന്ന സ്രാങ്കിന് സാങ്കേതിക പരിശീലന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ബോട്ടുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുകയാണെങ്കിൽ ഫിഷറീസ് വകുപ്പിന്റെ അനുമതി നിർബന്ധമാണ്.

കേരളത്തിന്റെ തെക്കൻ തീരത്ത് കൊല്ലംകോട് മുതൽ കൊല്ലം പരവൂർ പൊഴിക്കര വരെ 30 മീറ്ററിൽ താഴെ ആഴമുള്ള കടലിലും വടക്കോട്ട് കാസർകോട് മഞ്ചേശ്വരം വരെ 20 മീറ്റർ വരെ ആഴമുള്ള കടലിലും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ അനുമതിയില്ലാതെ അന്യസംസ്ഥാന ബോട്ടുകൾ കേരളത്തിന്റെ കടലിൽ പ്രവേശിക്കാൻ പാടില്ല. പഴ്സീൻ, പെലാജിക് ട്രോൾ എന്നിവ 12 നോട്ടിക്കൽ മൈൽ വരെ നിരോധിച്ചിട്ടുണ്ട്. കൂടാതെ അസ്തമയം മുതൽ ഉദയം വരെ എല്ലാവിധ ട്രോളിങ്ങും നിരോധിച്ചിട്ടുണ്ട്. 58 തരം വലകളുടെ മിനിമം കണ്ണിവലിപ്പം നിജപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. ചെറുമൽസ്യങ്ങൾ പിടിക്കുന്നത് നിരുത്സാഹപ്പെടുത്താനാണിത്. ഇത് നടപ്പാക്കാൻ ഫീൽഡ് പരിശോധനകളും നടത്തുന്നുണ്ട്.

ലൈറ്റുകളുപയോഗിച്ച് മീൻപിടിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. കൂടാതെ, 12 വാട്സിൽ കൂടുതലുള്ള ലൈറ്റുകൾ പാടില്ല. വിവിധതരം നിയമലംഘനങ്ങൾക്ക് പിഴത്തുക നിശ്ചയിച്ചിട്ടുണ്ട്. മീൻ പിടിക്കാനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് മത്സ്യബന്ധനബോട്ടുകൾ ഉപയോഗിക്കുന്നത് ശിക്ഷാർഹമാണ്. ഈ സാമ്പത്തികവർഷം (2022–23) മാത്രം ഇതുവരെ 230 മത്സ്യബന്ധനബോട്ടുകളെ നിയമലംഘനങ്ങൾക്ക് പിടികൂടുകയും 1.51 കോടി രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത ചെറുകിട മീൻപിടുത്തക്കാർക്ക് ഈ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കാൻ ബുദ്ധിമുട്ടായിരിക്കും എന്നതിനാൽ യന്ത്രവൽകൃത ബോട്ടുകളെ മാത്രമാണ് നിലവിൽ ഫിഷറീസ് വകുപ്പ് ശ്രദ്ധിക്കുന്നത്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടികൂടി കെട്ടിയിട്ടാൽ അവയുടെ ഉടമസ്ഥർക്ക് പിഴ അടയ്ക്കേണ്ടി വരും. പക്ഷേ, ഫിഷറീസ് വകുപ്പിന് അത്തരം ബോട്ടുകളെയെല്ലാം സൂക്ഷിക്കാൻ സൗകര്യമില്ല.

രജിസ്റ്റർ ചെയ്യുന്ന സമയത്ത് ബോട്ടുടമ ക്രൂവിന്റെ പേരുവിവരങ്ങൾ വകുപ്പിന് നൽകുമെങ്കിലും തൊഴിലാളികൾ മാറുമ്പോൾ അറിയിക്കാറില്ല. യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികളിൽ 30 ശതമാനവും അന്യസംസ്ഥാനക്കാരാണ്. മുനമ്പത്തെ മാതൃകാ ഹാർബറിൽ പഞ്ചിങ് സംവിധാനം ഏർപ്പെടുത്താൻ ശ്രമങ്ങൾ നടക്കുന്നു. വെസ്സൽ ട്രാക്കിങ്ങിന്റെ സാങ്കേതിക സംവിധാനങ്ങളെക്കുറിച്ചുള്ള

ചർച്ചകൾ നടക്കുന്നു. സംസ്ഥാനത്തെ ആഴക്കടൽ ബോട്ടുകൾ പലപ്പോഴും നിർദിഷ്ട സാമ്പത്തികമേഖല കടന്നുപോകാറുണ്ടെന്ന് അനീഷ് പറഞ്ഞു.

മത്സ്യത്തൊഴിലാളികൾ ട്രാക്കിങ് സംവിധാനം നിർത്തിവയ്ക്കുന്നതുമൂലം പലപ്പോഴും കാലാവസ്ഥാമുന്നറിയിപ്പുകൾ അവരെ അറിയിക്കാൻ കഴിയാറില്ല. മത്സ്യത്തൊഴിലാളികളും ബോട്ടുടമകളും നിയമങ്ങൾ പാലിക്കാത്തതിന്റെ പ്രശ്നങ്ങൾ അനീഷ് വിസ്തരിച്ചു. VHF ആരും രജിസ്റ്റർ ചെയ്യുന്നില്ല. ബയോ ടോയ്‌ലറ്റ് ഘടിപ്പിക്കാൻ സബ്സിഡിയുണ്ടായിട്ടും ആരും തയ്യാറാകുന്നില്ല. ചെറുകിട വള്ളക്കാർ ലൈസൻസ് പുതുക്കാൻ തയ്യാറാകാത്തതും പ്രശ്നമാണ്. മണ്ണെണ്ണ പെർമിറ്റ് പുതുക്കേണ്ടിവരുമ്പോൾ മാത്രമാണ് അതിന് അവർ തയ്യാറാകുന്നത്. തൊഴിലാളികൾ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കണമെന്ന് ഫിഷറീസ് വകുപ്പ് നിഷ്കർഷിക്കാറുണ്ട്.

ഓരോതരം ഉരുവിനും വേണ്ട നാവിഗേഷൻ, സുരക്ഷാ ഉപകരണങ്ങൾ എന്നിവയുടെ വിശദമായ വിവരങ്ങളടങ്ങിയ നോട്ടിഫിക്കേഷൻ സർക്കാർ ഇറക്കിയിട്ടുണ്ട്. തൊഴിലാളികൾ കടലിൽ പോകുമ്പോൾ ജാഗ്രത പുലർത്തണം. ലൈറ്റുകൾ അണച്ച് ഉറങ്ങാൻ പോകുന്നത് അപകടങ്ങൾക്കിടവരുത്തും. നിയമപ്രകാരമുള്ള എല്ലാ സാമഗ്രികളും ബോട്ടിലുണ്ടാവണമെന്ന വ്യവസ്ഥ കർശനമായി പാലിച്ചാൽ ഇന്നുള്ള പല ചെറുകിട ബോട്ടുകൾക്കും ലൈസൻസ് നൽകാൻ കഴിയാതെ വരും. പകരം ഇവ സ്ഥാപിച്ചുകൊള്ളാമെന്നുള്ള ഒരു സത്യപ്രസ്താവന ബോട്ടുടമയുടെ കയ്യിൽ നിന്നും എഴുതി വാങ്ങുകയാണ് വകുപ്പ് ചെയ്യുന്നത്. സംസ്ഥാനത്ത് 'മാനേജ്മെൻറ് കൗൺസിലുകൾ' രൂപീകരിക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഗ്രാമതല മാനേജ്മെൻറ് കൗൺസിലിന്റെ അദ്ധ്യക്ഷസ്ഥാനം പഞ്ചായത്ത് പ്രസിഡന്റിനും മുൻസിപ്പാലിറ്റികളിൽ വാർഡ് കൗൺസിലറിനും ആയിരിക്കും. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, ട്രേഡ് യൂണിയനുകൾ എന്നിവർക്ക് കൗൺസിലിൽ പ്രാതിനിധ്യമുണ്ട്. മത്സ്യഭവൻ ഓഫീസറാണ് മെമ്പർ സെക്രട്ടറി. ജില്ലാ, സംസ്ഥാന തലങ്ങളിലും കൗൺസിലുകൾ രൂപീകരിക്കുന്നുണ്ട്. മത്സ്യബന്ധന മേഖലകളിലെ നിയമപാലനത്തിനും പ്രശ്നപരിഹാരത്തിനും ബോധവൽക്കരണത്തിനും കൗൺസിലുകൾ ഉത്തരവാദികളായിരിക്കും.

ഇതെല്ലാം പ്രാവർത്തികമായിത്തീരുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് എന്നും ചാകരയായിരിക്കുമെന്നാണ് ഫിഷറീസ് വകുപ്പിന്റെ പ്രതീക്ഷയെന്ന് അനീഷ് പറഞ്ഞു.

അനീഷിന്റെ അവതരണത്തെത്തുടർന്നുള്ള ചർച്ചയിൽ പല ചോദ്യങ്ങളും ഉയർന്നുവന്നു. വലിയ യന്ത്രവൽകൃത ബോട്ടുകളുമായി വള്ളങ്ങൾ കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങളിലേക്ക് അബ്ദുൽ റാസിക് (KSMTF) ശ്രദ്ധ ക്ഷണിച്ചു. അത്തരം അപകടങ്ങളിൽ കൂടുതൽ നാശനഷ്ടം സംഭവിക്കുന്നത് എപ്പോഴും വള്ളങ്ങൾക്കാണ്. പക്ഷേ ബോട്ടുകൾ രജിസ്റ്റർ നമ്പർ പ്രദർശിപ്പിക്കാത്തതുമൂലം അവയെ തിരിച്ചറിയാനോ നഷ്ടപരിഹാരം വാങ്ങിയെടുക്കാനോ കഴിയുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. വള്ളങ്ങളുടെ കാലപ്പഴക്കം പരിമിതപ്പെടുത്തിയുള്ള ചട്ടം തിരുത്തണം. ഇരുപത് വർഷത്തിലേറെയായിട്ടും കുഴപ്പമില്ലാതെ

പ്രവർത്തിക്കുന്ന FRP വള്ളങ്ങളുണ്ട്. 12 നോട്ടിക്കൽ മൈലിനുള്ളിൽ മീൻപിടുത്തം നിരോധിച്ചുള്ള നിയമങ്ങളുണ്ടെങ്കിലും അവ ലംഘിച്ച് രാത്രിയിൽപോലും മത്സ്യബന്ധനം നടത്തുന്ന ധാരാളം യന്ത്രവൽകൃത ബോട്ടുകളുണ്ടെന്ന് റാസിക് ചൂണ്ടിക്കാണിച്ചു. ഈ ലംഘനങ്ങൾ തടയാൻ ഉദ്യോഗസ്ഥരില്ലാത്ത സ്ഥിതിയാണുള്ളത്. മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്ന വള്ളക്കാർക്കെതിരെയുള്ള ഏകപക്ഷീയമായുള്ള നടപടികൾ ശരിയല്ലെന്ന് റാഫിക് വാദിച്ചു. കർണാടകയിൽനിന്നും നിരോധിത വലകളുമായി കോഴിക്കോട് കടൽ വരെ വന്ന് മത്സ്യബന്ധനം നടത്തുന്ന യന്ത്രബോട്ടുകളുണ്ട്. അധികൃതർ, പക്ഷേ അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കുന്നില്ല. സ്ക്വയർ മെഷ് വലയുടെ നിരോധനം കടലാസിൽ മാത്രമായി ഒതുങ്ങുന്നുവെന്നും അദ്ദേഹം പറഞ്ഞു.

മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് വ്യാപകമാണെന്ന് സീറ്റാ ദാസൻ (SEWA) പറഞ്ഞു. ഉദാഹരണത്തിന്, മുതലപ്പൊഴി ഹാർബറിൽ റിങ്- സീൻ വള്ളങ്ങൾ ഇതിൽ വ്യാപൃതമാണ്, പക്ഷേ അതിനെതിരെ നടപടികൾ ഒന്നും സ്വീകരിക്കുന്നില്ല. ലൈറ്റ് ഉപയോഗിച്ചുള്ള മീൻപിടുത്തം നിരോധിച്ചിട്ടുണ്ടെങ്കിലും വ്യാപകമായി നടക്കുന്നു. അധികൃതർ അനങ്ങുന്നില്ല. മത്സ്യസമ്പത്തിന്റെ നിലനില്പിന് ബോട്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്. കരയിലെ ഉൾപ്രദേശങ്ങളിൽനിന്നും പുഴയിലൂടെയും മറ്റും കടലിൽ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, മീനുകളെ ആകർഷിക്കാനായി മീൻപിടുത്തക്കാർ വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ എന്നിവയുടെ വർദ്ധിച്ച സാന്നിധ്യം കടലിനെ കൂടുതൽ മലിനമാക്കിക്കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം കാണാൻ നിയന്ത്രണങ്ങൾ കൊണ്ടുവരികയും തദ്ദേശഭരണ സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും മത്സ്യഭവനുകൾ കൂടുകയും ചെയ്യേണ്ടതാണ് എന്ന് സീറ്റാ അഭിപ്രായപ്പെട്ടു.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അജിത് കുമാർ പതിവായി നടക്കുന്ന അപകടങ്ങളെപ്പറ്റി സംസാരിച്ചു. മുതലപ്പൊഴി ഹാർബറിന്റെ കവാടത്തിൽ മണലടിയുന്നത് അപകടങ്ങൾ വർധിക്കാൻ കാരണമാകുന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്തതല്ല, മറിച്ച് അപകടകരമായ ഹാർബർ നിർമിതിയാണ് പ്രശ്നമെന്ന് തൊഴിലാളികൾ പറയുന്നു. കൂടാതെ, മറ്റു സ്ഥലങ്ങളിൽ നിന്നും വന്ന തൊഴിലാളികൾ കെട്ടുന്ന വലകളും അപകടങ്ങളുണ്ടാക്കുന്നു. കാലാവസ്ഥാമുന്നറിയിപ്പുകൾ തൊഴിലാളികൾക്ക് സമയത്ത് ലഭിക്കുന്നില്ല. അഥവാ അവ സമയത്ത് ലഭിച്ചാലും മിക്കപ്പോഴും തൊഴിലാളികൾ ഗൗനിക്കില്ല. ഇതിനൊരുദാഹരണമായി സമീപകാലത്ത് നടന്ന ഒരപകടത്തെപ്പറ്റി അജിത് കുമാർ പറഞ്ഞു. കാലാവസ്ഥാമുന്നറിയിപ്പ് അവഗണിച്ച് കടലിൽ പോയതിനാൽ മൂന്ന് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ചർച്ചകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി മുൻകൈയെടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ചർച്ചയ്ക്ക് മറുപടിയായി വേണ്ടത്ര ഉദ്യോഗസ്ഥരുടെയും പോലീസ് സേനയുടെയും അഭാവം ഒരു പ്രശ്നമാണെന്ന് അനീഷ് പറഞ്ഞു. കാലാവസ്ഥാപ്രവചനങ്ങൾ സങ്കീർണമാണ്. പലപ്പോഴും മുന്നറിയിപ്പുകൾ

കിട്ടാറുണ്ടെങ്കിലും അവ തെറ്റിപ്പോകാറുണ്ട്. ചിലപ്പോൾ കാലാവസ്ഥ തെളിഞ്ഞിരിക്കുമ്പോഴും മുന്നറിയിപ്പ് വരാറുണ്ട്. അത് അധികൃതർ തൊഴിലാളികളെ അറിയിക്കാൻ മടിക്കാറുണ്ട്. ചർച്ചയുടെ അവസാനം അദ്ധ്യക്ഷത വഹിച്ച സന്തോഷ് കുമാർ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. മത്സ്യസഭകൾ കൂടേണ്ടതാണ്. അതിന് ഒരു ഹാൻഡ് ബുക്ക് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ശുചിത്വസാഗരം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്തുകൾ മുന്നോട്ടു വരണം. എല്ലാ കാര്യങ്ങളും സുഗമമായി നടപ്പാക്കുന്നതിന് ഏകോപനവും സഹകരണവും അത്യന്താപേക്ഷിതമാണ്. കാര്യങ്ങൾ നടത്താനായി ജനങ്ങൾ സ്വയം മനസ്സിലാക്കി മുന്നോട്ടുവരണം. നിർബന്ധിച്ച് ഒന്നും ചെയ്യിക്കാൻ കഴിയില്ല. ഫിഷറീസ് മാനേജ്മെൻറ് ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ ആരംഭിച്ച ഒരേയൊരു സംസ്ഥാനം കേരളമാണെന്ന് അദ്ദേഹം ഉപസംഹരിച്ചു.

## രണ്ടാം ദിവസം

### 3.3 ചെറുകിട മത്സ്യബന്ധന മേഖലയിലെ കടൽസുരക്ഷ

*റ്റി. ജോൺ ജോർജ്, റിട്ട. മർച്ചന്റ് നേവി നാവിഗേഷൻ ഓഫീസർ,*

*അദ്ധ്യക്ഷൻ: വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്*

സെഷനിൽ വിഷയം അവതരിപ്പിച്ച ജോൺ ജോർജ് ചെറുകിട മത്സ്യബന്ധന ബോട്ടുകൾക്കാവശ്യമുള്ള സുരക്ഷാ ഉപാധികളെപ്പറ്റി ഗവേഷണം നടത്തുകയും തമിഴ്നാട്ടിലും കേരളത്തിലുമുള്ള ചെറുകിട മീൻപിടുത്തക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കടൽ മത്സ്യബന്ധന മേഖലയിലെ സുരക്ഷയുടെ കാര്യം വരുമ്പോൾ പൊതുവേ അന്താരാഷ്ട്രതലത്തിൽ വലിയ യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഇത്തരം ബോട്ടുകളിൽ ഹെവി മെഷിനറി ഉപയോഗമുള്ളതിനാൽ സുരക്ഷാ ഉപാധികളുടെ ഉപയോഗത്തെപ്പറ്റി കൃത്യമായ മാർഗനിർദ്ദേശങ്ങളുണ്ട്. എന്നാൽ ചെറുകിട ബോട്ടുകളുടെ കാര്യത്തിൽ ഇതില്ല.

മനുഷ്യർ പൊതുവേ സുരക്ഷയുടെ കാര്യത്തിൽ അലംഭാവം ഉള്ളവരാണ്. ഇത് മീൻപിടുത്ത രംഗത്തും ശരിയാണ്. മീൻപിടുത്തക്കാർ ചെറുപ്രായം മുതൽ മുതിർന്നവരിൽ നിന്നാണ് സുരക്ഷാകാര്യങ്ങളുൾപ്പെടെയുള്ള അറിവും പരിശീലനവും നേടുന്നത്. കടലിൽ പോകുന്നതിലെ അപകടങ്ങളെക്കുറിച്ച് പൊതുവേ അവർ ബോധവാന്മാരാണ്. പക്ഷേ, ചെറിയ ബോട്ടുകളിൽ സുരക്ഷയ്ക്ക് പ്രാധാന്യം നൽകാൻ അവർക്ക് സാധിക്കുന്നില്ല. പ്രധാന പ്രശ്നം ബോട്ടിൽ ആവശ്യത്തിന് സ്ഥലമില്ല എന്നതാണ്. അഞ്ചുപേർക്ക് പെരുമാറാനുള്ള സ്ഥലത്തിനു പുറമേ, വലിയ വലകൾക്കും പിടിച്ച മീൻ

സൂക്ഷിക്കാനുള്ള സ്ഥലവും വേണം. ഇതെല്ലാം കഴിയുമ്പോൾ വേറൊന്നിനും സ്ഥലമില്ല. ഇങ്ങനെ സ്ഥലത്തിന് ഞെരുക്കമുള്ളപ്പോൾ ആദ്യം വേണ്ടെന്ന് വയ്ക്കുന്നത് സുരക്ഷാ ഉപകരണങ്ങളാണ്.

ഒരു മീൻപിടുത്ത ബോട്ടിൽ വേണ്ടുന്ന അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് കൊടിമരം. അതിനുമുകളിൽ ലൈറ്റ് ഘടിപ്പിച്ചാൽ ചുറ്റും പ്രകാശമാനമായി. മറ്റു ബോട്ടുകൾക്കും കപ്പലുകൾക്കുമൊക്കെ കാണാൻ സാധിക്കുകയും കൂട്ടിയിടി ഒഴിവാക്കാൻ പറ്റുകയും ചെയ്യും. പക്ഷേ ഇന്ത്യയിലെ മിക്ക ചെറുബോട്ടുകളിലും കൊടിമരമില്ല. മാത്രവുമല്ല, അത് ഘടിപ്പിക്കാനും ബുദ്ധിമുട്ടാണ്. ലൈറ്റ് ഡക്കിലാണ് വയ്ക്കാറുള്ളത്. ബോട്ടുകൾ ആടിയുലഞ്ഞു പോകുമ്പോൾ, ലൈറ്റുകളുടെ വെളിച്ചം മിന്നിക്കത്തി ദൂരെ നിന്ന് വരുന്ന കപ്പലുകൾക്ക് ഫ്ലാഷ് ലൈറ്റ് പോലെ തോന്നിക്കും. പക്ഷേ, പലപ്പോഴും ഈ പ്രകാശം കണ്ടെന്ന് വരില്ല. അങ്ങനെ അപകടങ്ങൾ സംഭവിക്കാം.



*ചെറുകിട മത്സ്യബന്ധനത്തിൽ കടൽസുരക്ഷ എന്ന വിഷയത്തിൽ റിട്ട. മർച്ചന്റ് നേവി നാവിഗേഷൻ ഓഫീസർ, റ്റി. ജോൺ ജോർജ്, മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് അറിയേണ്ടതിൻ്റെ ആവശ്യകത വിശദീകരിച്ചു, യാത്രകൾ ആസൂത്രണം ചെയ്യാനാകും*

അതിലൂടെ അവർക്ക് മത്സ്യബന്ധന ചെറുകിട വള്ളങ്ങൾ എളുപ്പം അറിയാൻ സാധ്യതയുള്ളതാണ്. വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളിൽപ്പെട്ട ലൈഫ് ജാക്കറ്റുകൾ ഇന്ത്യൻ കാലാവസ്ഥയ്ക്ക് ചേർന്നതല്ല. അവ തണുത്ത രാജ്യങ്ങളിൽ ജീവിക്കുന്നവർ ഉണ്ടാക്കിയതാണ്. ഇവിടുത്തെ ചൂടുകാലാവസ്ഥയിൽ അവ ധരിച്ച് തൊഴിൽ ചെയ്യാൻ ബുദ്ധിമുട്ടാണ്. യാത്രയിലുടനീളം കരയിൽ തിരിച്ചെത്തുന്നതുവരെ അവ ധരിച്ചിരിക്കണം. അപകടവേളയിൽ അവ എടുത്തണിയാനുള്ള സമയം കിട്ടില്ലല്ലോ. മറ്റു രാജ്യങ്ങളിൽപോലും ലൈഫ് ജാക്കറ്റിനോട് മത്സ്യത്തൊഴിലാളികൾക്ക് പ്രതിപത്തിയില്ല. കാരണം ഇത് ധരിച്ച് നീന്താൻ കഴിയില്ല,

വെള്ളത്തിൽ മലർന്നു കിടക്കാനേ കഴിയൂ. ലൈഫ് ബോയകളാകട്ടെ, എളുപ്പമെടുത്ത് വെള്ളത്തിലേക്കെറിയാൻ പാകത്തിൽ ഘടിപ്പിച്ചിരിക്കണം. പക്ഷേ ആ വിധത്തിൽ വള്ളങ്ങളിൽ അവ പിടിപ്പിക്കാൻ ബുദ്ധിമുട്ടാണ്. നീന്താൻ സഹായകരമായ ഫ്ലോട്ടിങ് ബെൽറ്റുകൾ ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. മീൻപിടുത്തക്കാർക്ക് ഗുണം കിട്ടുന്ന രീതിയിൽ അവ വികസിപ്പിക്കുകയും പ്രായോഗികത പരീക്ഷിക്കുകയും വേണം.

ചെറുബോട്ടുകളിലോ വള്ളങ്ങളിലോ പോകുന്ന മീൻപിടുത്തക്കാർ അഞ്ച് കാര്യങ്ങൾ ഉറപ്പാക്കണമെന്ന് ജോൺ പറഞ്ഞു.

* 9 മണിക്കൂറെങ്കിലും നന്നായി കത്താൻ ശേഷിയുള്ള ഒരു ലൈറ്റ്

* കുടിവെള്ളം. യന്ത്രം കേടായാൽ രണ്ടോ മൂന്നോ ദിവസം രക്ഷാപ്രവർത്തകർ എത്തുന്നതുവരെയെങ്കിലും കുടിക്കാൻ ആവശ്യമായത്ര കുടിവെള്ളം കരുതണം. മിക്കപ്പോഴും വെള്ളം കുടിക്കാനില്ലാതെയാകുമ്പോഴാണ് തൊഴിലാളികൾ മരണത്തിലേക്ക് നീങ്ങുന്നത്.

* ശരീരത്തിൽ ഒരു മടക്കുകത്തി കെട്ടിവയ്ക്കണം. വള്ളം മറിഞ്ഞ് വലയിൽ കുരുങ്ങിയാൽ കത്തികൊണ്ട് വലയറുത്ത് രക്ഷപ്പെടാം.

* ഒരു വാട്ടർപ്രൂഫ് മൊബൈൽ. വെള്ളത്തിൽ വീണാലും ഉപകാരപ്പെടും.

* ഫസ്റ്റ് എയ്ഡ് കിറ്റ് – മുറിവോ പൊള്ളലോ ഏറ്റാൽ പ്രഥമശുശ്രൂഷ ചെയ്യാൻ സാധിക്കും.

മറ്റു രണ്ടു കാര്യങ്ങൾകൂടി മത്സ്യത്തൊഴിലാളികൾ ശ്രദ്ധിക്കണമെന്ന് ജോൺ പറയുന്നു:

(1) കടലിലായിരിക്കുമ്പോൾ പരിസരത്ത് ഒരു മറൈൻ ബോട്ട് കൂടിയുണ്ടാവണമെന്ന് നിഷ്കർഷിക്കുക.

(2) രാത്രിയിൽ നങ്കൂരമിട്ട് കിടക്കുമ്പോൾ, ഒരാളെങ്കിലും ഉണർന്നിരിക്കുക. ഒരു ലൈറ്റെങ്കിലും കത്തുന്നു എന്ന് ഉറപ്പാക്കുക. രാത്രികാലങ്ങളിലെ കൂട്ടിയിടി അപകടങ്ങൾ ഒഴിവാക്കാനിത് സഹായിക്കും.

നിലവിലെ കാലാവസ്ഥാപ്രവചനങ്ങൾ – മഴയെക്കുറിച്ചുള്ളതടക്കം – താപനില, അന്തരീക്ഷ ഈർപ്പം എന്നീ രണ്ട് കാര്യങ്ങളാണ് പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇവ രണ്ടും കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഒരു പ്രയോജനവുമില്ല. അവർക്ക് വേണ്ടത് തിരമാലകളുടെ ഉയരവും ദിശയും കാറ്റിന്റെ ദിശയും വേഗവുമാണ്. ഈ വിവരങ്ങൾ കാലാവസ്ഥാവകുപ്പിന്റെ ഫോൺ ആപ്പിൽ ലഭ്യമല്ല. പക്ഷേ ഇവ ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസിന്റെ (INCOIS) വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ ആറുമണിക്കൂറിലും പലഭാഗങ്ങളിലെ കടലിന്റെ അവസ്ഥകൾ സൈറ്റിൽ അപ്ഡേറ്റ് ചെയ്യും. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്പിൽ ഈ വിവരങ്ങൾ ലഭ്യമാണ്. പക്ഷേ ഇത് സ്പ്രെഡ്ഷീറ്റിലായതുകൊണ്ട് മീൻപിടുത്തക്കാർക്ക് പ്രയോജനമില്ല.

കടലിലേക്ക് തിരിക്കുമ്പോൾ തീരത്തെ കാലാവസ്ഥ മീൻപിടുത്തക്കാർക്കറിയാം. കടലിലായിരിക്കുമ്പോൾ കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങളാണ് അവർക്ക് അറിയേണ്ടത്. അതനുസരിച്ച് തങ്ങളുടെ യാത്ര പ്ലാൻ ചെയ്യാൻ സാധിക്കും. ചുഴലിക്കാറ്റുകൾ മിക്കവാറും ബംഗാൾ ഉൾക്കടലിൽ നിന്നാണ് വരുന്നത്. അപൂർവമായി ശ്രീലങ്ക വഴി അറബിക്കടലിലേക്കും വരാം. ഉദാഹരണത്തിന് ഓഖി ചുഴലിക്കാറ്റ്. ഒമാൻ കടലിൽ തുടങ്ങുന്ന ചുഴലിക്കാറ്റുകൾ കേരളത്തിന്റെ കടലിൽ എത്താറില്ല.

കേരളത്തിലെ മീൻപിടുത്തക്കാരെ സംബന്ധിച്ച് മഴക്കാലത്തെ കാലാവസ്ഥയാണ് പ്രധാനം. മഴക്കാലത്തെ കാറ്റിന്റെ വേഗത 45 മുതൽ 55 കി.മീ. /മണിക്കൂർ ആയിരിക്കും. വലിയ ബോട്ടുകൾക്കും കപ്പലുകൾക്കും ഇത് ഇടത്തരം കാലാവസ്ഥയാണ്. പക്ഷേ ചെറുകിട മീൻപിടുത്തക്കാർക്ക് ഇത് മോശമാണ്. കാറ്റിന് ഇതിലും വേഗം കൂടുമ്പോഴേ മുന്നറിയിപ്പുകൾ വരാറുള്ളൂ. കാലാവസ്ഥയിലെ മാറ്റങ്ങളും കാറ്റിന്റെ വേഗവും എല്ലാ തീരപ്രദേശങ്ങളിലും ഒരുപോലെയല്ല. മഴക്കാലത്ത് കാറ്റിന്റെ വേഗം പ്രവചിച്ചതിനേക്കാൾ ചിലപ്പോൾ കൂടുതലായിരിക്കും. കടലിന്റെ ചില ഭാഗങ്ങളിൽ അപ്പോൾ അപകടങ്ങൾ ഉണ്ടാകാം. അറബിക്കടൽ പൊതുവേ പ്രക്ഷുബ്ധമാണ്. ചില ഭാഗങ്ങളിൽ രൂക്ഷത കൂടുതലാകാം. പക്ഷേ കാലാവസ്ഥാമുന്നറിയിപ്പുകൾ പൊതുവേയുള്ള അവസ്ഥയെപ്പറ്റിയാണ്. അങ്ങനെ വരുമ്പോൾ കൂടുതൽ പ്രക്ഷുബ്ധമായ സ്ഥലങ്ങളിൽ അപകടങ്ങൾ നടന്നേക്കാം. പലപ്പോഴും മഴക്കാലത്തിന്റെ അവസാനഘട്ടത്തിലാണിത് സംഭവിക്കാറുള്ളത്. ചുഴലിക്കാറ്റ് ഒരു വലിയ മേഖലയിൽ വീശിയടിക്കുന്നു. 10 ദിവസം മുന്നേ മുന്നറിയിപ്പ് നൽകാൻ സാധിക്കും. പാശ്ചാത്യ രാജ്യങ്ങളിൽ ചെറുകിട മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേകം കാലാവസ്ഥാപ്രവചനങ്ങൾ നൽകാറുണ്ട്. നമ്മുടെ നാട്ടിൽ ഈ രീതിയില്ല. ഇന്ത്യൻ കാലാവസ്ഥാവകുപ്പ് പരമ്പരാഗതമായി കർഷകർക്കായി കാലാവസ്ഥാപ്രവചനങ്ങൾ നടത്താറുണ്ട്. പക്ഷേ മത്സ്യത്തൊഴിലാളികൾക്കായില്ല. അവരെ അവഗണിച്ചിരിക്കുന്നു.

ജോണിന്റെ വിവരസമ്പുഷ്ട അവതരണത്തിനുശേഷം നടന്ന ചർച്ചയിൽ പല അഭിപ്രായങ്ങളും ചോദ്യങ്ങളും ഉയർന്നുവന്നു. വിൻസൻറ് ജയിൻ (SIFFS) ചെറുകിട മത്സ്യബന്ധനരംഗത്തെ സുരക്ഷാസംവിധാനങ്ങളെക്കുറിച്ച് വേണ്ടത്ര ഗവേഷണം നടക്കുന്നില്ല എന്നു നിരീക്ഷിച്ചു. അപകടങ്ങൾ കൂടുതലും നടക്കുന്നത് തിര മുറിയുന്ന മേഖലയിലാണ് (surf crossing). ഇവിടെ ആവശ്യമായ സുരക്ഷാ ഉപാധികളെപ്പറ്റി പഠനം നടത്തേണ്ടതാണ്. ആഴക്കടലിൽ പോകുന്നവർ അങ്ങോട്ടുമിങ്ങോട്ടും ആശയവിനിമയം നടത്താനുള്ള ഉപകരണങ്ങൾ കരുതാറില്ല. കാരണം സാറ്റലൈറ്റ് ഫോണുകൾക്ക് വില കൂടുതലാണ് എന്നതാണ്. ഹാർബറുകളിൽ ബോട്ടുകളുടെയും വള്ളങ്ങളുടെയും പോക്കുവരവിനെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഇക്കാര്യങ്ങളിൽ പരിഹാരം കണ്ടെത്തേണ്ടത് മീൻപിടുത്തക്കാരുടെ ജീവൻ രക്ഷിക്കാൻ അത്യന്താപേക്ഷിതമാണെന്ന് വിൻസെൻറ് പറഞ്ഞു. ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥൻ മുമ്പ് നടത്തിയ അവതരണം വലിയ യന്ത്രവൽകൃത ബോട്ടുകൾക്ക് പ്രസക്തമായിരുന്നെങ്കിൽ ജോൺ പറഞ്ഞതെല്ലാം ചെറുകിട മീൻപിടുത്തക്കാരെ ഉദ്ദേശിച്ചുള്ളതാണെന്ന് മേഴ്സി അലക്സാണ്ടർ (Sakhi) നിരീക്ഷിച്ചു. പഞ്ചായത്ത് തല ചർച്ചകളിൽപോലും വൻകിടക്കാർക്കുള്ള സുരക്ഷാസംവിധാനങ്ങളാണ് അവതരിപ്പിക്കുന്നത്. ഇത്

മാറണം. നീന്തൽ പഠിക്കാൻ കുട്ടികൾ ഉപയോഗിക്കുന്ന തരം ഫ്ലോട്ടിങ് ഡിവൈസ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി വികസിപ്പിക്കണം. സുനാമിക്കുശേഷം അവർക്ക് വിതരണം ചെയ്ത സുരക്ഷാ ഉപകരണങ്ങൾ ഉപകാരപ്രദമല്ലാത്തതുകൊണ്ട് ഉപേക്ഷിക്കേണ്ടിവന്നു.

കാലാവസ്ഥ സംബന്ധിച്ചുള്ള മീൻപിടുത്തക്കാരുടെ പരമ്പരാഗത അറിവുകൾ അധികൃതർ കണക്കിലെടുക്കണമെന്ന് അബ്ദുൽ റാസിക് (KSMTF) ശുപാർശ ചെയ്തു. പുതുതലമുറയ്ക്ക് ഇത്തരം അറിവുകൾ കുറവാണ്. തുറമുഖങ്ങൾക്കായുള്ള അശാസ്ത്രീയ പുലിമുട്ട് നിർമ്മാണങ്ങൾ ചെറുകിട മത്സ്യബന്ധനത്തൊഴിലാളികൾക്ക് അപകടങ്ങളുണ്ടാക്കുന്നു.

ഫിഷറീസ് വകുപ്പ് 'സാഗര' എന്ന പേരിലുള്ള ആപ്പ് ഇറക്കിയിട്ടുണ്ടെന്ന് തൃശ്ശൂർ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥ ഫാത്തിമ പറഞ്ഞു. ഇതിൽ മീൻപിടുത്തക്കാർ കടലിൽ പോകുമ്പോഴും തിരിച്ചെത്തുമ്പോഴും വിവരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയും. പക്ഷേ അവർ ഈ ആപ്പ് ഉപയോഗിക്കുന്നില്ല. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടും ആപ്പിന്റെ ഉപയോഗം വർധിക്കുന്നില്ല. നേവി ഉദ്യോഗസ്ഥർ ക്ലാസിൽ കാണിച്ചുകൊടുത്ത പുതിയതരം ലൈഫ് ജാക്കറ്റിനെപ്പറ്റി മീൻപിടിത്തക്കാർക്ക് അനുകൂല അഭിപ്രായമാണുള്ളത്.

അധികൃതർ പുറപ്പെടുവിച്ച കാലാവസ്ഥാമുന്നറിയിപ്പുകൾ കാരണം 2022-ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 72 തൊഴിൽ ദിനങ്ങൾ നഷ്ടമായെന്ന് ജാക്സൺ പൊള്ളയിൽ (KSMTF) ചൂണ്ടിക്കാണിച്ചു. പലപ്പോഴും ഈ മുന്നറിയിപ്പുകൾ തെറ്റായിരുന്നുതാനും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എമർജൻസി റെസ്പോൺസ് ടീമുകൾ രൂപീകരിക്കണമെന്ന് അഞ്ചുതെങ്ങ് പഞ്ചായത്ത് സെക്രട്ടറി അജിത് കുമാർ പറഞ്ഞു. കൂടാതെ, ഈ ടീമുകളിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

ചെറുകിട മത്സ്യബന്ധനരംഗത്ത് സുരക്ഷാസംവിധാനങ്ങൾ ഒരുക്കുന്നതിൽ പരിമിതികളുണ്ടെന്ന് എല്ലാവരും മനസ്സിലാക്കുകയും അംഗീകരിക്കുകയും വേണം. അപകടസാധ്യതകൾ കുറയ്ക്കാനുള്ള നിർദ്ദേശങ്ങളോട് മീൻപിടുത്തക്കാർ പരമാവധി സഹകരിക്കണം. മത്സ്യബന്ധനം അപകടം നിറഞ്ഞ തൊഴിലാണ്. അവരവരുടെ സുരക്ഷ അവരവരിൽ തന്നെ നിക്ഷിപ്തമാണെന്ന ബോധം തൊഴിലാളികൾക്കുണ്ടാവണം. രക്ഷാപ്രവർത്തകർ എത്തുമെന്നുള്ള വിശ്വാസത്തിൽ മുൻകരുതലുകളെടുക്കാതിരിക്കരുത്. എന്നിരുന്നാലും, മീൻപിടുത്തക്കാരുടെ തീരക്കടലിലെ സുരക്ഷയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. സർക്കാർ പ്രോട്ടോക്കോൾ പലപ്പോഴും കാലതാമസം സൃഷ്ടിക്കും. സമുദായപങ്കാളിത്തവും സ്വമേധയാ മുന്നോട്ടുവരുന്ന ആളുകളുടെ പങ്കും കൂടിച്ചേരുമ്പോൾ രക്ഷാപ്രവർത്തനങ്ങൾക്ക് വേഗമേറും.

ചെറുകിട മത്സ്യബന്ധന ഉരുക്കൾ എല്ലാം ഒന്നുപോലെയല്ല. അവയെല്ലാം തരംതിരിച്ച് നിർവചിച്ച് ഓരോന്നിനുമുള്ള വ്യക്തമായ സുരക്ഷാമാനദണ്ഡങ്ങൾ വികസിപ്പിക്കണം. ശാസ്ത്ര സാങ്കേതിക തലത്തിൽ

ചെറുകിട മീൻപിടുത്തക്കാരുടെ സുരക്ഷയ്ക്കായുള്ള ഗവേഷണത്തിലും വികസനത്തിലും ഒത്തിരി മുന്നേറാനുണ്ട്. കടലിലെ അപകടമരണങ്ങൾ നിത്യസംഭവമായിത്തീർന്നിരിക്കുന്നു. ഇത് അംഗീകരിക്കാനാവില്ല. കാലാവസ്ഥാമുന്നറിയിപ്പിന്റെ അകമ്പടിയോടെ കടലിൽ പോകാൻ പാടില്ല എന്ന് അറിയിക്കുന്നതിനോടൊപ്പം മീൻപിടുത്തക്കാർക്ക് മതിയായ നഷ്ടപരിഹാരംകൂടി കൊടുക്കുവാൻ സർക്കാർ ബാധ്യസ്ഥരാണ്.

## 4. സെഷൻ 3

### 4.1 സുസ്ഥിര മത്സ്യബന്ധനപരിപാലനത്തിൽ പഞ്ചായത്തുകളുടെ പങ്ക്

*കെ. രാജേഷ്, സീനിയർ അർബൻ ഫെലോ, സെൻറർ ഫോർ അർബൻ ഗവേണൻസ്, കില*

*സി. രാമചന്ദ്രൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, ICAR-CMFRI.*

അദ്ധ്യക്ഷൻ: കെ അജീഷ്, പ്രസിഡൻറ്, അഴീക്കോട് പഞ്ചായത്ത്, കണ്ണൂർ

താൻ മത്സ്യബന്ധന മേഖലയിൽ ഒരു പ്രഗൽഭനല്ലെന്നും പക്ഷേ വികേന്ദ്രീകരണത്തിലും തദ്ദേശസ്വയംഭരണത്തിന്റെ വികസന ആസൂത്രണത്തിലും 27 വർഷത്തെ പരിചയമുണ്ടെന്നുമുള്ള ആമുഖത്തോടെയാണ് രാജേഷ് തുടങ്ങിയത്. ട്രൈബൽ സബ്പ്ലാനുകൾ പോലെയുള്ള പദ്ധതികൾ അവർക്ക് ഭവനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വിജയിച്ചു. എന്തുകൊണ്ട് ഇതുപോലെ തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിനുവേണ്ടി ചെയ്യാൻ കഴിയുന്നില്ല എന്ന് ഗൗരവമായ ചർച്ച പോലും നടക്കുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ജനസംഖ്യയ്ക്ക് ആനുപാതികമായി മത്സ്യമേഖലയിൽ പ്ലാൻ ഫണ്ടുകൾ നീക്കിവയ്ക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. തീരദേശ മേഖലയ്ക്കായി ഒരു സബ് പ്ലാൻ ഈ ശില്പശാല നിർദേശിക്കണമെന്നദ്ദേഹം പറഞ്ഞു. 14-ാം പ്ലാനിന്റെ ചർച്ച കിലയിൽ വച്ച് നടന്നപ്പോൾ മത്സ്യബന്ധനമേഖലയിൽ നിന്നുള്ള നിർദ്ദേശങ്ങൾ വളരെ ദുർബലമായിരുന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ജനാധിപത്യപരമായ പങ്കാളിത്തത്തിന്റെ അഭാവം ഈ മേഖലയിലുണ്ട് എന്നതാണ്.



*കെ. രാജേഷ്, സീനിയർ അർബൻ ഫെലോ, സെൻറർ ഫോർ അർബൻ ഗവേണൻസ്, കില. സുസ്ഥിര ഫിഷറീസ് മാനേജ്മെന്റിൽ പഞ്ചായത്തിന്റെ പങ്ക് എന്ന വിഷയത്തെപ്പറ്റി സംസാരിക്കുന്നു. തീരദേശങ്ങളിൽ പ്രാദേശികതലത്തിൽ മീൻപിടുത്തക്കാരുടെ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കണം*

തീരമൈത്രി പദ്ധതി ഒരു നല്ല അനുഭവ പാഠമാണ്. അത് പുനഃസംഘടിപ്പിച്ച് നിയമപരമായ അംഗീകാരം നൽകാൻ കഴിയുമോ എന്നാലോചിക്കേണ്ടതാണ്. കടലിന്റെയും തീരത്തിന്റെയും ഉടമസ്ഥാവകാശ സാധ്യതകൾ ചർച്ച ചെയ്യേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളിൽ കോമൺസ് (പൊതുസ്വത്തുക്കൾ) വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ കേരളം പിന്നിലാണ്. കടൽസുരക്ഷയുടെ കാര്യത്തിൽ തീരദേശ പഞ്ചായത്തുകൾക്ക് പ്രത്യേക ആക്ഷൻ പ്ലാൻ ഉണ്ടാകണം. എല്ലാ പഞ്ചായത്തുകൾക്കും ദുരന്തനിവാരണപദ്ധതികൾ ഉണ്ടെങ്കിലും അവ പൊതുവേ ദുർബലമാണ്. തീരദേശങ്ങളിലെ പ്രാദേശിക പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ പ്രാദേശിക സാമ്പത്തിക വികസനത്തെ പ്രത്യേകം ഉന്നമിട്ടു വേണം ആസൂത്രണം ചെയ്യാൻ. തീരമൈത്രി ഇതിനൊരു മാതൃകയായിട്ടെടുക്കാം. ഈ പദ്ധതി നവീകരിച്ച് ശക്തിപ്പെടുത്തുകയും വേണം.

ആദിവാസി മേഖലയിലുള്ളതുപോലെ തീരദേശങ്ങളിലും പ്രാദേശിക ലേണിങ് സെൻററുകൾ വേണമെന്ന നിർദ്ദേശം വന്നിട്ടുണ്ടെങ്കിലും അത് ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. അതുപോലെ ആദിവാസി മേഖലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ മാതൃകയിൽ ഫിഷറീസ് സ്കൂളുകളും വികസിപ്പിക്കണമെന്ന നിർദ്ദേശവും കടലാസിൽ ഒതുങ്ങുന്നു. ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരണമെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തിയും ഇടപെടലും അനിവാര്യമാണെന്നും അദ്ദേഹം നിരീക്ഷിച്ചു.

രാജേഷിന്റെ അവതരണത്തെത്തുടർന്ന് സി. രാമചന്ദ്രൻ പ്രസിദ്ധമായ 'സയൻസ്' എന്ന പ്രസിദ്ധീകരണത്തിൽ 1992-ൽ വന്ന ഒരു ലേഖനത്തെ ഉദ്ധരിച്ച് ഫിഷറീസിനെ നിർവചിക്കാൻ ശ്രമിച്ചു. പെറുവിലെ മത്സ്യമേഖല ഒരു വിഷമസന്ധി നേരിടുന്നതിനെപ്പറ്റിയായിരുന്നു ലേഖനം. ഫിഷറീസ് എന്നാൽ 95 ശതമാനം രാഷ്ട്രീയവും അഞ്ച് ശതമാനം പ്രോട്ടീനുമാണ്. ബ്രിട്ടനിലെ ജോൺ ക്ലെഗ്ഹോൺ (John Cleghorn) ആണ് ആദ്യമായി അമിത മത്സ്യബന്ധനം അഥവാ ഓവർ ഫിഷിങ് എന്ന പദം പ്രയോഗിച്ചത്. മത്സ്യബന്ധന ബോട്ടുകളുടെ എണ്ണം കൂടിയിട്ടും പിടിക്കുന്ന മീനിന്റെ അളവ് കുറയുകയാണ് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഓവർ ഫിഷിങ് എന്ന പദപ്രയോഗം ജോൺ നടത്തിയത്. കാനഡയിൽ 1992-ൽ അറ്റ്ലാന്റിക് കോഡ് എന്ന മീനിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പിടുത്തം നിരോധിച്ചത് ഇന്നും തുടരുന്നു. കേരളത്തിൽ അമിതമത്സ്യബന്ധനത്തെപ്പറ്റിയുള്ള സംശയം ഉയർന്നത് 2015-ലാണ്. പിടിക്കാവുന്ന മീനിന്റെ അളവ് സംബന്ധിച്ച് നിയന്ത്രണങ്ങൾ വേണമെന്ന് മീൻപിടിത്തക്കാരും പറയാൻ തുടങ്ങി. ഫിഷറീസ് മാനേജ്മെൻറ് എന്ന് പറയുമ്പോൾ അതിൽ മൂന്ന് ചോദ്യങ്ങളും അഞ്ച് പ്രതിവിധികളും നാല് അനുബന്ധഘടകങ്ങളും അടങ്ങിയിരിക്കുന്നു. മൂന്നു ചോദ്യങ്ങൾ ഇവയാണ്:

1. മീൻ എങ്ങനെ പിടിക്കണം (മീൻപിടുത്ത സാങ്കേതികവിദ്യ)

2. മീൻ എത്ര പിടിക്കണം?

3. ആരാണ് മത്സ്യബന്ധനം നടത്തേണ്ടത്?

അഞ്ച് പ്രതിവിധികൾ ഇവയാണ്:

1. സാങ്കേതികവിദ്യകളിലെ നിയന്ത്രണങ്ങളും നടപടികളും (ഉദാ: വലയുടെ കണ്ണിവലിപ്പം)

2. സ്ഥലപരമായ (spatial) നിയന്ത്രണങ്ങൾ (ഉദാ: കടലിലെ നിരോധിത മേഖലകൾ)

3. കാലയളവുകളിലെ നിയന്ത്രണങ്ങൾ (ഉദാ: മൺസൂൺ കാല നിയന്ത്രണം)

4. ഉൽപാദന ഇൻപുട്ടുകളിലെ നിയന്ത്രണങ്ങൾ (ഉദാ: ഉരുക്കളുടെ എണ്ണം, എഞ്ചിന്റെ ശേഷിയിൻ മേലുള്ള നിയന്ത്രണം)

5. ഉൽപാദന ഔട്ട്പുട്ടുകളിലെ നിയന്ത്രണങ്ങൾ (ഉദാ: ക്വാട്ട).

അവസാനത്തെ പ്രതിവിധി കർശനമായി നടപ്പാക്കുന്ന യൂറോപ്പിൽ, പിടിക്കാവുന്ന മത്സ്യത്തിന്റെ അളവ് (ടോട്ടൽ അലൗവബിൾ ക്യാച്ച്) അവിടത്തെ രാജ്യങ്ങൾ ഒന്നിച്ച് തീരുമാനിക്കുകയും തമ്മിൽ വീതിക്കുകയും ചെയ്യുന്നു. അതിനുശേഷം ഓരോ രാജ്യവും അവരുടെ മീൻപിടുത്തക്കാർക്ക് ക്വാട്ട അനുവദിക്കുന്നു. ഇത് തമ്മിൽത്തമ്മിൽ കൈമാറാനും കഴിയും. യൂറോപ്പിലെ നോർത്ത് സീ-യിൽ നിരീക്ഷണവും നടപ്പാക്കലും കർശനമാണ്. നിയമം ലംഘിക്കുന്നവരെ ബുള്ളറ്റ് കൊണ്ടുപോലും നേരിടാം.




*സി. രാമചന്ദ്രൻ (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ICAR-CMFRI, സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിൽ പഞ്ചായത്തുകളുടെ പങ്കിനെപ്പറ്റി പ്രഭാഷണം നടത്തുന്നു. തീരദേശ പഞ്ചായത്തുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ക്ഷേമനടപടികളിലാണെന്നും ഫിഷറീസ് മാനേജ്മെന്റിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു*

ഫിഷറീസ് മാനേജ്മെന്റിലെ നാല് അനുബന്ധങ്ങൾ ഇവയാണ്: (1) വിവരങ്ങൾ (Information) (2) സ്ഥാപനങ്ങൾ (Institutions) (3) പ്രോത്സാഹനങ്ങൾ (Incentives) (4) തിരിച്ചറിയൽ (Identity).

മത്സ്യമേഖലാ പരിപാലനത്തിന് വിവരങ്ങൾ അഥവാ ഡാറ്റാ വളരെ പ്രധാനമാണ്. പലപ്പോഴും മീൻപിടിത്തക്കാർ വിവരങ്ങൾ നൽകാൻ മടിക്കുന്നു. ഇത് മാറണം. യൂറോപ്പ് പോലെയുള്ള ശീതമേഖലാരാജ്യങ്ങളിലെ ഫിഷറീസ് മാനേജ്മെൻറ് രീതികൾ ഉഷ്ണമേഖല രാജ്യങ്ങളിലുള്ളവർ പകർത്തേണ്ടതില്ല. ഉഷ്ണമേഖലയിലെയും ശീതമേഖലയിലെയും സമുദ്രങ്ങളിലെ മത്സ്യസമ്പത്തിന്റെ സ്വഭാവം വ്യത്യസ്തമാണ്. ശീതസമുദ്രങ്ങളിൽ മത്സ്യങ്ങളുടെ വൈവിധ്യം കുറവും അളവ് കൂടുതലുമാണ്. എന്നാൽ ആയിരക്കണക്കിന് വ്യത്യസ്ത ഇനം മീനുകളുണ്ട്. പക്ഷേ, ഓരോന്നിന്റെയും അളവ് കുറവാണ്.

പഞ്ചായത്തുകൾക്ക് ഫിഷറീസ് മാനേജ്മെൻറ് രംഗത്ത് ഒത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് രാമചന്ദ്രൻ പറഞ്ഞു. പക്ഷേ അവർക്ക് പരിമിതികളുണ്ട്. മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ അവരവരുടെ കടൽമേഖലയിലെ ഒരു ജൈവവൈവിധ്യസൂചിക ഓരോ പഞ്ചായത്തും തയ്യാറാക്കണം.

അതേ സമയം, പഞ്ചായത്തുകളുടെ അതിരുകൾ പലപ്പോഴും പല നടപടികൾക്കും പരിമിതിയുണ്ടാക്കും. നിലവിൽ തീരദേശ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മിക്കതും ക്ഷേമപരിപാടികളുമായി ബന്ധപ്പെട്ടവയാണ്. ഫിഷറീസ് മാനേജ്മെന്റിൽ ജനപങ്കാളിത്തം അത്യന്താപേക്ഷിതമാണെന്ന് രാമചന്ദ്രൻ ഉപസംഹരിച്ചു.

തുടർന്നുനടന്ന ചർച്ചയിൽ സെബാസ്റ്റ്യൻ മാത്യു (ICSF) രാമചന്ദ്രൻ അവതരിപ്പിച്ച ഫിഷറീസ് മാനേജ്മെൻറ് വീക്ഷണം ക്ലാസിക്കൽ സമീപനത്തിൽ ഊന്നിയുള്ളതാണെന്ന് അഭിപ്രായപ്പെട്ടു. പുതിയകാലത്ത് സുസ്ഥിരതയിൽ ഊന്നിയുള്ള സമീപനത്തിനാണ് പ്രാധാന്യം. സാമ്പത്തികം, പരിസ്ഥിതി, ഭരണസംവിധാനം എന്നിവയും ഒപ്പം ലിംഗനീതിയും കാലാവസ്ഥാവ്യതിയാനവും എല്ലാം ഉൾപ്പെടുന്നതാണ് ഫിഷറീസ് മാനേജ്മെൻറ്. ഭക്ഷ്യസുരക്ഷയിൽ മത്സ്യമേഖലയുടെ പങ്കുംകൂടി തിരിച്ചറിഞ്ഞുള്ള ഒരു മനുഷ്യാവകാശ അടിസ്ഥാനത്തിലുള്ള സമീപനമാണ് പുതിയകാലത്ത് വേണ്ടത്. നമ്മുടെ മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ സങ്കീർണമാണ്. മാത്രവുമല്ല, മീൻപിടുത്ത സമൂഹത്തിന്റെ സ്വത്വവും സ്വത്വബോധവും നഷ്ടമായിക്കൊണ്ടിരിക്കുകയാണെന്നും സെഷൻ അവസാനിപ്പിച്ചുകൊണ്ട് രാമചന്ദ്രൻ പറഞ്ഞു.

### 4.2 സുസ്ഥിര ഫിഷറീസ് മാനേജ്മെന്റും നമ്മുടെ സാഹചര്യങ്ങളും

*വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്*

*അദ്ധ്യക്ഷൻ: കെ. അജീഷ്, പ്രസിഡൻറ്, അഴീക്കോട് പഞ്ചായത്ത്, കണ്ണൂർ*

സുസ്ഥിര ഫിഷറീസ് മാനേജ്മെൻറ് നടപ്പാക്കുന്നതിനുമുമ്പ് ഇന്ത്യയിലെയും കേരളത്തിലെയും കടൽമത്സ്യമേഖലയെപ്പറ്റി ഒരു വിശകലനം നടത്തേണ്ടത് ആവശ്യമാണെന്ന് വി.വിവേകാനന്ദൻ അഭിപ്രായപ്പെട്ടു. ഇങ്ങനെയൊരു വിശകലനത്തിൽ നിന്നുതന്നെ പരിഹാരങ്ങൾ കണ്ടെത്തുകയും ശേഷം അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കനെപ്പറ്റി പരിശോധിക്കുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു. ഫിഷറീസ് മാനേജ്മെൻറ് മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ സഹകരണമില്ലാതെ നടപ്പാക്കാൻ കഴിയില്ലെന്ന് ആഗോളതലത്തിൽ പോലും അംഗീകരിച്ച കാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഒരു പ്രകൃതിദത്ത പൊതുവിഭവം ചൂഷണം ചെയ്യപ്പെടുന്ന ഫിഷറീസ് മേഖലയിൽ സർക്കാരും (ഫിഷറീസ് വകുപ്പ്) മീൻപിടുത്തക്കാരും സഹകരിച്ചാണ് തീരുമാനങ്ങളെടുക്കേണ്ടത്.



*വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്, സുസ്ഥിര ഫിഷറീസ് മാനേജ്മെന്റും നമ്മുടെ നിലവിലെ സാഹചര്യങ്ങളും എന്ന വിഷയം അവതരിപ്പിക്കുന്നു*

ഒരു പ്രകൃതിദത്ത പൊതുവിഭവം ചൂഷണം ചെയ്യപ്പെടുന്ന ഫിഷറീസ് മേഖലയിൽ സർക്കാരും മീൻപിടുത്തക്കാരും ഒരു കോ–മാനേജ്മെൻറ് സമീപനം സ്വീകരിക്കണം.

ഫിഷറീസ് മാനേജ്മെൻറ് എന്ന ആശയം പാശ്ചാത്യരാജ്യങ്ങളിലെ ശീതസമുദ്രമേഖലയിൽ നിന്നുണ്ടായതാണ് എന്ന് വിവേകാനന്ദൻ ചൂണ്ടിക്കാണിച്ചു. അവിടെയൊക്കെ വൈവിധ്യം കുറവും എണ്ണം കൂടുതലുള്ളതുമായ മത്സ്യജാതികളെ അടിസ്ഥാനപ്പെടുത്തിയുള്ള ഫ്ലീറ്റ് മത്സ്യബന്ധനം നിയന്ത്രിച്ചിരിക്കുന്നു. എന്നാൽ കേരളത്തിലും ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെയും നാനാജാതി മത്സ്യങ്ങളെക്കൊണ്ട് സമ്പന്നമായ ഉഷ്ണമേഖലാ സമുദ്രങ്ങളിൽ പലതരത്തിലുള്ള വലകളും ബോട്ടുകളും ഉപയോഗിക്കപ്പെടുന്നു. മിതശീതോഷ്ണ മേഖലകളിലെ നന്നായി നടന്നുപോന്ന മത്സ്യമേഖലയിൽപോലും കോഡ, ഹെറിങ്, ആഞ്ചോവീസ് എന്നീ മത്സ്യജാതികൾ തകർന്നടിഞ്ഞു. പാശ്ചാത്യരാജ്യങ്ങളുടെ മാനേജ്മെൻറ് ആശയങ്ങളിൽനിന്ന് നമുക്ക് പലതും പഠിക്കാമെങ്കിലും അവരുടെ മാർഗ്ഗങ്ങളും സമീപനങ്ങളും അതേപടി പകർത്താനാവില്ല. നമ്മുടെ നാട്ടിൽ

അനവധി വ്യത്യസ്ത പരമ്പരാഗത സാമൂഹികസംഘടനകളും (ഒട്ടേറെ എണ്ണം മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്) കരനില പോലുള്ള ആചാരങ്ങളും മൂല്യങ്ങളും നിലനിന്നുപോരുന്നു. ഇവയെല്ലാം കണക്കിലെടുത്തു വേണം ഇവിടെ ഫിഷറീസ് മാനേജ്മെൻറ് നടപ്പാക്കാൻ. ഇന്ത്യൻ സമുദ്രങ്ങളിലെ നിരവധി മത്സ്യജാതികൾക്ക് അതിർത്തികൾ ബാധകമല്ല. അവർ ഗ്രാമ, ജില്ല, സംസ്ഥാനാതിർത്തികൾപോലും കടന്നു യാത്രചെയ്യുന്നു. അങ്ങനെയുള്ളപ്പോൾ പ്രാദേശികതലത്തിൽ മാത്രം സംവിധാനങ്ങളുണ്ടായാൽ പോരാ. ഉദാഹരണത്തിന്, മത്തി പടിഞ്ഞാറേ തീരത്തെ അറബിക്കടലിൽ നിന്നു കിഴക്കൻ തീരത്തെ ബംഗാൾ ഉൾക്കടലിലേക്ക് യാത്ര ചെയ്യുന്നു. അതുകൊണ്ടുതന്നെ ഒരു ബഹുതല മാനേജ്മെൻറ് സംവിധാനം കൂടിയേ കഴിയൂ.

ആര് മീൻ പിടിക്കണം, ആര് പിടിക്കരുത് എന്ന ചോദ്യത്തിന് ഇവിടെ വലിയ പ്രസക്തിയുണ്ട്. 1980–കളിൽ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങൾ ഈ ചോദ്യമുയർത്തി. ഇതിന്റെ മറുപടിയായിരുന്നു ട്രോളിങ് നിരോധനം എന്ന മാനേജ്മെൻറ് മാർഗ്ഗം. ഇന്ന് കൂടുതൽ കുതിരശക്തി (HP) യുമായി കടലിൽ പോകുന്നവർ വലിയ അളവിൽ മീൻപിടിക്കുന്നു. ഇതിനെ നിയന്ത്രിക്കാൻ നിയമങ്ങൾ വേണം. അതേസമയംതന്നെ, മാനേജ്മെൻറ് മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിൽ മീൻപിടുത്തക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ ആകുമെന്ന് വിവേകാനന്ദൻ പരാമർശിച്ചു.

### 4.3. ബദൽ ഉപജീവനമാർഗങ്ങൾ: തീരമൈത്രി നൽകുന്ന പാഠം

*എ.കെ. മാത്യു, ഫോർമർ കൺസൾട്ടന്റ്, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ*

*അദ്ധ്യക്ഷൻ: വി.ആർ. അജിത് കുമാർ, സെക്രട്ടറി, ചിറക്കര പഞ്ചായത്ത്, കൊല്ലം കേരളം*

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന് ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൽനിന്നും ലഭിച്ച ധനസഹായമാണ് തീരമൈത്രി തുടങ്ങാൻ പ്രധാനമായും ഇടയാക്കിയതെന്ന് മാത്യു തുടക്കത്തിൽ തന്നെ വ്യക്തമാക്കി. ഈ ധനസഹായവും പ്രധാനമന്ത്രി ദുരിതാശ്വാസനിധിയിൽ നിന്നുള്ള തുകയും ചേർത്ത് ഒരു പദ്ധതിക്കായി ചെലവഴിക്കാൻ സർക്കാർ തീരുമാനിച്ചു. ഫണ്ട് നൽകിയതിനു പുറമേ പദ്ധതിയുടെ മേൽനോട്ട് നിരീക്ഷണവും നടത്തിയ എ.ഡി.ബി. സർക്കാരിതര സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ വേണം ഫണ്ടിന്റെ വിനിയോഗം നടത്താനെന്ന നിബന്ധന മുന്നോട്ടുവച്ചിരുന്നു. സർക്കാർ അതിന് തയ്യാറായില്ല. പകരം ഫിഷറീസ് വകുപ്പിന്റെ പ്രോജക്ട് ഇംപ്ലിമെന്റിങ് യൂണിറ്റ് ആറ് ഏജൻസികളെ സഹകരിപ്പിച്ച്, ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ് സൊസൈറ്റി (FIRMA), ഏജൻസി ഫോർ ഡെവലപ്മെൻറ് ഓഫ് അക്വാകൾച്ചർ (ADAK), മത്സ്യഫെഡ് (The Kerala State Co-operative Federation for Fisheries Development), ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി (FFDA), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ്

മാനേജ്മെൻറ് (NIFAM), സൊസൈറ്റി ഫോർ അസിസ്റ്റൻറ് ടു ഫിഷർമെൻ (SAF). കൂടാതെ, സാങ്കേതിക പിന്തുണയ്ക്കായി ചില ഏജൻസികളുടെ സഹകരണവും തേടി. റൂറൽ ഇൻഡഗ്രേറ്റഡ് ടെക്നോളജി സെൻറർ (IRTC), സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എൻറർപ്രനോർഷിപ്പ് ഡവലപ്മെൻറ് (C-STED), സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF), ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റി (QSSS), കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി (KSSS), ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി തുടങ്ങിയ ഏജൻസികളാണ് അവ.



*എ.കെ. മാത്യു, ഫോർമർ കൺസൾട്ടന്റ്, തീരമൈത്രി പദ്ധതി, ഫിഷറീസ് വകുപ്പ്, ബദൽ ഉപജീവനമാർഗങ്ങളെക്കുറിച്ച് സംസാരിക്കുന്നു. തീരമൈത്രിയുടെ തുടക്കം മുതലുള്ള തന്റെ അനുഭവങ്ങൾ, അതിന്റെ പ്രവർത്തനങ്ങൾ, വികസന സാധ്യതകൾ എന്നിവയെല്ലാം അദ്ദേഹം വിശദീകരിച്ചു*

പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കിയത് 2006-2010 കാലത്താണ്. സംസ്ഥാനത്തെ തീരപ്രദേശമൊട്ടാകെ 2,500 മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ തുടങ്ങി. ഒൻപത് ജില്ലകളിൽ നിന്നായി 120 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരിച്ചു. പതിനായിരത്തോളം ഗുണഭോക്താക്കളും ഓരോ

ഗുണഭോക്താവിന് ഒറ്റത്തവണ സഹായമായി എ.ഡി.ബി. ഗ്രാന്റിൽനിന്നും ഒരു ലക്ഷം രൂപ ലഭിച്ചു. പദ്ധതിക്കാലയളവിൽ 160 കോടി രൂപ ചെലവഴിച്ചു.

പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന്റെ ഭാഗമായി, 2010-ൽ ഒരു പുതിയ സുസ്ഥിരത പദ്ധതി 'തീരമൈത്രി' എന്ന പേരിൽ തയ്യാറാക്കി എ.ഡി.ബി.ക്ക് സമർപ്പിച്ചു. ഈ പദ്ധതി മത്സ്യത്തൊഴിലാളിക്കുടുംബങ്ങളിലെ സ്ത്രീകൾക്ക് ബദൽ ഉപജീവനമാർഗങ്ങൾ തുറന്നുകൊടുക്കുന്നതിനു വേണ്ടിയായിരുന്നു. 2010-11 കാലയളവിൽ ഒരു വിപുലമായ സർവ്വേ നടത്തുകയും 114 പഞ്ചായത്തുകളിൽ നിന്നായി 1340 യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിൽ 600 യൂണിറ്റുകൾ SAF-നു കീഴിലായിരുന്നു. എല്ലാ പഞ്ചായത്തുകളിലും തീരമൈത്രി യൂണിറ്റുകൾ രൂപീകരിച്ചു. 242 തീരമൈത്രി, കൗൺസിൽ നേതാക്കൾക്കായി പത്തുദിവസത്തെ പരിശീലനം IRTC-യിൽ വച്ചു നടത്തി. 2011 മുതൽ തീരമൈത്രി പദ്ധതിയെ സംസ്ഥാന ബജറ്റിലും പദ്ധതിയിലും ഉൾപ്പെടുത്താൻ തുടങ്ങി. ഓരോ വർഷവും ഏഴുമുതൽ എട്ടുകോടി രൂപ വരെ പദ്ധതിക്കായി വകയിരുത്തി. ഓരോ വർഷവും ശരാശരി 100 പുതിയ പ്രവർത്തനഗ്രൂപ്പുകൾ ആരംഭിച്ചു. ഓരോ ഗ്രൂപ്പിലും രണ്ടു മുതൽ അഞ്ച് അംഗങ്ങൾ വരെ ഉണ്ടാകും. ഓരോ അംഗത്തിനും ഒരു ലക്ഷം രൂപ വരെ ഗ്രാന്റ് കിട്ടാൻ അർഹതയുണ്ട്. ഇത് പദ്ധതിത്തുകയുടെ 75 ശതമാനമാണ്. ബാക്കി 20 ശതമാനം ബാങ്ക് വായ്പയും അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമായിരുന്നു. 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള സ്ത്രീകളുടെ കച്ചവടസംരംഭങ്ങൾക്കാണ് പദ്ധതി സഹായം ലഭിച്ചിരുന്നത്. ഇവരെ തിരഞ്ഞെടുത്ത ശേഷം അവരുടെ പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതികസഹായവും നൽകി. ഇതിനായി മാത്രം നിയുക്തമായ ഒരു ടീമായിരുന്നു പദ്ധതിയുടെ ചുമതലക്കാർ. ഒരു ശതമാനത്തിൽ താഴെ നാമമാത്രമായിരുന്നു അഴിമതി. ഈ പദ്ധതിയിലൂടെ തുടങ്ങിയ ബിസിനസ്സുകൾ തയ്യൽ യൂണിറ്റുകൾ, പലചരക്ക് കടകൾ, പലഹാര യൂണിറ്റുകൾ, ഫ്ലോർ മില്ലുകൾ, ബ്യൂട്ടിപാർലറുകൾ, ഉണക്കമീൻ വില്പന എന്നിവയാണ്. ഇപ്പോൾ സജീവമായ 1400 യൂണിറ്റുകളിൽ 450 തയ്യൽക്കടകളും, 100-150 ബോട്ടിക്കുകളും 100-150 പലചരക്കുകടകളും 60-70 ഫ്ലോർ മില്ലുകളും 45 ബ്യൂട്ടി പാർലറുകളുമാണ്. തൃശ്ശൂരിന് വടക്ക് സൂപ്പർമാർക്കറ്റുകളും കടൽഭക്ഷണശാലകളുമുണ്ട്.

ഈ പുതിയ പദ്ധതി നിലവിൽവന്നശേഷം 1400 സജീവ ഗ്രൂപ്പുകൾ ഉണ്ടായി. ഇതിലൂടെ 5000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നേരിട്ട് തൊഴിലും വരുമാനവും ലഭിച്ചു. വാർഷികവരുമാനം 80 കോടി രൂപയിൽ കൂടുതലായി. പ്രതിമാസം ലാഭം/വരുമാനം ശരാശരി 250 ലക്ഷം രൂപയാണ്. ദിവസേന അഞ്ചു മുതൽ 6 മണിക്കൂർ വരെയുള്ള അധ്വാനത്തിലൂടെയാണ് ഇത് നേടിയത്. പ്രതിവർഷം 12 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. ബാങ്ക് വായ്പാതിരിച്ചടവുകളും നന്നായി നടക്കുന്നു. സംസ്ഥാനമൊട്ടാകെ 114 തീരമൈത്രി കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും തീരമൈത്രി കൗൺസിലിന്റെ രക്ഷാകർതൃത്വം അവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. പഞ്ചായത്ത് പ്രസിഡൻറാണ് കൗൺസിലിന്റെ അദ്ധ്യക്ഷ. മത്സ്യഫെഡ് ഉദ്യോഗസ്ഥൻ അതിന്റെ ട്രഷററും. പ്രവർത്തന ഗ്രൂപ്പുകളുടെ

പ്രതിനിധികളും കൗൺസിലിൽ അംഗങ്ങളാണ്. നിരവധി പഞ്ചായത്തുകൾ തീരമൈത്രിയുടെ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താറുണ്ട്. തുടർന്ന്, മാത്യു പദ്ധതി മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചു. ഭാവിയിൽ കാറ്റഗറി അടിസ്ഥാനത്തിൽ ഫെഡറേഷനുകൾ രൂപീകരിക്കുന്നത് പദ്ധതിക്ക് ഗുണം ചെയ്യും. വ്യക്തികളെയും കുടുംബങ്ങളെയും ബിസിനസ് യൂണിറ്റുകളായി കണക്കാക്കണം. ഒപ്പം പഞ്ചായത്തുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം. ഫിഷറീസ് വകുപ്പിലുള്ള SAF-നെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ദീർഘവീക്ഷണമുള്ള നേതൃത്വം ഉയർന്നുവരണം.

മാത്യുവിന്റെ അവതരണത്തിനുശേഷം സീറ്റാ ദാസൻ (SEWA) തീരമൈത്രി കൂട്ടായ്മകൾക്ക് സബ്സിഡി ലഭിക്കുന്നതിലെ കാലതാമസത്തെപ്പറ്റി സംസാരിച്ചു.

## 5. ഗ്രൂപ്പ് ചർച്ച

*അദ്ധ്യക്ഷൻ: ജാക്സൺ പൊള്ളയിൽ, പ്രസിഡൻറ്, KSMTF.*

ശില്പശാലയിൽ പങ്കെടുത്തവരെ മൂന്നുഗ്രൂപ്പുകളായി തിരിച്ചു. ചില ചോദ്യങ്ങൾ ചർച്ച ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. ചോദ്യങ്ങൾ ഇവയാണ്:

1. മത്സ്യബന്ധനവും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട കടൽസുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പങ്കുണ്ടെന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ, ആ പങ്കിനെ എങ്ങനെ നിർവചിക്കാം? സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കാം.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെ കടൽസുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണം വളർത്താൻ കഴിയും?

3. ഫലപ്രദമായ ഫിഷറീസ് മാനേജ്മെൻറ് കടൽസുരക്ഷ മെച്ചപ്പെടുത്താൻ പങ്കുവഹിക്കും എന്നതിനോട് യോജിക്കുന്നുണ്ടോ? ഫിഷറീസ് മാനേജ്മെന്റിനെപ്പറ്റിയുള്ള അവബോധം വളർത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതു രീതിയിൽ സംഭാവന ചെയ്യാൻ കഴിയും?

4. കടൽസുരക്ഷയ്ക്കായുള്ള തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്താനും സമുദായ പങ്കാളിത്തം ശക്തിപ്പെടുത്താനും കടലിൽ വെച്ചുള്ള അപകടങ്ങളും മരണങ്ങളും കുറയ്ക്കാനായി വിവിധ ഏജൻസികളുടെ ഏകോപനം മെച്ചപ്പെടുത്താനും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

### 5.1 ഗ്രൂപ്പ് 1

ആശയവിനിമയവും ഏകോപനവും മെച്ചപ്പെടുത്തുന്നതിലൂടെയും സുരക്ഷാ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും മത്സ്യബന്ധന പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലൂടെയും കൃത്യമായ മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിൽ

പഞ്ചായത്തുകൾക്ക് നിർണായകമായ പങ്കുവഹിക്കാൻ കഴിയുമെന്ന് ഗ്രൂപ്പ് 1 അഭിപ്രായപ്പെട്ടു. ഈ മാർഗ്ഗങ്ങൾ താഴെ ചുരുക്കത്തിൽ വിശദീകരിക്കുന്നു:

ആശയവിനിമയം, കൂട്ടായ പ്രവർത്തനം, ഏകോപനം: മത്സ്യത്തൊഴിലാളികളും കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ്, കാലാവസ്ഥാവകുപ്പ് എന്നിങ്ങനെയുള്ള ബന്ധപ്പെട്ട അധികൃതരും ഉൾപ്പെടുന്ന ഒരു ആശയവിനിമയ ശൃംഖലയും ഏകോപന സംവിധാനവും സ്ഥാപിക്കുക. ഇതിലൂടെ കാലാവസ്ഥാമാറ്റങ്ങൾ, കടലിലെ ആപത്തുകൾ, രക്ഷാപ്രവർത്തനങ്ങൾ കൃത്യസമയത്ത് കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാം.

സുരക്ഷാ നടപടികൾ പ്രോത്സാഹിപ്പിക്കൽ: ലൈഫ് ജാക്കറ്റ്, അടിയന്തര ആശയവിനിമയ ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം, സുരക്ഷിത നാവിഗേഷൻ ചട്ടങ്ങൾ പാലിക്കൽ എന്നിവയെക്കുറിച്ച് മീൻപിടുത്തക്കാരെ ബോധവാന്മാരാക്കാൻ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കഴിയും. സുരക്ഷാ ഉപകരണങ്ങൾ മീൻപിടുത്തക്കാർക്ക് ലഭ്യമാക്കാനും അവർക്ക് സാധിക്കും.

മത്സ്യബന്ധന പ്രവർത്തനങ്ങൾ നിരീക്ഷിക്കൽ: മീൻപിടുത്ത ഉപാധികൾ, മേഖലകൾ, രീതികൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നെന്ന് ഉറപ്പുവരുത്താനുള്ള നിരീക്ഷണം. ഇതിലൂടെ കടലിലെ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കും.

സുസ്ഥിര മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കൽ: മത്സ്യബന്ധനം കടലിലെ ആവാസവ്യവസ്ഥകളിൽ ഏൽപ്പിക്കുന്ന ആഘാതം കുറയ്ക്കാൻ സഹായിക്കുന്ന സുസ്ഥിര രീതികൾ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുള്ള മത്സ്യസമ്പത്തിന്റെ ശേഷി മെച്ചപ്പെടും. കടലിൽ സംരക്ഷിതമേഖലകൾ സൃഷ്ടിക്കുന്നതും മെച്ചപ്പെട്ട മീൻപിടിത്ത രീതികൾ പ്രോത്സാഹിപ്പിക്കുന്നതും മീൻപിടുത്ത സീസണുകളും ക്വാട്ടയും നിയന്ത്രിക്കുന്നതും ഇതിൽ ഉൾപ്പെടും.

മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളുടെ വികസനം: വരാൻ പോകുന്ന കാലാവസ്ഥാമാറ്റങ്ങളും ആപത്തുകളും കാലേക്കൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കാനുള്ള സംവിധാനം വികസിപ്പിക്കൽ. അപകടം നിറഞ്ഞ മേഖലകൾ ഒഴിവാക്കി സുരക്ഷിതമായി കര അണയാൻ അവരെ സഹായിക്കാൻ പഞ്ചായത്തുകൾക്ക് കഴിയും.

മെച്ചപ്പെട്ട മേഖല നിർദ്ദിഷ്ട ദുരന്തനിവാരണ പദ്ധതികൾ വികസിപ്പിച്ചെടുക്കൽ: KSDM പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തുന്ന കൂടുതൽ കേന്ദ്രീകൃതവും മേഖലാകേന്ദ്രീകൃതവുമായ ശാസ്ത്രീയ ഗവേഷണങ്ങൾ ഇത്തരം പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കും. ഓരോ മേഖലയുടെ പ്രത്യേകതകൾ അനുസരിച്ച് ERT അംഗങ്ങളെ പരിശീലിപ്പിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയും.



*ചർച്ചയിലേർപ്പെട്ടിരിക്കുന്ന ഗ്രൂപ്പ് 1. സമുദായ പങ്കാളിത്തത്തിനും സുസ്ഥിര രീതികൾക്കും മത്സ്യസമ്പത്തും ആവാസവ്യവസ്ഥ സംരക്ഷിക്കാനുള്ള ചട്ടങ്ങൾ പാലിക്കാനും വഴിയൊരുക്കുക വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായ ഫിഷറീസ് മാനേജ്മെന്റിലും കടൽസുരക്ഷയിലും വലിയ പങ്കുവഹിക്കാൻ കഴിയും. ഇതാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർണായക സംഗതി*

സമുദായ പങ്കാളിത്തം, സുസ്ഥിര രീതികൾ അവലംബിക്കൽ, മത്സ്യസമ്പത്തും ആവാസവ്യവസ്ഥകളും സംരക്ഷിക്കാനുള്ള ചട്ടങ്ങൾ പാലിക്കൽ എന്നീ കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയൊരുക്കുന്നതിലൂടെ കൂടുതൽ ഫലപ്രദവും സുസ്ഥിരവുമായ ഫിഷറീസ് മാനേജ്മെൻറ് നടപ്പാക്കാൻ കഴിയും.

മീൻപിടുത്ത സുരക്ഷാ ചട്ടങ്ങൾ പാലിക്കൽ: പിടിക്കുന്ന മീനിന്റെ വലിപ്പവും അളവും നിയന്ത്രിക്കുക, സീസണുകളിലെ മീൻപിടുത്ത നിരോധനം നടപ്പാക്കുക, നശീകരണ മത്സ്യബന്ധന രീതികൾ നിരോധിക്കുക, മോശം കാലാവസ്ഥയിൽ മീൻപിടുത്തം നിയന്ത്രിക്കുക, ഓരോ ബോട്ടിന്റെയും പോക്കുവരവ് രേഖപ്പെടുത്തുക. രക്ഷാപ്രവർത്തനങ്ങളിൽ മത്സ്യബന്ധനത്തൊഴിലാളികൾക്കും പങ്കുവഹിക്കാൻ കഴിയും.

സമുദായ പങ്കാളിത്തം: മത്സ്യസഭ പോലെ ഫലപ്രദവും ജനാധിപത്യപരവുമായ ഫോറങ്ങളിലൂടെ തീരുമാനമെടുക്കാനുള്ള പ്രക്രിയയിൽ പ്രാദേശിക മീൻപിടുത്തക്കാരെ പങ്കാളികളാക്കുക. ഇപ്രകാരം അവരുടെ അറിവും കാഴ്ചപ്പാടുംകൂടി കണക്കിലെടുത്ത് കൂടുതൽ ഗുണകരമായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കും.

ഫിഷ് ലാൻഡിങ് സെൻററുകളുടെ പരിപാലനം: ലാൻഡിങ് സെൻററുകൾ വൃത്തിയായി പരിപാലിക്കുക, മത്സ്യം സുസ്ഥിരവും ഉത്തരവാദപൂർണവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.

സുസ്ഥിര അക്വാകൾച്ചറിന്റെ പ്രോത്സാഹനം: പ്രത്യാഘാതങ്ങൾ കുറഞ്ഞ അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുക. പരിസ്ഥിതിസൗഹൃദമായ തീറ്റയും കൃഷിരീതികളും അവലംബിക്കുക.

**ശേഷിവികസനം:** ഫിഷറീസ് മാനേജ്മെന്റിൽ പ്രാദേശിക മീൻപിടുത്തക്കാരുടെയും തല്പരകക്ഷികളുടെയും ശേഷിപരിശീലന പരിപാടികളും മറ്റ് ശേഷി വികസന സംരംഭങ്ങളും നടത്തി വർദ്ധിപ്പിക്കുക. സുസ്ഥിര ഫിഷറീസ് മാനേജ്മെന്റിൽ ചുമതല വഹിക്കാനുള്ള അറിവും വൈദഗ്ധ്യവും പ്രാദേശിക സമുദായങ്ങൾക്കുണ്ടെന്ന് ഇതിലൂടെ ഉറപ്പുവരുത്താൻ കഴിയും.

കേരളത്തിലെ തീരദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫിഷറീസ് മാനേജ്മെൻറും കടൽസുരക്ഷയും മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കാനുള്ള സാധ്യതയുള്ളപ്പോഴും അവ നിരവധി പരിമിതികളും നേരിടുന്നു എന്നതാണ് വാസ്തവം.

പരിമിതമായ വിഭവങ്ങൾ: അവർക്ക് മിക്കവാറും പരിമിതമായ സാമ്പത്തിക, മനുഷ്യശേഷി വിഭവങ്ങളാണുള്ളത്. ഇതിന്റെ ഫലമായി അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും അടിയന്തരഘട്ടങ്ങളിൽ പ്രവർത്തിക്കാനും ചട്ടങ്ങൾ നടപ്പിലാക്കാനും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വേണ്ടുന്ന മനുഷ്യശേഷിയുടെയും കുറവ് അവരെ അലട്ടുന്നു. 'ഫെൽറ്റ് നീഡ്സ്'-ന് അനുസൃതമായി പദ്ധതികൾ തയ്യാറാക്കുന്നത് മാർഗനിർദ്ദേശലംഘനമായി ഓഡിറ്റിൽ കണക്കാക്കാനും അതുവഴി ഫണ്ട് ലാപ്സാകാനും ഇടയാകും. ഇതിനൊരുദാഹരണമാണ് വെള്ളപ്പൊക്കമുണ്ടായതിനെത്തുടർന്ന് കനോലി കനാലിൽ ചെളിയടിഞ്ഞ് ചേറ്റുവ നദിയുടെ ആഴംകുറഞ്ഞ് ആവാസവ്യവസ്ഥയ്ക്ക് വലിയ ആഘാതമുണ്ടായ സംഭവം. പക്ഷേ ഇത് പരിഹരിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്ത് പ്രതിബന്ധങ്ങൾ നേരിട്ടു. പ്രസ്തുത പദ്ധതി നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളുടെ ചട്ടക്കൂടിൽ വരാത്തതിനാൽ ഓഡിറ്റ് ചെയ്യുമ്പോൾ എതിർപ്പിന് ഇടവരുത്തും എന്നതാണ് കാരണം.

പരിമിതമായ സാങ്കേതിക വൈദഗ്ധ്യം: ഫലപ്രദമായി ഫിഷറീസ് മാനേജ്മെൻറ് നടപ്പിൽ വരുത്താനും കടൽസുരക്ഷ ഉറപ്പാക്കാനും വേണ്ടുന്ന സാങ്കേതികവൈദ്യമോ അറിവോ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. എന്നതിനാൽ ഈ മേഖലകളിൽ അവരുടെ ആസൂത്രണം, നടപ്പാക്കാൻ, നിരീക്ഷണം എന്നിവ അപര്യാപ്തമാകും.

വിഘടനം: ഫിഷറീസ് മാനേജ്മെൻറ്, കടൽസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കുമായി വിഭജിച്ചിരിക്കുന്നത് ചുമതലകൾ വിഘടിച്ചുപോകാനും ഏകോപനമില്ലാതെ വരാനും ഇടയാകും. ഇത് ചട്ടങ്ങൾ തടസ്സമില്ലാതെ നടപ്പാക്കാനും അടിയന്തരഘട്ടങ്ങളിൽ ഫലപ്രദമായി പ്രതികരിക്കാനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

അധികാരത്തിന്റെ അഭാവം: ഫിഷറീസ് മാനേജ്മെൻറ്, കടൽസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ട നിയമപരമായ അധികാരമോ ശേഷിയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. അതിനാൽ ചട്ടങ്ങൾ പാലിക്കാതെ വരികയും ചെയ്യും. മറ്റു കാര്യങ്ങളും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാൻ അവർക്ക് സാധിച്ചെന്ന് വരില്ല.

**രാഷ്ട്രീയ ഇടപെടൽ:** ഇത് എടുക്കുന്ന തീരുമാനങ്ങളുടെ ആധാരം ശാസ്ത്രമോ പ്രായോഗികതയോ അല്ല, മറിച്ച്, രാഷ്ട്രീയചായ്‌വ് ആകാൻ ഇടയാക്കുന്നു. ഫിഷറീസ് മാനേജ്മെന്റും കടൽസുരക്ഷയും നടപ്പാക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാൻ ഇടവരുത്തുന്നു.

ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിൽ സുസ്ഥിര ഫിഷറീസ് മാനേജ്മെന്റിലും കടൽസുരക്ഷയിലും വലിയ പങ്കുവയ്ക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെങ്കിലും അവയുടെ പരിമിതികളും കണക്കിലെടുക്കേണ്ടതുണ്ട്. അനുയോജ്യമായ ശേഷി വികസന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്ന നടപടികളിലൂടെ ഈ പരിമിതികളെ മറികടക്കേണ്ടത് അനിവാര്യമാണ്.

### 5.2 ഗ്രൂപ്പ് 2

കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിലും കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്: നിലവിൽ മത്സ്യബന്ധന, കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട കടൽസുരക്ഷ ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് സജീവമായ ചുമതലയില്ല. മീൻപിടുത്തക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുന്നത് ഫിഷറീസ് ഓഫീസർ മുഖേനയാണ്. പഞ്ചായത്തുകൾ സജീവമായി ചുമതലയേൽക്കണം. പക്ഷേ മനുഷ്യശേഷിവിഭവങ്ങളുടെ കുറവ് അവരെ അലട്ടുന്നു. അവരും ഫിഷറീസ് വകുപ്പും തമ്മിൽ മെച്ചപ്പെട്ട ഏകോപനമുണ്ടാകണം.

നിർദ്ദേശങ്ങൾ: (1) തീരദേശ, കടലോര പഞ്ചായത്തുകൾക്കെങ്കിലും ഓരോ ഫിഷറീസ് ഉദ്യോഗസ്ഥനെ വീതം നൽകണമെന്ന നിർദ്ദേശം ഉണ്ടായി. (2) മീൻപിടുത്തക്കാർക്കുകൂടി സൗകര്യപ്രദമായ ദിവസം പരിഗണിച്ച് (ഉദാ: ഞായറാഴ്ച) മത്സ്യസഭകൾ കൂടേണ്ടതാണ്. അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് സഭകൾ ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കും.

പഞ്ചായത്തുകളുടെ പങ്കിനെപ്പറ്റി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

പരമ്പരാഗത, അംഗീകൃത ലാൻഡിങ് സെൻററുകൾ (കടപ്പുറം) പരിപാലിക്കുന്നതിലും വികസിപ്പിക്കുന്നതിലും പഞ്ചായത്തുകൾ ഫിഷറീസ് വകുപ്പുമായി ഏകോപിച്ച് പ്രവർത്തിക്കണം. സ്റ്റോറേജ് യൂണിറ്റുകളും സംസ്കരണകേന്ദ്രങ്ങളും പോലെയുള്ള സൗകര്യങ്ങൾ ഇവയുമായി ബന്ധിപ്പിക്കരുത്. ഇവയുടെ വികസനത്തിന് ആവശ്യമായ വിഭവസമാഹരണത്തിന് ഏകീകരണം ആവശ്യമാണ്.

മോശം കാലാവസ്ഥമൂലം തൊഴിൽദിനങ്ങൾ നഷ്ടമാകുമ്പോൾ സമയബന്ധിതമായുള്ള സർക്കാരിന്റെ നഷ്ടപരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യാവുന്നതാണ്.

മത്സ്യഫെഡ് ഇൻഷ്വറൻസ് പ്രീമിയവും അവ വഴി അടയ്ക്കാനാകും. ഇത് നിലവിലെ മാർഗ്ഗനിർദ്ദേശ സൂചികയിലുൾപ്പെടുത്തണം.

കടൽസുരക്ഷ ഉറപ്പാക്കാനുള്ള മെച്ചപ്പെട്ട നിരീക്ഷണതന്ത്രം എന്ന നിലയിൽ കടപ്പുറത്ത് ഉരുക്കളുടെ നീക്കങ്ങൾ നിരീക്ഷിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം (ഉദാ: ക്യൂ.ആർ. കോഡ് അടിസ്ഥാനത്തിലുള്ള സംവിധാനം, പഞ്ചിങ് സൗകര്യം). ഇവയുടെ മേൽനോട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.



*ചർച്ചയിലേർപ്പെട്ടിരിക്കുന്ന ഗ്രൂപ്പ് 2. തീരദേശങ്ങളിലെയും കായലോരത്തെയും പഞ്ചായത്തുകൾക്ക് ഓരോ ഫിഷറീസ് ഉദ്യോഗസ്ഥനെ വീതം നൽകണമെന്ന നിർദ്ദേശം ചർച്ചയിൽ ഉയർന്നുവന്നു*

കടൽ സുരക്ഷ മെച്ചപ്പെടുത്തുന്നതിൽ പഞ്ചായത്തുകളുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

നിലവിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് ഫിഷറീസ് വകുപ്പാണ്. സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഇടപെടുന്നില്ല. വകുപ്പും പഞ്ചായത്തുകളും തമ്മിൽ മെച്ചപ്പെട്ട ഏകോപനം

ഉണ്ടാകണം. പഞ്ചായത്തുകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടുതൽ പ്രാദേശിക പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്ത് അവ സജീവമാക്കുന്നതിനും സഹായിക്കും.

അത്തരം ബോധവൽക്കരണ പരിശ്രമങ്ങളിൽ ബോട്ടുടമകൾ, കച്ചവടക്കാർ, സമുദായ നേതാക്കൾ പോലുള്ള തൽപരകക്ഷികളെ കൂടി ഉൾപ്പെടുത്തണം. ഈ കക്ഷികളുടെ സമ്മർദ്ദംമൂലം സർക്കാർസംവിധാനങ്ങളുടെ കാലാവസ്ഥാ മുന്നറിയിപ്പ് വകവയ്ക്കാതെ കടലിൽ പോകാൻ മീൻപിടിത്തക്കാർ നിർബന്ധിതരാകുന്നു.

തീരക്കടലിലെയും ഉൾക്കടലിലെയും കാലാവസ്ഥാവിവരങ്ങൾ വേർതിരിച്ച് നൽകേണ്ടതാണ്. ഇപ്പോൾ നൽകിവരുന്ന വിവരങ്ങൾ മിക്കതും ചെറുകിട മത്സ്യബന്ധനക്കാർക്ക് യാതൊരു പ്രയോജനവുമില്ലാത്തതാണ്.

ഫിഷറീസ് മാനേജ്മെന്റിൽ പഞ്ചായത്തുകളുടെ പങ്കിനെപ്പറ്റി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രൂപ്പ് മുന്നോട്ടുവച്ചു.

സമൂഹമാധ്യമങ്ങൾ, ജനകീയ കലകൾ തുടങ്ങിയ നവീനവും സംവേദനാത്മകവുമായ മാർഗങ്ങൾ ഉപയോഗിക്കാം.

ആവശ്യമായ തൽസമയ വിവരങ്ങൾ ഡിജിറ്റൽ ബോർഡിലൂടെ പ്രദർശിപ്പിക്കുക.

പ്രാദേശിക കടലിന്റെ ഒരു നിശ്ചിത മേഖലയിൽ (ഉദാ: ഇൻഡോനേഷ്യയിൽ മൂന്ന് നോട്ടിക്കൽ മൈൽ വരെ) ചട്ടങ്ങൾ നടപ്പാക്കാൻ പഞ്ചായത്തുകളെ അധികാരപ്പെടുത്തുന്നതുവഴി പിടിക്കുന്ന മത്സ്യത്തിന്റെ മിനിമം അളവ്, നിരോധിത വലകളുടെ ഉപയോഗം, വലക്കണ്ണിയുടെ വലിപ്പം എന്നീ കാര്യങ്ങളിൽ അവർക്ക് നടപടി സ്വീകരിക്കാൻ കഴിയും.

**കടൽസുരക്ഷാ തയ്യാറെടുപ്പ്:** കടലിലെ അപകടങ്ങൾ കുറയ്ക്കാൻ സമുദായ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്താനും ഏകോപനം മെച്ചപ്പെടുത്താനും പഞ്ചായത്തുകൾക്ക് എന്തുചെയ്യാൻ കഴിയും?

സമുദായത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രാദേശിക അടിയന്തിര പ്രതികരണ സംഘത്തെ (ERT) രൂപീകരിക്കാൻ പഞ്ചായത്തുകൾക്ക് ഫിഷറീസ് വകുപ്പുമായി കൈകോർക്കാം. ഈ സംഘത്തിന് ഡ്രോണുകൾപോലെയുള്ള തിരച്ചിൽ, രക്ഷാപ്രവർത്തന ഉപാധികൾ നൽകുകയും അവ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുകയും വേണം. കൂടാതെ അടിയന്തിര വൈദ്യസഹായം നൽകുന്നതിലും പരിശീലനം നൽകണം. ഈ സംഘത്തിന് ലൈഫ് ജാക്കറ്റുകൾ, പ്രഥമ ശുശ്രൂഷാകിറ്റ്, ഇന്ധനം തുടങ്ങിയവ പഞ്ചായത്തുകൾ വഴി നൽകാവുന്നതാണ്.

തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ, ആശയവിനിമയം എന്നിവ ഏകോപിപ്പിക്കാൻ പഞ്ചായത്തുകളുടെ പങ്കും അധികാരവും വർദ്ധിപ്പിക്കുക. ഇതുവഴി അടിയന്തിര ഘട്ടങ്ങളിൽ കാലതാമസം കൂടാതെ രക്ഷാപ്രവർത്തനം തുടങ്ങാൻ സാധിക്കും.

കടൽസുരക്ഷയ്ക്കായുള്ള ഒരു സുരക്ഷാപ്രോട്ടോകോൾ മുകളിൽ നൽകിയ നിർദ്ദേശങ്ങളും ചേർത്ത് താഴെത്തട്ടിൽനിന്നും മുകളിലേക്ക് എന്ന സമീപനത്തിലൂടെ വികസിപ്പിക്കുക. ഇതിനായി സർക്കാരിൽ നിന്നും സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക വിഭവസമാഹരണം നടത്താം.

## 5.3 ഗ്രൂപ്പ് 3

ഈ ഗ്രൂപ്പിൽ ചർച്ച ചെയ്ത പ്രധാന കാര്യങ്ങൾ ഇവയാണ്:

ദുരന്തനിവാരണത്തിനും കടൽസുരക്ഷയ്ക്കുമായി മത്സ്യത്തൊഴിലാളികളുടെ ഒരു സവിശേഷ അടിയന്തിര പ്രതികരണ ടീം (ERT) രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിലൂടെ സമുദായത്തിന്റെ പ്രാദേശികവൈദഗ്ധ്യം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താനാവും. ഓരോ തീരഗ്രാമത്തിനും കടൽദുരന്തങ്ങൾ നേരിടാൻ സജ്ജരാകുന്ന രീതിയിൽ പദ്ധതിയുണ്ടാകണം. സംഭവ്യമായ ദുരന്തങ്ങൾ മുൻകൂട്ടി കാണൽ, അവയോട് പൊരുത്തപ്പെടൽ, രക്ഷാപ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ ചുമതലകളും പങ്കും എന്നിവ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കണം. സമുദായത്തെ ബാധിക്കുന്ന പരിപാടികൾ സംബന്ധിച്ച തീരുമാനങ്ങളിൽ അവരുടെ പ്രാതിനിധ്യത്തിനുള്ള അവകാശം അംഗീകരിക്കേണ്ടത് പ്രധാനമാണ്. വ്യത്യസ്ത ലിംഗത്തിൽ പെട്ടവർ, തൊഴിലെടുക്കുന്നവർ, രാഷ്ട്രീയകക്ഷികൾ എന്നിവരുടെയെല്ലാം പ്രതിനിധികൾ ഉണ്ടാവണം. ഇവരുടെ സാന്നിധ്യം ഉറപ്പാക്കുന്നതിൽ സമയവും സ്ഥലവും സൂക്ഷ്മമായി പരിഗണിക്കേണ്ടിവരും. കൂടാതെ, ഉത്തരവാദിത്വം ഉറപ്പാക്കാൻ ഒരു മേൽത്തട്ട് ഘടനയുമുണ്ടാകണം. ഡാറ്റാ മാനേജ്മെൻറ് മെച്ചപ്പെടുത്താൻ കാലാവസ്ഥ, ദുരന്തവിവരങ്ങൾ സുരക്ഷാസന്ദേശങ്ങൾ എന്നിവ കൈമാറാൻ ഡിജിറ്റൽ സ്റ്റുഡിയോ പോലുള്ള സാങ്കേതിക ഉപാധികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടുതലായി ഉപയോഗിക്കണം. മത്സ്യബന്ധന വ്യവസായത്തിന്റെ അവകാശങ്ങളുടെ അവബോധം വളർത്താൻ സമുദായാംഗങ്ങൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നീ പല തലങ്ങളിൽ നിന്നുള്ളവരെ ഉൾക്കൊള്ളിച്ചുള്ള ഔപചാരികവും അനൗപചാരികവുമായ പ്രവർത്തനങ്ങൾക്കു കഴിയും. ദുരന്തങ്ങളുണ്ടാകുമ്പോൾ ഫലപ്രദമായി പ്രതികരിക്കാനായി ഫിഷറീസ്, കോസ്റ്റൽ പോലീസ്, സാങ്കേതിക വിദഗ്ധർ തുടങ്ങിയ വിവിധ വകുപ്പുകൾ ഏകോപനത്തോടെയും സഹകരണത്തോടെയും പ്രവർത്തിക്കേണ്ടതാണ്. ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയകൾ, VHF റേഡിയോകൾ, ഫ്ലെയറുകൾ, തീ കെടുത്താനുള്ള സാമഗ്രികൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതും ഏറ്റവും പുതിയ സാങ്കേതിക ഉപാധികൾ ഉപയോഗിക്കുന്നതും കടൽസുരക്ഷ ഉറപ്പാക്കാൻ അത്യാവശ്യമാണ്.



*ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പ് 3. സംഭവ്യമായ ദുരന്തങ്ങൾ മുൻകൂട്ടിക്കാണാനും പൊരുത്തപ്പെടാനും രക്ഷാപ്രവർത്തനം നടത്താനും സ്ഥാപനങ്ങളുടെ ചുമതലയും പങ്കും നിർവചിക്കാനും ഉതകുന്ന കടൽദുരന്തങ്ങളെ നേരിടാനുള്ള ഒരു പദ്ധതി ഓരോ തീരദേശ ഗ്രാമത്തിനും ഉണ്ടാകണം*

കടൽമാലിന്യങ്ങളുടെ പ്രശ്നം ഫലപ്രദമായി കൈകാര്യം ചെയ്യാൻ മീൻപിടിത്ത സമുദായത്തിന്റെ പങ്കാളിത്തത്തോടെ ഒരു സമുദ്ര ഹരിതകർമസേന രൂപീകരിക്കുന്നത് ഗുണപ്രദമാകും. അവർക്കുള്ള ഫീസ്, പ്ലാസ്റ്റിക് പുനരുപയോഗ യൂണിറ്റുകൾക്ക് നൽകാൻ സാധിക്കും. മീൻപിടിത്തക്കാർ നേരിടേണ്ടിവരുന്ന അപകടങ്ങൾ കുറയ്ക്കാൻ ഹാർബറുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. മുകളിൽ സൂചിപ്പിച്ച എല്ലാ മേഖലകളിലും പ്രാദേശിക അധികാരികൾക്ക് സജീവമായി ഇടപെടാൻ സാധിക്കണം. എന്നിരുന്നാലും, സർക്കാർ സ്ഥാപനങ്ങളെന്ന നിലയിൽ അവർ പല പരിമിതികളും സാമ്പത്തിക പരാധീനതകളും നേരിടുന്നു. ഇത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തെ പ്രതികൂലമായി ബാധിച്ചേക്കാം. ഇത് പരിഹരിക്കാനായി പര്യാപ്തമായ മനുഷ്യശേഷി, സാമ്പത്തിക വിഭവങ്ങൾ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**ഉപസംഹാരം**

എല്ലാ സെഷനുകളിലും ഗ്രൂപ്പ് ചർച്ചകളിലും ഉയർന്നുവന്ന നിർദ്ദേശങ്ങൾ സമാഹരിച്ചു. തുടർന്ന് ICSF ട്രസ്റ്റിന്റെ പ്രോഗ്രാം ഓഫീസർ നിവേദിത ശ്രീധർ നടത്തിയ നന്ദിപ്രകാശനത്തോടെ ശില്പശാല സമാപിച്ചു.

****

# അനുബന്ധം

## അനുബന്ധം 1

## ശില്പശാല: കടൽസുരക്ഷ, മത്സ്യപരിപാലന മേഖലകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

**01–02 മാർച്ച് 2023**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂർ, കേരള**

### ശില്പശാലയുടെ ശുപാർശകൾ

* ഓരോ പ്രാദേശിക സ്വയംഭരണസ്ഥാപനത്തിനും ഏറ്റവും കുറഞ്ഞത് 50 കുടുംബങ്ങളെങ്കിലും അടങ്ങിയ മത്സ്യബന്ധന സമൂഹങ്ങൾക്കുവേണ്ടി പ്രത്യേകം സബ്പ്ലാൻ തയ്യാറാക്കുക. കുടുംബങ്ങളുടെ എണ്ണവും പ്രാദേശിക ആവശ്യങ്ങളും പ്രശ്നങ്ങളും അനുസരിച്ച് ബജറ്റ് തുക നിശ്ചയിക്കാം.

* കേരളത്തിന്റെ തീരപ്രദേശത്തെ മത്സ്യബന്ധന സമൂഹങ്ങളുടെ ക്ഷേമവും ജീവിതനിലവാരവും കടൽസുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി ബജറ്റ് തുക വിലയിരുത്തുന്നതിനായി സാധ്യമായ പ്രവർത്തനങ്ങളും കൂടി അടങ്ങത്തക്ക രീതിയിൽ പ്ലാൻ ഗൈഡ്ലൈൻസ് അയവുള്ളതും നിശ്ചിതവുമാക്കുക.

* മത്സ്യബന്ധന സമൂഹങ്ങൾക്കു അനുയോജ്യമായ ഒരു സബ് പ്ലാനിങ് മാതൃകയായി പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കീഴിലുള്ള ട്രൈബൽ സബ് പ്ലാൻ സ്വീകരിക്കാവുന്നതാണ്.

* കടൽസുരക്ഷയ്ക്കും തീരദേശ, കടൽ, ഉൾനാടൻ ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾക്കും മത്സ്യത്തൊഴിലാളികളുടെ ജീവിതവും സാമൂഹിക വികസനവുമായി ബന്ധപ്പെട്ട ചുമതലകൾക്കും ചട്ടങ്ങളുണ്ടാക്കുക.

* മത്സ്യബന്ധന ഉപജീവന പദ്ധതികളുടെ പൊതുവായ സൗകര്യങ്ങൾ സബ് പ്ലാനുകളിൽ നിർബന്ധിത ഘടകങ്ങളാക്കുക.

* മത്സ്യബന്ധന സമൂഹങ്ങളുടെ പ്രാദേശിക ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം ശക്തിപ്പെടുത്തുക.

* മത്സ്യബന്ധനസമൂഹങ്ങളുടെ പ്രത്യക്ഷ ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഗൈഡ്ലൈൻസിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനമാണ് മത്സ്യസഭ. പഞ്ചായത്ത്, മുൻസിപ്പാലിറ്റി ആക്ടുകളിൽ ഇതിനുള്ള വകുപ്പ് ഉൾക്കൊള്ളിക്കുക വഴി എല്ലാ പഞ്ചായത്തുകളിലും മത്സ്യസഭകൾ നിർബന്ധിതമാക്കാം. മത്സ്യബന്ധനസമൂഹങ്ങളുടെ ജീവിതവുമായി

ബന്ധപ്പെട്ട നിൽക്കുന്ന പൊതുവായ വിഭവങ്ങളുടെ കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം മത്സ്യസഭകൾക്ക് ഉണ്ടാവണം.

* ഉൾനാടൻ മത്സ്യബന്ധന സമൂഹങ്ങളും മത്സ്യസഭകളുടെ അധികാരപരിധിയിൽ വരണം.

* സ്ത്രീ–പുരുഷ, തൊഴിൽ, രാഷ്ട്രീയ ഭേദമെന്യേ എല്ലാ ശ്രേണികളിൽനിന്നും പ്രാതിനിധ്യമുണ്ടാവണം. അവരുടെ സാന്നിധ്യം ഉറപ്പാക്കുന്നതിന് സമയം, സ്ഥലം എന്നീ ഘടകങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കണം. ചുമതലകൾ നിർവഹിക്കുന്നുണ്ടെന്നുറപ്പാക്കാൻ ഉന്നതതലത്തിൽ അധികാരശ്രേണി സ്ഥാപിക്കണം.

* ഫിഷറീസ് ഇൻസ്പെക്ടറുടെ നെറ്റ്‌വർക്ക് വിപുലപ്പെടുത്തുക.

* ഏറ്റവും കുറഞ്ഞത് 100 മത്സ്യബന്ധനകുടുംബങ്ങളെങ്കിലുമുള്ള അല്ലെങ്കിൽ ഒരു മത്സ്യബന്ധന ഗ്രാമമെങ്കിലും ഉള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ ഫിഷറീസ് ഇൻസ്പെക്ടറെ നിയമിക്കുക.

* പ്രോഗ്രാം ഇന്റഗ്രേഷനായി ഒരു സിസ്റ്റം തയ്യാറാക്കുക.

* ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും അധികാരപരിധിയിൽ മത്സ്യബന്ധന സമൂഹങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ സംയോജിപ്പിക്കുന്നതിനായി ഒരു സംവിധാനം കൊണ്ടുവരിക.

* ഇപ്പോഴുള്ള തീരമൈത്രി കൗൺസിൽ സിസ്റ്റം കൂടുതൽ ശക്തിപ്പെടുത്തുകയും നിയമാനുസൃതമാക്കുകയും ചെയ്യുക.

* മത്സ്യബന്ധന സമൂഹങ്ങൾക്കായുള്ള എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിന് ഈ സിസ്റ്റം ഉപയോഗപ്പെടുത്താം.

* മോശം കാലാവസ്ഥ മൂലം നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങൾക്ക് മതിയായ നഷ്ടപരിഹാരവും പാരാമെട്രിക് ഇൻഷുറൻസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുക.

* കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിന് ബോട്ടുകൾക്കായി ഒരു വെസ്സൽ മോണിറ്ററിങ് സിസ്റ്റം (ഉദാ: ക്യു.ആർ. കോഡ് അല്ലെങ്കിൽ പഞ്ചിങ് അടിസ്ഥാനപ്പെടുത്തിയുള്ളത്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

* പഞ്ചായത്ത് / മുൻസിപ്പാലിറ്റിയുടെ പങ്കാളിത്തത്തോടെ പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുക. KSDMA പോലുള്ള സ്ഥാപനങ്ങൾ വഴി എമർജൻസി റെസ്പോൺസ് ടീം (ERT) അംഗങ്ങൾക്ക് പരിശീലനവും ശേഷി വികസനവും സാധ്യമാക്കുക. രക്ഷാപ്രവർത്തനങ്ങൾ, തിരച്ചിൽ, ഡ്രോണുകൾ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം, പ്രഥമ ശുശ്രൂഷ എന്നിവയിലും ERT-യ്ക്ക് പരിശീലനം നൽകണം.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലൈഫ് ജാക്കറ്റുകൾ, ഇന്ധനം, ഫസ്റ്റ് എയ്ഡ് കിറ്റുകൾ മുതലായ അവശ്യസാധനങ്ങൾ ERT ടീമുകൾക്ക് വിതരണം ചെയ്യാം.

* തദ്ദേശസമൂഹങ്ങളുടെ പങ്കാളിത്തത്തോടെ ഒരു കടൽസുരക്ഷാ പ്രോട്ടോകോൾ പ്രാദേശിക തലത്തിൽ വികസിപ്പിക്കാം. ഇതിനുവേണ്ടിയുള്ള ചെലവ് സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ വഴി കണ്ടെത്താം.

* കടലിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി മത്സ്യബന്ധന സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ ഒരു മറൈൻ ഹരിതകർമ്മസേന രൂപീകരിക്കുക. പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റുകളിൽ നിന്നും യൂസർ ഫീ ചുമത്തുന്നതിൽനിന്നും മാലിന്യം നീക്കുന്നതിനുവേണ്ട ചെലവ് കണ്ടെത്താം.

* ഓവർ ഫിഷിങ്, മത്സ്യസമ്പത്ത് സംരക്ഷിക്കൽ, മത്സ്യബന്ധന പ്രവർത്തനങ്ങളുടെ സുരക്ഷ എന്നിവയിലുള്ള ചട്ടങ്ങൾ പാലിക്കാൻ ഫിഷറീസ് വകുപ്പുമായി സഹകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക. പിടിക്കുന്ന മീനിന്റെ വലിപ്പവും അളവും നിയന്ത്രിക്കുക, സീസണൽ മീൻപിടിത്ത നിരോധനം, വിനാശകാരിയായ മത്സ്യബന്ധന രീതികൾ നിരോധിക്കുക, തീവ്രമായ കാലാവസ്ഥയിൽ മീൻപിടുത്തം നിയന്ത്രിക്കുക, ഫിഷിങ് വെസ്സൽസിന്റെ നീക്കങ്ങൾ മോണിറ്റർ ചെയ്യുക, രക്ഷാപ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളികളുമായി ചേർന്ന് ഏകോപിപ്പിക്കുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും.

* മത്സ്യബന്ധന സമൂഹങ്ങളുടെയും ഫിഷറീസ് മാനേജ്മെന്റിലെ മറ്റു തൽപരകക്ഷികളുടെയും ശേഷി വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക. ഇതുവഴി സുസ്ഥിര ഫിഷറീസ് മാനേജ്മെന്റിന്റെ ഭാഗമാകാൻ വേണ്ട അറിവും കഴിവും തദ്ദേശ സമൂഹങ്ങൾ കൈവരിക്കും.

* മത്സ്യബന്ധന സമൂഹങ്ങൾക്കു വേണ്ടിയുള്ള വികസന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവരുടെ പദ്ധതികളിൽ സഹായിക്കുന്നതിനും വേണ്ടി ഒരു സ്ഥാപനം സ്ഥാപിക്കാൻ KILA-യെ സജ്ജമാക്കുക.

## അനുബന്ധം 2

ശില്പശാല: കാര്യപരിപാടി

ശില്പശാല: കടൽസുരക്ഷ, മത്സ്യപരിപാലന മേഖലകളിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

01–02 മാർച്ച് 2023

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂർ, കേരള

ഒന്നാം ദിവസം

**ബുധനാഴ്ച, 01 മാർച്ച് 2023**

08:30 AM – 09:00 AM ശില്പശാല രജിസ്ട്രേഷൻ

09:00 AM – 09:15 AM പ്രാരംഭ സെഷൻ

അദ്ധ്യക്ഷൻ: രാജേഷ് കെ., സീനിയർ അർബൻ ഫെലോ, KILA

09:15 AM – 09:45 AM സ്വാഗത പ്രസംഗം

സെബാസ്റ്റ്യൻ മാത്യു, എക്സിക്യൂട്ടീവ് ട്രസ്റ്റി, ICSF ട്രസ്റ്റ്

09:45 AM – 11:00 AM ആമുഖപ്രഭാഷണം

ഡോ. ജോയി ഇളമൺ, ഡയറക്ടർ ജനറൽ (DG), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ.

ചെറുകിട മത്സ്യബന്ധനരംഗത്ത് ഡ്രോൺ സഹായത്തോടെയുള്ള രക്ഷാപ്രവർത്തനങ്ങൾ: തളിക്കുളം അനുഭവം

ഗീത ഗോപി, മുൻ എംഎൽഎ, നാട്ടിക, കേരള

ദേവാംഗ് സുബിൽ, എൻജിനീയറിങ് വിദ്യാർത്ഥി, ഡ്രോൺ പൈലറ്റ് & ഫോട്ടോഗ്രാഫർ (വീഡിയോ അവതരണം)

11:00 AM – 11:30 AM പങ്കെടുക്കുന്നവർ സ്വയം പരിചയപ്പെടുത്തുന്നു.

11:30 AM – 11:45 AM ചായ / കോഫി ഇടവേള

11:45 AM – 12:15 PM സെഷൻ 01

അദ്ധ്യക്ഷൻ: വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്

മത്സ്യബന്ധനവികസനം, പരിപാലനം, ഉപജീവനം എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ: തിരഞ്ഞെടുത്ത തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കേസ് പഠനം

ഷിബിന ഇളയിൽ, ഗവേഷണ വിദ്യാർത്ഥിനി, സെൻട്രൽ യൂണിവേഴ്സിറ്റി, കാസർഗോഡ്, കേരള

12:15 PM – 01:15 PM പങ്കെടുത്തവർ പ്രതികരിക്കുന്നു

01:15 PM – 02:30 PM ലഞ്ച്

02:30 PM – 03:30 PM – സെഷൻ 02

അദ്ധ്യക്ഷൻ: ഡോ. എം.വി. ബൈജു, സീനിയർ സയന്റിസ്റ്റ്, ICAR-CIFT കടൽസുരക്ഷ മെച്ചപ്പെടുത്തുന്നതിലും IUU ഫിഷിങ് നിയന്ത്രിക്കുന്നതിലും പഞ്ചായത്തുകളുടെ പങ്ക്.

ഡോ. എം.കെ. സജീവൻ, പ്രൊഫസർ, വകുപ്പ് മേധാവി, ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻ സയൻസസ് (KUFOS)

03:30 PM – 04:30 PM – സെഷൻ 02 – തുടരുന്നു

അദ്ധ്യക്ഷൻ: എസ്. സന്തോഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ

കടൽസുരക്ഷ, മത്സ്യബന്ധന പരിപാലനം, സാമൂഹിക വികസനം എന്നിവയിൽ പഞ്ചായത്തുകളുടെ പങ്ക്

പി. അനീഷ്, അസിസ്റ്റൻറ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ, കേരള സർക്കാർ.

04:30 PM – 04:45 PM

ചായ / കോഫി ഇടവേള

**രണ്ടാം ദിവസം**

**വ്യാഴാഴ്ച 02, മാർച്ച് 2023**

09:30 AM – 10:00 AM സെഷൻ 02 തുടരുന്നു

അദ്ധ്യക്ഷൻ: വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്

ചെറുകിട മത്സ്യബന്ധന ജോലിയിലെ കടൽസുരക്ഷ

ജോൺ ജോർജ് T., മുൻ മർച്ചന്റ് നേവി നാവിഗേഷൻ ഓഫീസർ

സെഷൻ 03

അദ്ധ്യക്ഷൻ: അജീഷ് കെ., പ്രസിഡൻറ്, അഴീക്കോട് പഞ്ചായത്ത്, കണ്ണൂർ

സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിൽ പഞ്ചായത്തുകളുടെ പങ്ക്

10:00 AM – 10:30 PM – ഡോ. സി. രാമചന്ദ്രൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, ICAR-CMFRI

10:30 AM – 11:00 AM – ഡോ. രാജേഷ് കെ., സീനിയർ അർബൻ ഫെലോ, സെന്റർ ഫോർ അർബൻ ഗവർണൻസ്, KILA

11:00 AM – 11:30 AM – സുസ്ഥിര ഫിഷറീസ് മാനേജ്മെന്റും നമ്മുടെ സാഹചര്യങ്ങളും

വി. വിവേകാനന്ദൻ, ട്രസ്റ്റി, ICSF ട്രസ്റ്റ്

11:30 AM – 11:45 AM ചായ / കോഫി ഇടവേള

11:45 AM – 12:15 PM സെഷൻ 03 തുടരുന്നു

അദ്ധ്യക്ഷൻ: അജിത് കുമാർ വി.ആർ., സെക്രട്ടറി, ചിറക്കര പഞ്ചായത്ത്, കൊല്ലം

ബദൽ ഉപജീവനമാർഗ്ഗങ്ങൾ, തീരമൈത്രി നൽകുന്ന പാഠം

എ.കെ. മാത്യു, ഫോർമർ കൺസൽട്ടൻറ്, തീരമൈത്രി പദ്ധതി, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ

12:15 AM – 01:00 PM – ഗ്രൂപ്പ് ചർച്ച

01:00 PM – 02:00 PM – ലഞ്ച്

02:00 PM – 03:45 PM – (ഗ്രൂപ്പ് ചർച്ച തുടരുന്നു) ഗ്രൂപ്പ് റിപ്പോർട്ടുകളുടെ അവതരണം

03:45 PM – 04:30 PM – അദ്ധ്യക്ഷൻ: ജാക്സൺ പൊള്ളയിൽ, പ്രസിഡൻറ്, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

04:30 PM – 04:40 PM – നന്ദിപ്രകാശനം

നിവേദിത ശ്രീധർ, പ്രോഗ്രാം ഓഫീസർ, ICSF ട്രസ്റ്റ്

## അനുബന്ധം 3

ശില്പശാല: കടൽസുരക്ഷ, ഫിഷറീസ് മാനേജ്മെന്റ് മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

01–02 മാർച്ച് 2023

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ, കേരള

## ആശയക്കുറിപ്പ്

### i. ആമുഖം

കൂടിയാലോചനകളിലൂടെ സൃഷ്ടിക്കപ്പെട്ട ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ (SSF Guidelines) എന്ന രേഖയെ യുണൈറ്റഡ് നേഷൻസിന്റെ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ (FAO) കമ്മിറ്റി ഓഫ് ഫിഷറീസ് (COFI) –ന്റെ 2014–ൽ നടന്ന 31–ാം സെഷൻ അംഗീകരിച്ചു. പോഷകാഹാരം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ ചെറുകിട മത്സ്യബന്ധനരംഗത്തിന്റെ സംഭാവനകളെ പുഷ്ടിപ്പെടുത്തുന്നതിന്റെ പ്രാരംഭഘട്ടമാണ് SSF ഗൈഡ്‌ലൈൻസിന്റെ നടപ്പാക്കൽ. ഇതിന്റെ ഭാഗമായി ഫിഷറീസ് മാനേജ്മെൻറ്, കടൽസുരക്ഷ, സാമൂഹിക വികസനം എന്നിവയിൽ ഒരു അന്തർദേശീയ ശില്പശാല ഇൻറർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് (ICSF) ട്രസ്റ്റ് FAO–യുടെ പിന്തുണയോടെ സംഘടിപ്പിക്കുന്നു. ഈ ശില്പശാല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂരിൽ വച്ച് 2023 മാർച്ച് ഒന്നും രണ്ടും തീയതികളിൽ നടക്കുന്നതാണ്. കേരളത്തിന്റെ പഞ്ചായത്ത്, മത്സ്യത്തൊഴിലാളി, സാമൂഹിക, സമുദായ സംഘടനകൾ എന്നിവയുടെ പ്രതിനിധികളെ കൂടാതെ, കേരള സർക്കാരിന്റെ ഫിഷറീസ്, പഞ്ചായത്ത് വകുപ്പുകളുടെ പ്രതിനിധികളും പങ്കെടുക്കുന്നതാണ്.

### ii. പശ്ചാത്തലം

SSF ഗൈഡ് ലൈൻസിന്റെ രേഖ അവ പ്രാവർത്തികമാക്കുന്നതിന് വികേന്ദ്രിത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്കിനെ തിരിച്ചറിയുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ വികേന്ദ്രീയ രീതിയിൽ പ്രവർത്തിക്കാനുള്ള സംവിധാനം പ്രദാനം ചെയ്യുന്നുണ്ട്. ഈ ഭേദഗതികളുടെയും SSF ഗൈഡ് ലൈൻസിന്റെയും ലക്ഷ്യങ്ങൾ സാമ്പത്തിക വികസനവും പ്രാദേശികതലത്തിൽ സാമൂഹിക നീതിയും ഉറപ്പാക്കലാണ്.

2019 നവംബറിൽ SSF ഗൈഡ്‌ലൈൻസിനെപ്പറ്റി അവബോധം വളർത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (Local Self Government Institution - LSGIs) ഒരു ദേശീയ ശില്പശാല തൃശ്ശൂരിൽ വച്ച് നടന്നു. ശില്പശാല പ്രധാനമായും ചർച്ച ചെയ്തത് എങ്ങനെ ഇന്ത്യയിലെ തൃതീയ പഞ്ചായത്ത്, സംസ്ഥാന, കേന്ദ്ര-ഭരണ സംവിധാനം SSF ഗൈഡ്‌ലൈൻസ് പ്രാവർത്തികമാക്കുന്നതിൽ തുണയ്ക്കുമെന്നും ഇതിൽ എങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാകും എന്നായിരുന്നു. പല സെഷനുകളിലൂടെയും ഗ്രൂപ്പ് ചർച്ചകളിലൂടെയും ഉയർന്നുവന്ന നിർദ്ദേശങ്ങൾ തൽപരകക്ഷികളുടെ ശേഷിവികസനം ആവശ്യമായി വരുന്ന മൂന്ന് സുപ്രധാന കാര്യങ്ങളിലേക്ക് വെളിച്ചം വീശി.

എങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യബന്ധന സമൂഹങ്ങളുടെ (തീരദേശ, ഉൾനാടൻ) സാമൂഹിക വികസനത്തിൽ - കടൽ സുരക്ഷയടക്കം - പങ്കുവഹിക്കാം?

എങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വെള്ളത്തിലെയും തീരദേശത്തെയും ആവാസവ്യവസ്ഥകൾ കാര്യക്ഷമമായി പുനരുജ്ജീവിപ്പിക്കാനും സംരക്ഷിക്കാനും പാലിക്കാനും കഴിയും?

എങ്ങനെ തീരദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പൊതുസമൂഹം എന്നിവയ്ക്ക് പ്രാദേശിക ജനാധിപത്യ ഭരണ സംവിധാനങ്ങളിൽ മത്സ്യബന്ധന സമൂഹങ്ങൾക്കുള്ള പങ്കിനെ ശക്തിപ്പെടുത്താം?

### iii. ശില്പശാലയുടെ ലക്ഷ്യങ്ങൾ

താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് ശില്പശാലയുടെ ലക്ഷ്യങ്ങൾ നിർണയിച്ചത്.

1. 2019-ലെ ശില്പശാലയുടെ നിർദ്ദേശങ്ങൾ.

2. ആഗോള കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുള്ള ലോക്കൽ ആക്ഷൻ പ്ലാനിനു (LAPCC) വേണ്ടിയുള്ള KILA-യുടെ രീതിശാസ്ത്രം.

3. കടൽസുരക്ഷാപ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട ആവശ്യകത.

### ശില്പശാല ലക്ഷ്യമിടുന്നത്

കടൽസുരക്ഷാവിഷയങ്ങളെപ്പറ്റി പഞ്ചായത്തുകളുടെ അവബോധം വളർത്തുക

കടൽ, ഉൾനാടൻ ചെറുകിട മത്സ്യബന്ധന സമൂഹങ്ങളുടെ സാമൂഹിക വികസനം പ്രോത്സാഹിപ്പിക്കുക.

മത്സ്യത്തൊഴിലാളി സംഘടനകളെയും പഞ്ചായത്തുകളെയും സുസ്ഥിര ഫിഷറീസ് മാനേജ്മെന്റിന്റെ ഭാഗമാക്കാൻ സജ്ജരാക്കുക.

### IV. പ്രതീക്ഷിക്കുന്ന ഫലം

തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് വികസനപദ്ധതികളിൽ (Gram Panchayat Development Program – GPDP) ഫിഷറീസ് മാനേജ്മെന്റും സമുദായം അടിസ്ഥാനപ്പെടുത്തിയുള്ള കടൽസുരക്ഷാ തയ്യാറെടുപ്പുകളും സാമൂഹികവികസനവും ഉൾപ്പെടുത്താൻ പ്രേരിപ്പിക്കുന്നതിന് മത്സ്യബന്ധന, പൊതുസമൂഹ, സമുദായ സംഘടനകളെ സംവേദനക്ഷമരാക്കാൻ ശില്പശാല വിഭാവന ചെയ്യുന്നു. ഒരു തദ്ദേശ കടൽസുരക്ഷാപ്രോട്ടോകോൾ തീരക്കടലിലെയും അഴിമുഖത്തെയും മീൻപിടുത്തക്കാരുടെ സെർച്ച് ആൻഡ് റെസ്ക്യൂ (S&R) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. മാത്രമല്ല, നല്ല രീതിയിൽ ഏകോപിപ്പിച്ച ഉചിതമായ S&R-ന് പ്രവർത്തനങ്ങളെ വേണ്ടിവന്നാൽ ദേശീയതലത്തിലേക്കുപോലും വ്യാപിപ്പിക്കാൻ കഴിയും.

## അനുബന്ധം 4

ശില്പശാല: കടൽസുരക്ഷ, ഫിഷറീസ് മാനേജ്മെന്റ് മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

01–02 മാർച്ച് 2023

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂർ, കേരള

**പങ്കെടുത്തവർ**

**റിസോഴ്സ് പേഴ്സൺസ്**

1. പി. അനീഷ്

അസിസ്റ്റന്റ് ഡയറക്ടർ – ഫിഷറീസ്,

ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ

ഗവൺമെന്റ് ഓഫ് കേരള

കേരള

ഇമെയിൽ: adfvypin@gmail.com

2. എം.വി. ബൈജു

സീനിയർ സയന്റിസ്റ്റ്

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി

(ICAR–CISF)

CIFT ജങ്ഷൻ, വില്ലിങ്ടൺ ഐലൻഡ്

മത്സ്യപുരി പി.ഒ.

കൊച്ചി – 682029

കേരള

സെൽ: 9447464697

ഇമെയിൽ: vishnubaiju@yahoo.com

3. ദേവാംഗ് സുബിൽ (വെർച്വൽ)

അമൂല്യ, എറനാഴത്ത് ഹൗസ്, തളിക്കുളം

തൃശ്ശൂർ – 680569

കേരള

സെൽ: 8075488845

ഇമെയിൽ: dewsesubil@gmail.com

4. ഗീത ഗോപി

മുൻ എംഎൽഎ

കാക്കാട്ട് ഹൗസ്

കാരക്കാട് പി.ഒ.

ഗുരുവായൂർ – 680101

കേരള

സെൽ: 9961264111

ഇമെയിൽ: geethagopihousingboard123@gmail.com

5. സി. രാമചന്ദ്രൻ

പ്രിൻസിപ്പൽ സയന്റിസ്റ്റ്

സെൻട്രൽ മറൈൻ ഫിഷറീസ്

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFR)

പോസ്റ്റ് ബോക്സ് നമ്പർ: 1603

എറണാകുളം നോർത്ത് പി.ഒ.

കൊച്ചി – 682018

കേരള

സെൽ: 0484 2346362

ഇമെയിൽ: rAMchandrancnair@gmail.com

6. സജീവൻ എം.കെ.

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്

ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ്

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ്

ആൻഡ് ഓഷ്യൻ സയൻസസ് (KUFOS)

പനങ്ങാട് പി.ഒ., കൊച്ചി – 682506

കേരള

സെൽ: 9769586759

ഇമെയിൽ: sajeevanfsi@gmail.com

7. സന്തോഷ് കുമാർ എസ്.

ഡെപ്യൂട്ടി ഡയറക്ടർ

തിരുവനന്തപുരം

ഡിപ്പാർട്ട്മെൻറ് ഓഫീഷറീസ്

ഗവൺമെൻറ് ഓഫ് കേരള

കേരള

സെൽ: 9895354938

8. വി. വിവേകാനന്ദൻ

സെക്രട്ടറി, ഫിഷറീസ് മാനേജ്മെൻറ്

റിസോഴ്സ് സെൻറർ (Fish MARC)

ടി.സി. 24/1911-1, N.C. ഹോസ്പിറ്റൽ റോഡ്

തൈക്കാട് പി.ഒ.

തിരുവനന്തപുരം – 695014

കേരള

സെൽ: 9677034670 / 9847084840

ഇമെയിൽ: vivek.siffs@gmail.com

## FWOs / CSOs

9. അബ്ദുൽ റാസിക്

കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

കോഴിക്കോട്, കേരള

സെൽ: 9846550560

10. അനഘ ഇ.

TEO അടിമാലി, കേരള

സെൽ: 9747692282

11. ജാക്സൺ പൊള്ളയിൽ

സംസ്ഥാന പ്രസിഡൻറ്

കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

ആലപ്പുഴ കേരള

സെൽ: 9349447166

ഇമെയിൽ: jacKsonpollayil@gmail.com

12. ജോൺ ജോർജ് റ്റി.

58, ഉപാസന നഗർ

കൊല്ലം – 691001

കേരള

സെൽ: 9447902988

ഇമെയിൽ: johnswAMy@gmail.com

13. മേഴ്സി അലക്സാണ്ടർ

മെമ്പർ

സഖി വിമൻസ് റിസോഴ്സസ് സെൻറർ

കേരള

സെൽ: 9446041397

14. നവീൻജി എൻ.

സെക്രട്ടറി

ദി കോസ്റ്റൽ എഡ്യൂക്കേഷൻ ആൻഡ്

ഡെവലപ്മെൻറ് സൊസൈറ്റി (CoEDS)

അർത്തുങ്കൽ പി.ഒ.

ചേർത്തല, ആലപ്പുഴ – 688530

കേരള

സെൽ: 8590991018

ഇമെയിൽ: info.coeds@gmail.com

15. സീറ്റാ ദാസൻ

SEWA,

KRAD-51, കുതിരവട്ടം റോഡ്

കുന്നുംപുറം, തിരുവനന്തപുരം - 695001

കേരള

സെൽ: 9744984639

ഇമെയിൽ: seetadasan@gmail.com

16. വിൻസൻറ് ജയിൻ

ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ്

സൗത്ത് ഇന്ത്യ ഫെഡറേഷൻ ഓഫ്

ഫിഷർമെൻ സൊസൈറ്റീസ് (SIFFS)

കരമന, തിരുവനന്തപുരം - 695002

കേരള

ഇമെയിൽ: jain1.siffs@gmail.com

## ഡിപ്പാർട്ട്മെൻറ് ഓഫ് ഫിഷറീസ്

17. ഐശ്വര്യ എസ്.

ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ

ഫിഷറീസ് വകുപ്പ്, കേരള

സെൽ: 9495093414

18. ഫാത്തിമ പി.എ.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

മത്സ്യഭവൻ, ചാവക്കാട്, കേരള

സെൽ: 9947903111

19. പ്രമീള ഒ.വി.

ഫിഷറീസ് ഓഫീസർ

ഫിഷറീസ് വകുപ്പ്

കേരള

സെൽ: 9496389776

20. സുലേഖ എം.എൻ.

അസിസ്റ്റൻറ് ഡയറക്ടർ ഓഫ് ഫിഷറീസ്

ഫിഷറീസ് വകുപ്പ്

കേരള

സെൽ: 9496759609

21. പി.കെ. വേണുഗോപാലൻ

ഫിഷറീസ് ഓഫീസർ

ഫിഷറീസ് വകുപ്പ്

കാസർഗോഡ്, കേരള

സെൽ: 9497607023

22. സുലൈമാൻ എ.എ.

ഫിഷറീസ് ഓഫീസർ

ഫിഷറീസ് പെരുമ്പടപ്പ് ജി.പി.

മലപ്പുറം

ഫിഷറീസ് വകുപ്പ്

കേരള

സെൽ: 8848913165

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

23. അജയൻ എൻ.കെ.

ഹെഡ് ക്ലാർക്ക്

തുറവൂർ ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 6238766594

24. അജീഷ് കെ.

പ്രസിഡൻറ്

അഴീക്കോട് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9400105427

25. അജിത് കുമാർ വി.ആർ.

സെക്രട്ടറി

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9447210168

26. അജിത അനി

പ്രസിഡൻറ്

കഠിനംകുളം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9526798721

27. അക്ബർ പി.

മെമ്പർ

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 8157934600

28. അമിത സി.ഒ.

സെക്രട്ടറി

ചെറുണ്ണിയൂർ ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9496040747

29. അനിൽകുമാർ റ്റി.

സെക്രട്ടറി

ചെമ്മാഞ്ചേരി ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9846527431

30. ബാലകൃഷ്ണൻ എ.

കൗൺസിലർ

നീലേശ്വരം മുനിസിപ്പാലിറ്റി

കേരള

സെൽ: 9605759215

31. ബിന്ദു റ്റി.എസ്.

മെമ്പർ

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9544007420

32. ഇ.ആർ. ഷീല

മെമ്പർ

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9497654966

33. ജയിൻ വർഗീസ് പത്താടൻ

സെക്രട്ടറി

വടക്കേക്കര പഞ്ചായത്ത്

കേരള

ഫോൺ: 0484–244226

34. മുസ്തഫ റ്റി.എച്ച്.

മെമ്പർ

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 8075094212

35. പീതാംബരൻ ഐ.വി.

അസിസ്റ്റൻറ് സെക്രട്ടറി

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9961825874

36. രാജേഷ് ജെ.

സെക്രട്ടറി

കഠിനംകുളം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9447440340

37. റെക്സിലിൻ മേരി

മെമ്പർ

കഠിനംകുളം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 7909198149

38. ശാന്തകുമാരൻ

മെമ്പർ

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9072270068

39. സന്തോഷ് തൊപ്പിയൻ

അസിസ്റ്റൻറ് സെക്രട്ടറി

അഴീക്കോട് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9544680196

40. സതി കിഴക്കയിൽ

പ്രസിഡൻറ്

ചെമ്മനാഞ്ചേരി ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9539056842

41. സൗദ അബ്ദുള്ള

കേരള

സെൽ: 8113002011

42. ഷമീർ യു.വൈ

മെമ്പർ

കയ്പമംഗലം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9895503044

43. ഷിനിത വി.ഡി.

പ്രസിഡൻറ്

വലപ്പാട് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9061735838

44. ശോഭന രവി

പ്രസിഡന്റ്

കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 7025767872

45. സുശീല സോമൻ

മെമ്പർ

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9496046094

46. തപതി കെ.എ.

മെമ്പർ

വലപ്പാട് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 8848662365

47. സജീവൻ

പ്രസിഡൻറ്

വലിയപ്പറമ്പ് ഗ്രാമപഞ്ചായത്ത്

കേരള

സെൽ: 9447686106

48. വിനയരാജ് എം.കെ.

കൗൺസിലർ

നീലേശ്വര മുനിസിപ്പാലിറ്റി

കേരള

സെൽ: 8157966041

## KILA (കില)

49. ജോയ് ഇളമൺ

ഡയറക്ടർ ജനറൽ (DG)

മുളങ്കുന്നത്തുകാവ് പി.ഒ.

തൃശ്ശൂർ - 680 581

കേരള

Tel: 0487-2207000, 2201312

Tel: 0487-2201062

ഇമെയിൽ: director@kila.ac.in

50. രാജേഷ് കെ.

സീനിയർ അർബൻ ഫെലോ

സെന്റർ ഫോർ അർബൻ ഗവേണൻസ്

മുളങ്കുന്നത്തുകാവ് പി.ഒ.

തൃശ്ശൂർ – 680 581

കേരള

Tel: 91-0487-2207000, 2201312

Tel: 91-0487-2201062

ഇമെയിൽ: rajesh@kila.ac.in

51. ഷിബിന ഇളയിൽ

റിസർച്ച് സ്കോളർ

സെൻട്രൽ യൂണിവേഴ്സിറ്റി കാസർകോട്

കേരള

ഇമെയിൽ: shibinaeey@gmail.com

## ICSF സെക്രട്ടേറിയറ്റ്

52. ഗംഗ ദേവി

മാനേജർ അക്കൗണ്ട്സ്

നമ്പർ: 22, ഫസ്റ്റ് ഫ്ലോർ

വെങ്കടരത്തിനം നഗർ,

അഡയാർ, ചെന്നൈ – 600020

തമിഴ്നാട്

Tel: 044-24451216

ഇമെയിൽ: icsf@icsf.net

53. നിവേദിത ശ്രീധർ

പ്രോഗ്രാം ഓഫീസർ

നമ്പർ: 22, ഫസ്റ്റ് ഫ്ലോർ

വെങ്കടരത്തിനം നഗർ,

അഡയാർ, ചെന്നൈ – 600020

തമിഴ്നാട്

Tel: 044-24451216

ഇമെയിൽ: icsf@icsf.net

54. സെബാസ്റ്റ്യൻ മാത്യു

പ്രോഗ്രാം എക്സിക്യൂട്ടീവ്

നമ്പർ: 22, ഫസ്റ്റ് ഫ്ലോർ

വെങ്കടരത്തിനം നഗർ,

അഡയാർ, ചെന്നൈ – 600020

തമിഴ്നാട്

Tel: 044-24451216

ഇമെയിൽ: icsf@icsf.net

55. ശിവജ നായർ

പ്രോഗ്രാം എക്സിക്യൂട്ടീവ്

നമ്പർ: 22, ഫസ്റ്റ് ഫ്ലോർ

വെങ്കടരത്തിനം നഗർ,

അഡയാർ, ചെന്നൈ – 600020

തമിഴ്നാട്

Tel: 044-24451216

ഇമെയിൽ: icsf@icsf.net

56. എൻ വേണുഗോപാലൻ

പ്രോഗ്രാം മാനേജർ

നമ്പർ: 22, ഫസ്റ്റ് ഫ്ലോർ

വെങ്കടരത്തിനം നഗർ,

അഡയാർ, ചെന്നൈ - 600020

തമിഴ്നാട്

Tel: 044-24451216

ഇമെയിൽ: icsf@icsf.net

## അനുബന്ധം 5

ശില്പശാല: കടൽസുരക്ഷ, ഫിഷറീസ് മാനേജ്മെന്റ് എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

01–02 മാർച്ച് 2023

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂർ, കേരള

### പ്രതികരണം

(28 പേരിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ അടിസ്ഥാനപ്പെടുത്തിയത്)

### പ്രധാന നിർണയങ്ങൾ

കടൽസുരക്ഷയെപ്പറ്റിയുള്ള സെഷനുകൾ പങ്കെടുത്തവർക്ക് വളരെ പ്രസക്തമായി തോന്നി. അവരുടെ ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന സുസ്ഥിരവും ഉത്തരവാദിത്വപൂർണ്ണവുമായ മത്സ്യബന്ധനത്തെക്കുറിച്ച് ഒരു തുറന്ന സംവാദത്തിന് സെഷനുകൾ വേദിയൊരുക്കി. പാനലിനും ഗ്രൂപ്പ് ചർച്ചകൾക്കും കിട്ടിയ നല്ല പ്രതികരണങ്ങൾ വെളിവാക്കുന്നത് അതൊക്കെ ഫിഷറീസ് മേഖലയിലെ സങ്കീർണമായ വിഷയങ്ങൾ പരിശോധിക്കാനുതകുന്ന വഴികളാണെന്നാണ്. മാത്രവുമല്ല, മത്സ്യബന്ധന മേഖലയിൽ പഞ്ചായത്ത് പോലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വലിയ പങ്കിന്റെ സാധ്യതകളും പങ്കെടുത്തവർ തിരിച്ചറിഞ്ഞു.

### അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും

ഭാവിയിലെ ശില്പശാലകൾ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കുന്ന നിർദ്ദേശങ്ങളും പങ്കെടുത്തവരുടെ ഭാഗത്തുനിന്നുമുണ്ടായി. ഉയർന്നുവന്ന ഒരു നിർദ്ദേശം, മേഖലയിലെ നിർണായക വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ കൂടുതൽ വൈവിധ്യമേറിയ കാഴ്ചപ്പാടുകൾ ലഭിക്കാൻ മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്നും കൂടുതൽ പ്രതിനിധികളെ ക്ഷണിക്കണമെന്നതാണ്. ഇത് മീൻപിടുത്തക്കാരെ കാലാവസ്ഥാമാറ്റത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ കൂടുതൽ സജ്ജരാക്കും. പഞ്ചായത്ത് തലത്തിൽ കൂടുതൽ ഫിഷറീസ് മാനേജ്മെൻറ് കമ്മിറ്റികൾ വരേണ്ടതിന്റെ ആവശ്യകതയും പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ഇതിൽ സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. ഇങ്ങനെയുള്ളൊരു സംവിധാനം സുസ്ഥിര മത്സ്യബന്ധനത്തിനും കോ-മാനേജ്മെന്റ് രീതികൾക്കും വഴിതെളിക്കും. മറ്റൊരു നിർദ്ദേശം, മീൻപിടുത്തക്കാർക്ക് മനസ്സിലാവുന്ന രീതിയിൽ കാലാവസ്ഥാമുന്നറിയിപ്പുകൾ

നൽകണമെന്നതായിരുന്നു. ഹാർബറുകളിലെ സുരക്ഷയെപ്പറ്റിയും മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ ആവശ്യങ്ങളെപ്പറ്റിയും – ഉദാഹരണത്തിന് ജെട്ടിക്കോ ഹാർബറിനോ അടുത്ത് താമസത്തിന് ഡോർമെറ്ററികൾ, മറ്റു പൊതുശുചിത്വ നിലവാരം എന്നിവ – ശില്പശാലകൾ സംഘടിപ്പിക്കേണ്ടതുണ്ടെന്ന് പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. കൂടാതെ, കടൽസുരക്ഷ മെച്ചപ്പെടുത്താനും മീൻപിടുത്തക്കാരുടെ വർദ്ധിച്ച സംരക്ഷണത്തിനും നവീനസൗകര്യങ്ങളും ടെക്നോളജിയും ഉപയോഗപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

മത്സ്യത്തൊഴിലാളി സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ, സംസ്ഥാന ഫിഷറീസ് വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെയെല്ലാം പ്രതിനിധികൾ പങ്കെടുത്ത ശില്പശാലകൾ ഗൗരവമേറിയ ചർച്ചകളും വിവരങ്ങൾ പങ്കുവെക്കലും കൊണ്ട് വേറിട്ടതായി. പങ്കെടുത്തവരുടെ വൈവിധ്യവും പ്രാഗത്ഭ്യവും കൊണ്ട് കടൽസുരക്ഷ, സുസ്ഥിര മത്സ്യബന്ധനം എന്നീ മേഖലകളിൽ ചെറുകിട മീൻപിടുത്തക്കാർ നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സജീവവും ഫലപ്രദവുമായ വേദിയായി മാറി ഈ ശില്പശാല. ശില്പശാലയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് താഴെ കൊടുത്തിട്ടുള്ള ചാർട്ടുകൾ തയ്യാറാക്കിയത്.


പ്രവർത്തന ഉള്ളടക്കം
Poor 4%
Good 15%
Excellent 81%


സമയ ക്രമീകരണം
Poor 11%
Fair 18%
Good 25%
Excellent 46%


ഉപയോഗിച്ച രീതിയും അതിൻറെ സ്വാധീനവും – ഗ്രൂപ്പ് ചർച്ച
Fair 14%
Good 21%
Excellent 61%


ഉപയോഗിച്ച രീതിയും അതിൻറെ സ്വാധീനവും – വിശദീകരണ അവതരണങ്ങൾ
Fair 11%
Good 29%
Excellent 57%



## ശില്പശാല: കടൽസുരക്ഷ, ഫിഷറീസ് മാനേജ്മെന്റ് മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനവും ശേഷി വികസനവും

ഇൻറർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് (ICSF) ട്രസ്റ്റും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA) ചേർന്ന് ഒരു പരിശീലന, ശേഷി വികസന ശില്പശാല 2023 മാർച്ച് ഒന്നും രണ്ടും തീയതികളിൽ തൃശ്ശൂരിലെ കിലയിൽ വച്ച് സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ പല ജില്ലകളിൽ നിന്നായി 56 പേർ പങ്കെടുത്തു. ഈ രണ്ടു ദിവസത്തെ ശില്പശാല പ്രധാനമായും ഊന്നൽ കൊടുത്തത് പഞ്ചായത്ത് പ്രതിനിധികൾ, കേരള സർക്കാരിന്റെ ഫിഷറീസ് ഉദ്യോഗസ്ഥർ, CSOs, സമുദായ സംഘടനകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവരുടെയെല്ലാം ശേഷിവികസനത്തിലായിരുന്നു. ഊന്നൽ കൊടുത്ത മറ്റു മേഖലകൾ കടൽസുരക്ഷയും ഫിഷറീസ് മാനേജ്മെന്റും നയരൂപീകരണം നിയമനിർമ്മാണം, ചെറുകിട മീൻപിടുത്തക്കാരുടെ ജീവിതവും ഉപജീവനവും എന്നീ വിഷയങ്ങളിൽ SSF ഗൈഡ്ലൈൻസ് ആസ്പദമാക്കിയുള്ള ചർച്ചകൾ എന്നിവയായിരുന്നു. എല്ലാ സെഷനുകളിലും പാനലിലില്ലാത്ത വ്യക്തികളുടെ വിഷയാവതരണങ്ങളും പങ്കെടുത്തവർക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനായി ഗ്രൂപ്പ് ചർച്ചകളും ഉണ്ടായിരുന്നു.

ISBN 978-93-80802-96-1



സംഘാടകർ

ഇന്റർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ് (ICSF) ട്രസ്റ്റ് &

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)